Reg. No. M. 2293

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 || 1129 മകരം 14—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 ജനവരി 27 || ലക്കം 22

## ദിവ്യോപഹാരം

(ജയിംസ് കെ. സി മണിമല)

പ്രഭാമയമായ ഒരു സുപ്രഭാതം. പൂർവ്വദിക്കിൽ തങ്കരേഖകൾ വിരിഞ്ഞിളങ്ങി. ആകാശത്തിലെ നീരന്ധ്രനീലിമ അവിരളമായി മിന്നിത്തിളങ്ങി. പുഷ്പങ്ങൾ പുഞ്ചിരിതൂകി; പുല്ക്കൊടികൾ കണ്ണീരണിഞ്ഞു; ഉത്സാഹവും ഉജ്ജ്വലതയും തികഞ്ഞ ഒരു തേജഃപുഞ്ജമായി പ്രകൃതി അങ്ങനെ പരിലസിച്ചു.

* * *

ജറുസലേം നഗരവീഥിയിലൂടെ ദേവാലയത്തെ ലക്ഷ്യമാക്കി രണ്ടു വ്യക്തികൾ നടകൊള്ളുന്നു. ശ്മശ്രുപടലത്തിൽ രജതരേഖകൾ വീശിത്തുടങ്ങിയ ഒരു വന്ദ്യവയോധികനും, ഉഷസ്സിൻെറ സൗന്ദര്യം ഉടലെടുത്ത ഒരു സ്ത്രീരൂപവും. "അവരാരാണു്?" ഗാനം തളിരും തഴുകിവരുന്ന തൈത്തെന്നൽ ലോകത്തോടു ചോദിക്കുന്നു. നിശ്ശബ്ദത! പരമശാന്തമായ നിശ്ശബ്ദത.

"മഹാത്മൻ! അങ്ങാരാണു്?" ഈ അവിദഗ്ദ്ധതൂലികയും ഒന്നു ചോദിച്ചുകൊള്ളട്ടെ. മാന്യവായനക്കാരും ആ ചോദ്യം ഒന്നാവർത്തിക്കുക. ഉത്തരം കിട്ടുമോ എന്നു നമുക്കന്വേഷിക്കാം.

ആ വൃദ്ധൻ; അദ്ദേഹം ഒരു സാധാരണവ്യക്തിയാണു്. എങ്കിലും അസാധാരണമായ പലതിനും ദൃക്സാക്ഷിയാണു് ആ ധന്യാത്മാവു്. അദ്ദേഹം പരിമിതനാണു്; പക്ഷെ അപരിമേയൻെറ സംരക്ഷകനാണു്. ആ വൃദ്ധനേത്രങ്ങൾ കണ്ടിടത്തോളം ധന്യമായ കാഴ്ചകൾ ലോകം കണ്ടിട്ടില്ല. ആ ബലഹീനശരീരമാണ "നിത്യശക്തി"ക്കു താങ്ങായി നിലകൊള്ളുന്നതു്.

ആ യുവസുന്ദരി; അമർത്ത്യതയുടെ അമൂല്യഭണ്ഡാരം ലോകത്തിനു തുറന്നുകൊടുത്തതു് അവളുടെ മർത്ത്യശരീരമാണു്. നിത്യത്വത്തിൻെറ സജീവസൗന്ദര്യം ലോകത്തിനു് ഒരു നോക്കുകാണാൻ കഴിഞ്ഞതു് അവളിലൂടെയാണു്. ആഴിയുടെ അപാരതയിലും അന്തരിക്ഷത്തിൻെറ അമേയതയിലും ഒതുങ്ങാത്ത വ്യക്തിത്വത്തെ വഹിച്ചതാണു് അവളുടെ പവിത്രോദരം. കാലം അതിൻെറ കുതിച്ചുപായലിൽ ഒന്നു തിരിഞ്ഞുനിന്നു നമസ്കരിച്ചിട്ടുള്ളതു് ആ ചേവടിത്താരിണകളിൽ മാത്രമാണു്. അംബികേ! കന്യാത്വത്തിൻെറ കമനീയതയും മാതൃത്വത്തിൻെറ മഹനീയതയും ഒരുമിച്ചാവഹിച്ച അവിടത്തെ ഭാഗ്യപാരമ്യത്തിനു കോടാനുകോടി നമസ്കാരം.

അവളുടെ മൃണാളകോമളങ്ങളായ കരപല്ലവങ്ങളെ അലങ്കരിക്കുന്നുണ്ടു്, ഒരോമനശിശു. ആ കൊച്ചുമുഖത്തുനിന്നും പ്രസരിക്കുന്ന കിരണവീചികൾ പുലരിയുടെ പുതുമയിലും പുളകം ചാർത്തുന്നുണ്ടു്.

ആരു്? അനന്തതയിൽനിന്നു് ഇറങ്ങിവന്നു് അമ്മയുടെ കൈത്തണ്ടിൽ വിശ്രമിക്കുന്ന ആ അനുഗ്രഹദാതാവു്.

ആരു്; ആശയുടെയും, ആശ്വാസത്തിൻെറയും അവിരളസന്ദേശവുമായി ആ രാജവീഥിയിൽക്കൂടെ മുമ്പോട്ടുനീങ്ങുന്ന പ്രേമഗായകൻ.

ആരു്: ആദിയും അന്തവുമററ അപ്രമേയവ്യക്തിത്വത്തെ ശിശുത്വത്തിൻെറ നൈർമ്മല്യത്തിൽ സംഗ്രഹിച്ചുകളഞ്ഞ ആ കാരുണ്യസ്വരൂപൻ.

ഹാ! നാഥാ, വെറുമൊരു കൈക്കുഞ്ഞായി പ്രത്യക്ഷപ്പെട്ട അങ്ങാരാണെന്നു ലോകം ഒന്നറിഞ്ഞിരുന്നെങ്കിൽ!!!

ദേവാലയം— പാപത്തിൻെറ കറകൾ മായ്ച്ചുകളയുന്ന ശുദ്ധതയുടെ ശുദ്ധസ്ഥലം. അനശ്വരതയുടെ സന്ദേശം പ്രതിധ്വനിക്കുന്ന ആ സ്ഥലത്തു് അവർ പ്രവേശിച്ചു. ആ ദരിദ്രദമ്പതികൾക്കു തങ്ങളുടെ കടിഞ്ഞൂൽ പുത്രനോടൊന്നിച്ചു ജഗന്നാഥനു സമർപ്പിക്കുവാനുണ്ടായിരുന്നതു രണ്ടു ചെങ്ങാലികൾ മാത്രമായിരുന്നു. എങ്കിലും അവരുടെ പരമനിർമ്മലവും വിനീതവുമായ ഹൃദയങ്ങൾ ആ ഉപഹാരത്തിനു് എത്രയേറെ മഹത്വമേററിയില്ല? ലോകം നിസ്സാരമെന്നു കരുതി കണ്ണടച്ചുകളയുന്ന എന്തെന്തു ചെറിയ പ്രവൃത്തികൾ അനശ്വരവും അമൂല്യവുമായ പ്രതിസമ്മാനമർഹിക്കുന്നവയല്ല? ലോകദൃഷ്ടിയിൽ വിലപിടിപ്പുള്ള വസ്തുക്കളോ സച്ചിദാനന്ദൻെറ കൃപാവർഷത്തിനു മാനദണ്ഡം?

അല്ലെങ്കിൽ എന്തിനു് ഈ വൃഥാവിചിന്തനം? ആ ഓമനശ്ശിശുവിനെക്കാൾ ജഗന്നാഥനു പ്രസാദകരമായ കാഴ്ചദ്രവ്യം മറെറന്താണു്? അമേയവും അനൂനവുമായ ആ ദിവ്യോപഹാരത്തെനോക്കി നിമിഷങ്ങൾ പുളകംകൊള്ളുകയാവാം. വായുമണ്ഡലത്തിലെ കണ്ണെത്താവളവുകൾ താണ്ടിവരുന്ന ബാലാനിലൻ കന്നിമേരിയോടൊന്നിച്ചു് എത്രതവണ ഉണ്ണിയെ താലോലിച്ചിട്ടുണ്ടാവാം!

ആ ദേവാലയത്തിൽ ധ്യാനനിരതനായിരുന്ന ഒരു വൃദ്ധതാപസൻ കണ്ണുതുറന്നൊന്നു നോക്കി. അദ്ദേഹത്തിൻെറ ആശയുടെ പൊന്നിൻ കുമിളയിൽ ഉണ്ണിയുടെ തുവദനത്തിൽനിന്നു പ്രസരിച്ച ദിവ്യരശ്മികൾ തട്ടിത്തിളങ്ങി. അരുമക്കുഞ്ഞിനെ മാറോടണച്ചു ചുംബിച്ചുകൊണ്ടു് അദ്ദേഹം മൊഴിയുകയാണു്: "എൻെറ കണ്ണുകൾ ഭാഗ്യദീപം ദർശിച്ചു. ഇസ്രായേലിൻെറ വാഗ്ദത്തരക്ഷകനെ കരങ്ങളിൽ വഹിക്കുവാൻ സാധിച്ച ഈ വൃദ്ധൻ എത്ര ധന്യനല്ല; എനിക്കിനി മരണം എത്ര ആനന്ദദായകമല്ല!" ആ വാചകം കൃതാർത്ഥതയുടെയും കൃതജ്ഞതയുടെയും അലകൾ അന്തരിക്ഷത്തിൽ ഇളക്കിവിട്ടു. വായുമണ്ഡലത്തിലെ അണുക്കൾ ഓരോന്നും അതു് ഏററുപറഞ്ഞു പുളകംപൂണ്ടു.

ആ വൃദ്ധതാപസൻെറ കൈയിലിരുന്നു പിഞ്ചുകാലുകൾ ചലിപ്പിക്കുന്ന ഓമനക്കുഞ്ഞിനെ നോക്കി ജഗന്നാഥൻ ആനന്ദാശ്രുക്കൾ പൊഴിക്കുകയല്ലേ? ലോകം അതിൻെറ ഏററവും വലിയ നേട്ടങ്ങൾ ആ ദേവാലയത്തിൽ സമാഹരിക്കട്ടെ. അവയെല്ലാം ഉണ്ണിയുടെ പാലൊളിപ്പുഞ്ചിരിക്കുമുമ്പിൽ എത്ര നിഷ്പ്രഭങ്ങളല്ല.

നാഥാ! സ്നേഹസമ്പന്നനായ ദിവ്യനാഥാ കാലിത്തൊഴുത്തുമുതൽ കാൽവരിക്കുന്നുവരെ, നിത്യപിതാവിൻെറ മുമ്പിൽ ഒരു ദിവ്യോപഹാരമായിട്ടല്ലേ അവിടുന്നു പ്രത്യക്ഷപ്പെടുന്നതു്. ഇന്നും ഞങ്ങളുടെ ദേവാലയങ്ങളിൽ ഒരു ബലഹീനവൈദികൻെറ പാണിതലങ്ങളിൽ അങ്ങു പാപികളുടെ പരമനിർമ്മലമായ ഉപഹാരമായി ചമയുകയല്ലെ ചെയ്യുന്നതു്. ഹാ! അമേയവും, അചിന്ത്യവുമായ അവിടത്തെ കാരുണ്യാതിരേകത്തിൻെറ മുമ്പിൽ ആയിരമായിരം കൂപ്പുകൈകൾ അണിനിരക്കട്ടെ!

——



കോടിക്കുളം ഇടവകയിലെ മരിയസഖ്യം

മരിയസഖ്യാംഗങ്ങളിൽ 5 പേർ വൈദികപഠനത്തിനും 4 പേർ മഠങ്ങളിലേക്കും 6 പേർ മിഷൻ പ്രവർത്തനങ്ങൾക്കും പോയിട്ടുണ്ടു്.

## സ്റ്റാലിൻപൂജ നിശ്ശേഷം നിലച്ചു

ഓസ്ട്രേലിയൻ അഡ്വൊക്കെയ്ററുപത്രം ഒരു കുറിപ്പിൽ ഇങ്ങനെ പറയുന്നു: "സ്റ്റാലിൻെറ അച്ചന പൊടുന്നനവേ നിലച്ചിരിക്കയാണു്. പാർട്ടി പ്രഖ്യാപനങ്ങളിലെങ്ങും ആ നാമമേ കേൾപ്പാനില്ല. "ലനിൻെറ പിൻഗാമി" എന്നുള്ള അഭിധാനം മാത്രമാണു് വല്ലപ്പോഴും പറഞ്ഞു കേൾക്കുന്നതു്. സഖാവിൻെറ ഒരു ലഘുലേഖ ലോകത്തിലെ എല്ലാ ഭാഷകളിലും പ്രസിദ്ധപ്പെടുത്തിയിരുന്നതു് പാർട്ടിയുടെ പ്രമാണഗ്രന്ഥമായിട്ടാണു് അക്കാലത്തു കരുതപ്പെട്ടിരുന്നതു്. എല്ലാ മെമ്പറന്മാരുടെയും കൈവശം അതുണ്ടായിരിക്കണമെന്നുള്ളതു നിർബന്ധംപോലെയായിരുന്നു. അതിൻെറ ഉള്ളടക്കത്തിൻെറ വിവേകാധികൃതത്തെപ്പററിയുള്ള കീർത്തനങ്ങളേ കേൾക്കാനുണ്ടായിരുന്നുള്ളു. ഇന്നോ? സമസ്തവും അപ്രത്യക്ഷമായിരിക്കുന്നു. മോസ്കോയിൽ നടന്ന 19-ാം സമസ്ത സംഘടനാകോൺഗ്രസ്സിൻെറ പ്രഥമവാർഷികം ഈയിടെ ആരുമറിയാതെ കടന്നുപോയതേയുള്ളു. പ്രവ്ദ, ഇസ്വേസ്റ്റിയാ എന്ന പ്രമുഖ കമ്മ്യൂണിസ്റ്റുപത്രങ്ങൾ ഒററ അക്ഷരം അതേപ്പററി മിണ്ടിയില്ല. റുമേനിയായിലെ കോമിൻഫോം പത്രം മാത്രം അല്പമൊതുണ്ടു് പ്രസ്താവിച്ചിരുന്നു. "അനന്തരാവകാശി"യായ മലങ്കോവിൻെറ ഗുരുഭക്തിമൂലമാണിതെല്ലാം. ഗുരുപണത്തെല്ലാം അഴിച്ചുപണിയുന്നതിലാണു് ശിഷ്യൻ ഇപ്പോൾ ബദ്ധശ്രദ്ധനായിരിക്കുന്നതു്."

വിമർശനവീഥി

# കോൺഗ്രസ്സിനു വോട്ടുചെയ്യണമെന്നു കത്തോലിക്കാ പത്രങ്ങൾ

അടുത്തുവരുന്ന തിരുകൊച്ചി തിരഞ്ഞെടുപ്പിൽ കത്തോലിക്കർ കോൺഗ്രസ്സ് പാർട്ടിക്കുതന്നെയാണു വോട്ടുചെയ്യേണ്ടതെന്നു ഇവിടത്തെ കത്തോലിക്കാപത്രങ്ങൾ ഖണ്ഡിതമായി അഭിപ്രായപ്പെട്ടിരിക്കുന്നു. ആ അഭിപ്രായങ്ങളുടേയും അവയ്ക്കുള്ള കാരണങ്ങളുടേയും സംഗ്രഹം സത്യദീപം വായനക്കാരുടെ അറിവിനായി ചേർക്കുവാൻ ഞങ്ങൾക്കു സന്തോഷമുണ്ടു്.

## അപ്നാദേശ്

വോട്ടറന്മാരുടെ കത്തവ്യം ഈ തിരഞ്ഞെടുപ്പിൽ എന്താണെന്നു് അപ്നാദേശ് ഒരു മുഖപ്രസംഗത്തിൽ വിശദീകരിക്കുന്നു:—

ഇന്നു നമ്മുടെ സംസ്ഥാനത്തു പരമാത്ഥം പറയുകയാണെങ്കിൽ രണ്ടു രാഷ്ട്രീയകക്ഷികൾ മാത്രമേ ഉള്ളൂ—കോൺഗ്രസ്സും കമ്മ്യൂണിസ്റ്റും. പി. എസ്സ്. പി. എന്നു പറയുന്ന ഇവിടത്തെ പാർട്ടി കമ്മ്യൂണിസ്റ്റുകളുടെ പിണിയാളുകൾ മാത്രമാകുന്നു. കമ്മ്യൂണിസ്റ്റുകളുടെ വിധ്വംസക നടപടികളോടു വെറുപ്പുള്ള ആളുകളെ വഞ്ചിക്കുന്നതിനാണു് അവർ പി. എസ്സ്. പി. വേഷത്തിൽ അണിഞ്ഞൊരുങ്ങിയിരിക്കുന്നതു്. ഈ പി. എസ്സ്. പി. വഞ്ചന ക്രൈസ്തവഭൂരിപക്ഷമുള്ളിടത്താണു് അവർ പ്രയോഗിക്കുമാകുന്നതു്. നിമ്മതന്മാരും അസന്മാഗ്ഗികളുമായ കമ്മ്യൂണിസ്റ്റുകാർക്കു് ക്രിസ്ത്യാനികളുടെ വോട്ടു ലഭിക്കുക അത്ര എളുപ്പമല്ല. അതുകൊണ്ടു് അവർ ക്രൈസ്തവഭൂരിപക്ഷമുള്ളിടത്തു പി. എസ്സ്. പി. കളായി പ്രത്യക്ഷപ്പെടുന്നു. അതിനാൽ ക്രൈസ്തവവോട്ടറന്മാർ ഈ പി. എസ്സ്. പി. വഞ്ചന മനസ്സിലാക്കി തദനുസരണം പ്രവത്തിക്കേണ്ടതു് ഏററവും അത്യാവശ്യമാകുന്നു. തിരുകൊച്ചിയിലെ പി. എസ്സ്. പി കളും കമ്മ്യൂണിസ്റ്റുകാരും ഐക്യപ്പെട്ടതോടുകൂടി അവർ ഒന്നായി ലയിച്ചു ചേന്നിരിക്കുകയാണു്. അതുകൊണ്ടു് ഈ രണ്ടു കക്ഷികളും നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒന്നുതന്നെയാണെന്നു പറയുന്നതിൽ യാതൊരു അബദ്ധവുമില്ല. പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി, പുതുപ്പള്ളി, ഏഴുമററൂർ, റാന്നി തുടങ്ങിയ നിയോജകമണ്ഡലങ്ങളിൽ ഇടതുപക്ഷക്കാർ ക്രിസ്ത്യാനികളെത്തന്നെയാണു പി. എസ്സ്. പി. സ്ഥാനാത്ഥികളായി നിത്തിയിരിക്കുന്നതു്. ഇതു വളരെ ആലോചനാപൂവ്വം ചെയ്തിട്ടുള്ളതാണു്. ക്രിസ്ത്യാനികളുടെ വോട്ടു വിഭജിക്കുക—ഒരു വിഭാഗം ക്രിസ്ത്യാനികളുടേയും ഇടതുപക്ഷങ്ങളുടേയും വോട്ടുകൊണ്ടു ജയിക്കാമെന്നാണു് അവരുടെ പ്രതീക്ഷ. ഈ തന്ത്രം ക്രിസ്ത്യാനികൾ മനസ്സിലാക്കേണ്ടതു ഏററവും ആവശ്യമാണു്— ക്രിസ്ത്യാനിയെക്കൊണ്ടു ക്രിസ്ത്യാനിയെ നശിപ്പിക്കാൻ കരുപ്പിടിപ്പിച്ചിരിക്കുന്ന ഇടതുപക്ഷ രാഷ്ട്രീയതന്ത്രം.

## വർഗീയതയുടെ കെണിയിൽപ്പെടരുതു്

ഈ ഇടതുപക്ഷമുന്നണിയുടെ ഒരു തന്ത്രം വർഗ്ഗീയത കുത്തിപ്പൊക്കുക എന്നുള്ളതാണു്. ഇത്ര ഫലപ്രദമായ ഔഷധം മററാന്നില്ലെന്നു് അവർ അനുഭവംകൊണ്ടു മനസ്സിലാക്കിയിട്ടുണ്ടായിരിക്കണം. നായരേയും ക്രിസ്ത്യാനിയേയും തമ്മിലും കത്തോലിക്കരേയും അകത്തോലിക്കരേയും തമ്മിലും ബാവാകക്ഷിയേയും മെത്രാൻകക്ഷിയേയും തമ്മിലും ഭിന്നിപ്പിച്ചു് മുതലെടുക്കാൻ കാലേക്കൂട്ടി തയാറാക്കിയ പ്ലാൻ അനുസരിച്ചു് ഇവർ പ്രവത്തിക്കുന്നു. ഇവരുടെ കെണിയിൽ അകപ്പെടാതിരിക്കുവാൻ വോട്ടറന്മാർ പ്രത്യേകം സൂക്ഷിക്കേണ്ടതാണു്. മതവും രാഷ്ട്രവും തമ്മിൽ കൂട്ടിക്കുഴയ്ക്കാനാണു് ഇവർ ശ്രമിക്കുന്നതു്. ഭരണകൂടത്തിൽ മതം പ്രേരണ ചെലുത്തുന്നതു തെററാണെന്നു ഇവർ പരസ്യമായി പറയുന്നുണ്ടെങ്കിലും, അവർ ചെയ്യുന്നതു നായരെ സമീപിച്ചു ക്രിസ്ത്യാനിയെ സൂക്ഷിച്ചുകൊള്ളണമെന്നും, കത്തോലിക്കനെ സമീപിച്ചു അകത്തോലിക്കനെ സൂക്ഷിച്ചുകൊള്ളണമെന്നും, മെത്രാൻ കക്ഷിയെ സമീപിച്ചു ബാവാകക്ഷിയെ സൂക്ഷിച്ചുകൊള്ളണമെന്നുമാണു്. ചില ശുദ്ധാത്മാക്കൾ ഇവരുടെ ഈ പ്രസംഗത്തിൽ കഴമ്പുണ്ടെന്നു വിശ്വസിച്ചുപോകും.

അതിനാൽ കത്തിത്തിരിപ്പുനയവുമായി നിങ്ങളെ സമീപിക്കുന്ന ഇടതുപക്ഷനേതാക്കന്മാരുടെ വിഷലിപ്തമായ പഞ്ചസാരവചനങ്ങളിൽ നിങ്ങൾ ആകൃഷ്ടരാകരുതു്. ഇനിയും ഞങ്ങൾക്കു പറയുവാനുള്ളതു വോട്ടറന്മാരുടെ അനാസ്ഥയെ സംബന്ധിച്ചാണു്. ഇടതുപക്ഷങ്ങൾ വോട്ടുചെയ്യുന്നതിൽ എപ്പോഴും വളരെ ജാഗരൂകരാണു്. അവരുടെ ഒററ വോട്ടുപോലും നഷ്ടപ്പെടുത്തുകയില്ല. എന്നാൽ കോൺഗ്രസ്സുകാരെ, ഭൂതകാലാനുഭവം വച്ചുകൊണ്ടു നോക്കുകയാണെങ്കിൽ, വളരെ വോട്ടുകൾ പോൾ ചെയ്യാതെ നഷ്ടപ്പെടുത്തുന്നുണ്ടെന്നു സവ്യസനം പറയേണ്ടിയിരിക്കുന്നു. രാഷ്ട്രീയ വിജ്ഞാനരാഹിത്യം കൊണ്ടാണു നിരുത്തരവാദിത്വപരമായ ഈദൃശപ്രവൃത്തികൾ ചെയ്യുന്നതു്. നിങ്ങൾ ഒരു വോട്ടുചെയ്യാതിരിക്കുമ്പോൾ എതിർപക്ഷത്തിനു് ഒരു വോട്ടു കൂട്ടുകയാണു ചെയ്യുന്നതു്. ചിലപ്പോൾ നിങ്ങൾ ഒരാൾ വോട്ടുചെയ്യാത്തതുനിമിത്തമായിരിക്കാം പ്രതിപക്ഷം ജയിക്കാൻ ഇടയാകുന്നതു്. അതിനാൽ ഓരോ വോട്ടറുമാരും സമ്മതിദാനാവകാശത്തിന്റെ യഥാത്ഥവില മനസ്സിലാക്കി, കുഞ്ഞാടിന്റെ വേഷത്തിൽ വരുന്ന പി. എസ്സ്. പി. ക്കാരേയും മററും അവർ ആരാണെന്നു കണ്ടു കമ്മ്യൂണിസ്റ്റുകളെപ്പോലെ അവരേയും കരുതി, രാജ്യത്തെ ഏകവ്യവസ്ഥാപിതരാഷ്ട്രീയകക്ഷിയായ കോൺഗ്രസ്സിനു സവ്വ ആനുകൂല്യങ്ങളും നൽകി ഈ പ്രതിസന്ധിഘട്ടത്തിൽനിന്നും രാജ്യത്തെ രക്ഷിക്കണമെന്നു് ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

## സീററവിഭജനത്തിൽ കത്തോലിക്കരുടെ ഓഹരി

മുൻനിയമസഭാസാമാജികന്മാരായ രണ്ടു കത്തോലിക്കാമാന്യന്മാർ തിരഞ്ഞെടുപ്പുസംബന്ധിച്ചു് പ്രസിദ്ധംചെയ്തതായി ഒരു ഇടതുപക്ഷപത്രത്തിൽ കണ്ട പ്രസ്താവനയിൽ, തിരുകൊച്ചി കോൺഗ്രസ്സിന്റെപേരിൽ ആരോപിക്കപ്പെട്ട ഒരു കാറം, സീററവിഭജനത്തിൽ കത്തോലിക്കർക്കു് അവർ അർഹിക്കുന്ന ഓഹരി നിഷേധിക്കപ്പെട്ടു എന്നതാണു്:- "ഒരു ന്യൂനപക്ഷസമുദായമായ കത്തോലിക്കർക്കു് നിയമസഭയിൽ ന്യായമായ പ്രാതിനിധ്യം കിട്ടത്തക്കവണ്ണം കത്തോലിക്കാസ്ഥാനാത്ഥികളെ തെരഞ്ഞെടുക്കേണ്ടിയിരുന്നു എന്നാണു് ഞങ്ങളുടെ അഭിപ്രായം. തൃശ്ശൂർ ഡിസ്ട്രിക്ടിലും കോട്ടയം ഡിസ്ട്രിക്ടിലും മാത്രമേ കത്തോലിക്കർ അവർ അർഹിക്കുന്ന പ്രാതിനിധ്യം കിട്ടത്തക്കവിധം ജനങ്ങളുള്ളു. എന്നാൽ ഈ രണ്ടു ഡിസ്ട്രിക്ടുകളിലും കത്തോലിക്കർ അധികമുള്ള നിയോജകമണ്ഡലങ്ങളിൽപ്പോലും കത്തോലിക്കരെ സ്ഥാനാത്ഥികളായി തിരഞ്ഞെടുക്കാതെ മററു സമുദായാംഗങ്ങളെ നിത്തിക്കാണുന്നു. ചാലക്കുടി, കൊടകര, ആലങ്ങാട്ടു്, മട്ടാഞ്ചേരി, ഞാറയ്ക്കൽ മുതലായ നിയോജകമണ്ഡലങ്ങളിൽ തെരഞ്ഞെടുത്ത കോൺഗ്രസ്സ് സ്ഥാനാത്ഥികൾ ഇതിനു ഉദാഹരണങ്ങളാണു്."

ഈ ആക്ഷേപത്തിനു് അപ്നാദേശ് ഇങ്ങനെ മറുപടി പറഞ്ഞു:-

ആകെ 117 സീററുള്ളവയെ ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം എന്നു ജനസംഖ്യപ്രകാരം വിഭജിച്ചാൽ യഥാക്രമം 69,39,9 എന്നുവരും. ഇപ്പോൾ നിത്തിയിട്ടുള്ള 116 സീററുകൾ വിഭജിച്ചിട്ടുള്ളതു് ഹിന്ദു 72, ക്രിസ്ത്യൻ 38, മുസ്ലീം 6 എന്നാണു്. ഹിന്ദുവിനു 69-നു പകരം 72 കൊടുത്തതു വലിയ ഒരു കൂടുതലല്ല; ക്രിസ്ത്യാനിക്കു 39-നുപകരം ഒന്നുകുറച്ചു 38 ആയതും, ചില സാഹചര്യങ്ങളാലാണു്. മുസ്ലീങ്ങൾക്കു 6-ൽകൂടുതൽ സ്ഥാനങ്ങൾ നൽകാൻ സാധിക്കാത്തവണ്ണമാണു് നിയോജകമണ്ഡലസംഘടന വന്നിരിക്കുന്നതു്. കോട്ടയത്തു് 10 ഹിന്ദുസ്ഥാനങ്ങൾ കണക്കുകുറിച്ചാൽ വേണമെങ്കിലും 7 സ്ഥാനങ്ങൾ കിട്ടിയിട്ടുണ്ടു്; 3 സ്ഥാനങ്ങൾ കുറഞ്ഞു. എന്നാൽ കൊല്ലത്താവട്ടെ, ഹിന്ദുവിനു് 25 സീററുകിട്ടേണ്ടതിനു പകരം 30 സീററും, 10 നു പകരം 6 മാത്രം ക്രിസ്ത്യാനികൾക്കു; തൃശ്ശൂർ ക്രിസ്ത്യാനിക്കു 10-നു 10-ം, കോട്ടയത്തു 12-നു 16-ം കിട്ടി.

## മലബാർമെയിൽ

അടുത്ത തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് പാർട്ടിക്കാണു വോട്ടുചെയ്യേണ്ടതെന്നു ഉദ്ബോധിപ്പിച്ചു് മലബാർമെയിലും മുഖപ്രസംഗങ്ങളെഴുതിയിരുന്നു. അവയിൽ പറഞ്ഞിരിക്കുന്നതിങ്ങനെയാണു്:-

അടുത്ത പൊതുതിരഞ്ഞെടുപ്പിൽ മതത്തേയും സദാചാരത്തേയും മാനിക്കുന്നവർ സ്വീകരിക്കേണ്ട നിലപാടു് എന്തായിരിക്കണമെന്നതിനെപ്പററി യാതൊരു സംശയത്തിനും വഴിയില്ലാത്തവിധം സ്ഥിതിഗതികൾ വ്യക്തമായ രൂപം കൈക്കൊണ്ടുകഴിഞ്ഞിട്ടുണ്ടു്. കോൺഗ്രസ്സ് പാർട്ടിയോടു ആശേപരമായി കുറെയെങ്കിലും സമീപമുള്ളതായി പരിഗണിക്കപ്പെട്ടിരുന്ന പ്രജാസോഷ്യലിസ്റ്റ് പാർട്ടി കമ്മ്യൂണിസ്റ്റുകാരുമായി കൂട്ടുകെട്ടിലേപ്പെട്ടിരിക്കുന്നതായിക്കാണുന്ന സ്ഥിതിക്കു് ആ പാർട്ടിയെ സംബന്ധിച്ചു് എന്തുനിലയാണു സ്വീകരിക്കേണ്ടതെന്ന പ്രശ്നമേ ഉദിക്കുന്നില്ല. കോൺഗ്രസ്സ് പാർട്ടി ഈ തിരഞ്ഞെടുപ്പിൽ വിജയം വരിക്കുന്നില്ലെങ്കിൽ എന്തായിരിക്കും ഫലമെന്നു് ചിന്താശീലന്മാർക്കു് മനസ്സിലാക്കുവാൻ വിഷമമില്ല. കമ്മ്യൂണിസ്റ്റ് ആധിപത്യത്തിലുള്ള ഒരു ഭരണകൂടം സ്ഥാപിക്കാനിടവരും. കോൺഗ്രസ്സുപാർട്ടിയിൽപ്പെട്ട ചിലരുടെ പൊതുപ്രവത്തനങ്ങളിലുള്ള അസംതൃപ്തിയെ ആധാരമാക്കി വിധ്വംസകഘടകങ്ങളെ പ്രോത്സാഹിപ്പിക്കുന്നവർ തങ്ങളുടേയുംകൂടി നാശത്തിനു യത്നിക്കുകയായിരിക്കും ചെയ്യുന്നതു്.

പൊതുതിരഞ്ഞെടുപ്പിനു കോൺഗ്രസ് പാർട്ടിയിൽനിന്നും 115 സീററുകളിൽ നിത്തിയിട്ടുള്ള സ്ഥാനാത്ഥികളുടെ ലിസ്റ്റ് പരിശോധിച്ചാൽ അതു തീരെ ആക്ഷേപരഹിതമായ ഒന്നാണെന്നു പറയുവാൻ സാദ്ധ്യമല്ലെങ്കിലും, എല്ലാ താല്പയ്യങ്ങളും അഭിപ്രായങ്ങളും ആദരിച്ചു പ്രവത്തിക്കുവാൻ സ്ഥാനാത്ഥിനിണ്ണയച്ചുമതല വഹിച്ചിരുന്നവർ ആത്മാത്ഥമായിത്തന്നെ യത്നിച്ചിട്ടുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. കോൺഗ്രസ്സ് പാർട്ടിയും കോൺഗ്രസ്സിനെ പരാജയപ്പെടുത്തുവാൻ ഒരു തിരഞ്ഞെടുപ്പുസഖ്യത്തിലോ തിരഞ്ഞെടുപ്പുധാരണയിലോ ഏത്തിച്ചേന്നിരിക്കുന്ന ഇടതുപക്ഷങ്ങളും തമ്മിലായി

(ശേഷം 11-ാംപേജിൽ)

## In Loving Memory of



Late Mrs. Mariam Joseph Thayil who left for eternal reward on the 27th Dec. 1953

Mercyful Lord, grant her eternal rest

By her grieving sons & daughters

## പ്രയോജനകരങ്ങളായ ചില ഗ്രന്ഥങ്ങൾ

(ഗ്രന്ഥകത്താ: ഫാദർ മാത്യു നടയ്ക്കൽ)

1. "എന്റെ ചിത്രം" എളിമ, പരസ്നേഹം, പരിത്യാഗം, മിഷൻപ്രവത്തനം, ബന്ധവിമോചനം, ബന്ധവിമോചനങ്ങളുള്ള ചില സുകൃതജപങ്ങൾ, ഭക്തകൃത്യങ്ങൾ, മുദ്രാവാക്യങ്ങൾ, മാച്ചിങ്ങ് ഗാനങ്ങൾ, കൊന്തസഭ, ഉത്തരീയസഭ, ദിവ്യബലിയിൽ സംബന്ധിക്കേണ്ടവിധം, രോഗികളുടെ ദിവ്യകാരുണ്യസ്വീകരണം, കുടുംബപ്രതിഷ്ഠ, മരിയസഖ്യം, ജപാപ്പസ്തോലസഖ്യം, വേദപ്രചാരസംഘം, സി. ഇ. സി., തിരുബാലസംഘം, വിൻസെന്റു ഡിപോൾ, ലീജിയൻ, തുടങ്ങിയ പ്രധാനപ്പെട്ട ഭക്തസംഘടനകൾ, ആചാരമര്യാദകൾ, എന്നിങ്ങനെയുള്ള അനേകം വിഷയങ്ങളെ പ്രായോഗികരീതിയിൽ പ്രതിപാദിച്ചിരിക്കുന്ന അതിവിശിഷ്ടമായ ഒരു ഗ്രന്ഥം. 'ആക്കും കൈയിൽ സൂക്ഷിക്കാവുന്ന ഒരു ചെറിയ എൻസൈക്ലോപീഡിയാ.' ഡോ. എൽ. ജെ. ചിററൂർ. വില രൂ 1.

2. "കുട്ടികളുടെ കർബാന" വില 2ണ.

സെന്റു് ജോസഫ്സ് പ്രസ്സ്, മാന്നാനം. or മൂക്കന്നൂർ എസ്. എച്ച്. ഓർഫനേജ് ഡിപ്പോ, എറണാകുളം എന്നീ വിലാസത്തിൽ ആവശ്യപ്പെടുക.

മഹത്തായ നമ്മുടെ രാഷ്ട്രത്തിനു വേണ്ടി

നിങ്ങളാം ഒരു ബാങ്കിൽ പണം നിക്ഷേപിക്കുന്നതു് സൗകര്യവും സുരക്ഷിതത്വവും കരുതിയാണു്. ആവശ്യപ്പെടുമ്പോൾ പണം തിരികെ ലഭിക്കണം. അതോടൊപ്പംതന്നെ നിങ്ങളുടെ പണം രാജ്യനന്മയ്ക്കുകൂടി ഉപകരിച്ചാൽ കൊള്ളാമെന്നു് ആഗ്രഹിക്കുന്നു.

ഓറിയന്റു സെൻട്രൽ ബാങ്കിൽ നിക്ഷേപിക്കുന്ന പണം ഈ നാട്ടിലെ വാണിജ്യവ്യവസായങ്ങളുടെ പുരോഗമനത്തിനു സഹായകരമായി വിനിയോഗിക്കപ്പെടുന്നു. വാണിജ്യവ്യവസായങ്ങളുടെ പുരോഗമനം സാധനദൗർലഭ്യം കുറയ്ക്കുകയും തൊഴിലില്ലായ്മ പരിഹരിക്കുകയും ചെയ്യുന്നു. തൊഴിലില്ലായ്മയും സാധനദൗർലഭ്യവും നിർമ്മാർജ്ജനം ചെയ്തു് മഹത്തായ നമ്മുടെ രാഷ്ട്രത്തിൽ സമൃദ്ധിയും സുഭിക്ഷതയും കൈവരുത്തുന്നതിനു് നിങ്ങളുടെ പണം

ഓറിയന്റ് സെൻട്രൽ ബാങ്കിൽ നിക്ഷേപിക്കുക

ഹെഡ്ആഫീസ്:- കോട്ടയം

ബ്രാഞ്ചുകൾ

ഈരാററുപേട്ട, കുമരകം, പാമ്പാടി, എറണാകുളം, കോതമംഗലം, പിറവം, എരുമേലി, കൂട്ടിക്കൽ, പൂവരണി, കാളകെട്ടി, വടക്കൻപറവൂർ, തൊടുപുഴ, കോട്ടയം, പാലാ, തിരുവല്ല, വൈക്കം

ചെറുകഥ

# "മകനേ, അവരെ വിശ്വസിക്കല്ലേ.....!"

(മാത്യു സി. വെള്ളത്തേടത്ത്)

ശാന്തിയും സമാധാനവും കൈകോർത്തുപിടിച്ചു നൃത്തമാടുന്ന ഒരു കൊച്ചുകുടുംബം. വേണുവാണ് ആ കുടുംബത്തിന്റെ അധിപൻ. കറമ്പി വേണുവിന്റെ മാതാവ്, ലക്ഷ്മി ഭാര്യയും. അങ്ങനെ മൂന്നുപേരടങ്ങിയ ആ കൊച്ചുകുടുംബം സംതൃപ്തിയുടെ മടിത്തട്ടിൽ ജീവിക്കുകയാണ്. സുഖത്തിന്റെ സുന്ദരശയ്യയിൽ ആനന്ദത്തിന്റെ മുന്തിരിച്ചാറു കുടിച്ചനവരതം വാഴുവാനുള്ള സമ്പൽസമൃദ്ധി ആ കുടുംബത്തിനില്ല. വേണുവാണെങ്കിൽ പാവപ്പെട്ട ഒരു ഫാക്ടറി തൊഴിലാളി. കറമ്പിയും ലക്ഷ്മിയും വീട്ടിലിരുന്ന് തൊണ്ടുതല്ലി കയറുപിരിച്ചു വില്ക്കും. അങ്ങനെ മൂന്നുപേരുടെ അക്ഷീണയത്നവും നിരന്തരപരിശ്രമവും കാരണം പട്ടിണി ആ കുടിലിലേക്കെത്തിനോക്കുക സാധാരണയല്ല.

വേണുവിന്റെ പിതാവു മരിച്ചതിൽ പിന്നീട് വർഷങ്ങളഞ്ചു കടന്നുപോയി. നിശ്ശബ്ദമായ ഏകാന്തതയിൽ, ഓർമ്മകളെ കെട്ടിപ്പിണഞ്ഞുകിടക്കുന്ന ചരട് അവൻ മെല്ലെമെല്ലെ അഴിക്കാറുണ്ട്. വേദനയുണ്ടാക്കുന്ന നിരവധി ചിത്രങ്ങൾ അപ്പോൾ അവന്റെ മനസ്സിൽ ഒന്നൊന്നായി വന്നുനിരന്നു തുടങ്ങും. അന്ന് അവനു കഷ്ടിച്ചു പതിനഞ്ചു വയസ്സുപ്രായം കാണും, അവന്റെ പ്രിയപ്പെട്ട പിതാവ് ഈ ലോകത്തോടു യാത്ര പറയുമ്പോൾ. അഞ്ചു വർഷങ്ങൾക്കു മുൻപു നടന്ന ആ സംഭവത്തെപ്പറ്റിയുള്ള സ്മരണ ഇന്നും അവന്റെ ഹൃദയഭിത്തികളിൽ വേദനയുടെ വിടവുകൾ സൃഷ്ടിക്കുന്നുണ്ട്. മെഷീൻഗണ്ണിൽനിന്നും ചീറിപ്പാഞ്ഞുവന്ന വെടിയുണ്ടയേറ്റ് അടക്കവാനാവാത്ത വേദനയുടെ വിങ്ങിപ്പൊട്ടലുമായി രക്തമൊലിപ്പിച്ചുകൊണ്ട് ആ സമരരംഗത്തുനിന്നും വീട്ടിലേക്കോടിവന്ന പിതാവിന്റെ ദയനീയരൂപം ഇന്നും അവന്റെ ഹൃദയത്തിൽ മായാതെ പതിഞ്ഞുകിടപ്പുണ്ട്.

വയലാറിൽ വെടിവയ്പു നടക്കുന്ന കാലം. രാമൻ—അതായിരുന്നു വേണുവിന്റെ അച്ഛന്റെ പേര്—തൊഴിലാളിസംഘടനയിലെ ഒരു സജീവപ്രവർത്തകനായിരുന്നു. കമ്മ്യൂണിസ്റ്റ് നേതാക്കളുടെ വഞ്ചനനിറഞ്ഞ വാക്കുകളിൽ വിശ്വസിച്ച് അയാളും സമരരംഗത്തിറങ്ങി. തൊഴിലാളികൾ അണിയണിയായി പട്ടാളക്കാരുടെ മുൻപിൽ നിരന്നു. പക്ഷെ, പട്ടാളം വെടിവെക്കുമെന്നു തീർച്ചയായപ്പോൾ നേതാക്കളെല്ലാം പമ്പകടന്നു. പാവപ്പെട്ടവരും അജ്ഞരുമായ തൊഴിലാളികൾ വാരിക്കുന്തങ്ങളുമായി പട്ടാളത്തോടെതിരിട്ടു. തോക്കിന്റെയും ലാത്തിയുടേയും മുൻപിൽ, വാരിക്കുന്തവും അരിവാളുമെല്ലാം അസ്തപ്രജ്ഞങ്ങളായി. ചീറിപ്പാഞ്ഞുവന്ന വെടിയുണ്ടകളേറ്റ് ഓരോ തൊഴിലാളിയും നിലംപതിച്ചു. രാമന്റെ മാറിലും ഒരു വെടിയുണ്ട പാഞ്ഞുകയറി. ഹൃദയത്തിന്റെ ഉള്ളറകൾ പൊട്ടിയൊഴുകുന്ന രക്തവുമായി അയാൾ സ്വന്തം വീട്ടിലേക്കോടി. വേണു ആ രംഗം വീണ്ടും ഓർക്കുകയാണ്. അച്ഛൻ മരണശയ്യയിൽവെച്ചു പറഞ്ഞ വാചകങ്ങൾ ഇന്നും അവന്റെ കാതുകളിൽ അലയടിക്കുന്നുണ്ട്. "മകനേ, അവരെ വിശ്വസിക്കല്ലേ; അവർ കള്ളപ്പരിഷകളാണ്. ഞങ്ങളെ പട്ടാളത്തിനു കാഴ്ചവെച്ചിട്ട് അവർ കടന്നുകളഞ്ഞു..." വേണുവിന്റെ സ്മരണാമണ്ഡലത്തിൽനിന്നും ഒരിക്കലും മാഞ്ഞുപോകാത്തവണ്ണം അത്രമാത്രം മാസ്മരശക്തി ഉൾക്കൊണ്ടവയായിരുന്നു ആ വാചകങ്ങൾ.

അച്ഛന്റെ മരണശേഷമാണ് വേണു ജീവിതമെന്തെന്നറിയുവാൻ തുടങ്ങിയത്. പരുപരുത്ത ജീവിതയാഥാർത്ഥ്യങ്ങളും പരീക്ഷണഘട്ടങ്ങളും അവനെ വീർപ്പുമുട്ടിക്കുവാൻ തുടങ്ങി. പ്രയാസങ്ങളുടെ ഉഷ്ണതയിൽ ദാരിദ്ര്യത്തിന്റെ പൊരിവെയിലേറ്റ് അവൻ പല പ്രാവശ്യം നട്ടം തിരിഞ്ഞിട്ടുണ്ട്. പക്ഷേ പരിശ്രമത്തിന്റെ കൊച്ചുതോണിയിലേറി പ്രതിബന്ധങ്ങളുടെ കൊച്ചോളങ്ങളെ മുറിച്ചുമുറിച്ച് അവൻ മുമ്പോട്ടുപോയി. അങ്ങനെ വേണു ഇന്നത്തെ നിലയിലായി.

സമൃദ്ധിയുടെ തേട്ടലുകൾ വേണുവിന്റെ ആ കൊച്ചുകുടിലിൽ അലയടിക്കാറില്ല. പക്ഷേ പട്ടിണിയുടേയും പരിഭവത്തിന്റെയും കരിപുരണ്ട നിഴലുകൾ ആ ഭവനത്തിന്റെ അന്തരീക്ഷത്തിൽ മാലിന്യം കലർത്തുന്നില്ല. വാത്സല്യനിധിയായ മാതാവ്. സ്നേഹമതിയായ ഭാര്യ. വേണുവിന്റെ ജീവിതവിഹായസ്സിലെ വെള്ളിനക്ഷത്രങ്ങളാണവരിരുവരും. സ്നേഹത്തിന്റെ മണിത്തേരിലേറി, സമാധാനത്തിന്റെ കുസുമാഢ്യവീഥിയിലൂടെ ആ കൊച്ചുകുടുംബം മുന്നോട്ടുപോയി.

സംഭവങ്ങളുടെ തീവ്രതയിൽ ക്രൂരി കാലം മുന്നോട്ടുനീങ്ങുകയാണ്. ഒരു ദിവസം വേണുവിന്റെ വീട്ടിലേക്ക് അപ്രതീക്ഷിതമായി രണ്ടുപേർ കയറിവന്നു. വേണുവിനു പരിചയമുണ്ട് അവരെ രണ്ടുപേരെയും. ഫാക്ടറി തൊഴിലാളിയൂണിയൻ പ്രസിഡന്റാണ് ഒരാൾ, മറ്റെയാൾ സെക്രട്ടറിയും. വേണുവിനെ പലപ്പോഴും അവർ നിർബന്ധിച്ചിട്ടുണ്ട് തൊഴിലാളിയൂണിയനിൽ ചേരുവാൻ. പക്ഷെ വേണു മനഃപൂർവ്വം അതിൽനിന്നൊഴിഞ്ഞുമാറുകയാണ് ചെയ്തിട്ടുള്ളത്. പിതാവിന്റെ അന്ത്യവചനങ്ങൾ അവന്റെ കാതുകളിൽ എപ്പോഴും മാറ്റൊലിക്കൊള്ളുന്നുണ്ട്. വേണു ആദരവോടെ സ്വീകരിച്ചിരുത്തി. സെക്രട്ടറിയാണ് ആദ്യമായി സംസാരമാരംഭിച്ചത്. "മിസ്റ്റർ വേണു, നിങ്ങൾമാത്രം ഇങ്ങനെ പാർട്ടിയിൽനിന്നൊഴിഞ്ഞുനില്ക്കുന്നതു ശരിയല്ല. നമ്മുടെ വിജയത്തിന് എല്ലാവരുടേയും സഹകരണമത്യാവശ്യമാണ്."

"സ്നേഹിതാ, ഞാൻ പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ് ഞാൻ പാർട്ടിയിൽ ചേരുന്നില്ലെന്ന്. പിന്നെയും നിങ്ങളെന്നെ ഇങ്ങനെ നിർബന്ധിക്കുന്നതു ശരിയല്ല. ഇങ്ങനെയുള്ള വിധ്വംസകപ്രസ്ഥാനങ്ങളിലെങ്ങും എനിക്കഭിപ്രായമില്ല. തന്നെയുമല്ല നിങ്ങൾ ഇപ്പോൾ തുടങ്ങുവാനുദ്ദേശിക്കുന്ന പണിമുടക്ക് ഒരിക്കലും ആവശ്യമുള്ളതുമല്ല. ഇപ്പോൾ നമുക്ക് ന്യായമായ കൂലി കിട്ടുന്നുണ്ടല്ലോ." വേണു പറഞ്ഞു.

"ന്യായമായ കൂലി......!" പ്രസിഡന്റ് നെറ്റിചുളിച്ചുകൊണ്ടു പറഞ്ഞു. "ഇതാണോ വേണു ന്യായമായ കൂലി? റഷ്യയിൽ ഒരു തൊഴിലാളി ജീവിക്കുന്നതെങ്ങനെയാണെന്നറിയാമോ? അതിന്റെ നൂറിലൊരംശം ജീവിതസൗകര്യങ്ങൾ ഇവിടത്തെ തൊഴിലാളികൾക്കില്ല. വാസ്തവത്തിൽ നാമെല്ലാം മായന്മാരാണ്. നമ്മുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ നാം മുന്നിട്ടിറങ്ങുന്നില്ല. അത്രയ്ക്കു നാം അധഃപതിക്കുകയുമാണ്."

വേണു തുടർന്നു: "നാമെന്തിനു അധികമാഗ്രഹിക്കുന്നു? അർഹിക്കുന്നതിൽ കൂടുതൽ ആഗ്രഹിക്കുന്നതു തെറ്റാണ്. മുതലാളിയുടേതു മുഴുവൻ കൈയടക്കണമെന്നാശിക്കുന്നതന്യായമാണ്. ആ സംരംഭത്തിൽ നാം വിജയികളാകുമെന്നെനിക്കു വിശ്വാസവുമില്ല."

"അതാണു തെറ്റ്. നിങ്ങൾക്കു ശുഭാപ്തിവിശ്വാസമില്ല. നിങ്ങൾ പറയുന്നു നാമൊന്നും അർഹിക്കുന്നില്ലെന്ന്. പിന്നെ ആരാണിതർഹിക്കുന്നതു? നാം വിയർപ്പൊഴുക്കി ചിന്തുന്നതു, അദ്ധ്വാനിച്ചുവശരാകുന്നതു, മുതലാളിയുടെ കുംഭ വീർപ്പിക്കുവാനല്ല, നമുക്കു സുഖമായി ജീവിക്കുവാൻ......" നേതാവ് ഒരു ചെറുപ്രസംഗംതന്നെ നടത്തി.

വേണു അസ്വസ്ഥനായി. അവന്റെ മസ്തിഷ്കം ചൂടുപിടിച്ചു. ബുദ്ധിയിൽ പരസ്പരവിരുദ്ധങ്ങളായ ചിന്തകളുടെ ഒരു സംഘട്ടനം നടന്നു. പിതാവിന്റെ അന്ത്യവചനം ഒരുവശത്തു, നേതാവിന്റെ നിർബന്ധവും അവകാശസംരക്ഷണത്തിനുവേണ്ടിയുള്ള വ്യഗ്രതയും മറുവശത്തു. അവൻ വിഷമിച്ചു. വികാരങ്ങളുടെ തിരത്തള്ളലുകൾ അവന്റെ ഹൃദയത്തിൽ വേലിയേറ്റമുണ്ടാക്കി. അവസാനം ഒന്നു നിശ്ചയിച്ചു. പാർട്ടിയിൽ ചേരുവാൻതന്നെ. വേണു അവർക്കുറപ്പുനൽകി. പാർട്ടിയിൽ ചേരുവാനുള്ള പ്രവേശനഫീസ് രണ്ടു രൂപായുംവാങ്ങി നേതാക്കൾ യാത്രപറഞ്ഞു പിരിഞ്ഞു.

ദിവസങ്ങൾ, ആഴ്ചകൾ, മാസങ്ങൾ അങ്ങനെ കാലം മുന്നോട്ടു നീങ്ങുകയാണ്. വേണുവും മറ്റു തൊഴിലാളികളും ഇന്നു സംഘടനയിലെ അംഗങ്ങളാണ്. പക്ഷെ നേതാക്കളുടെ പെട്ടെന്നുള്ള ഒരു നിശ്ചയം തൊഴിലാളികളിൽ പലർക്കും ഹിതകരമായി തന്നില്ല. ഉടൻ പണിമുടക്കു നടത്തണമെന്ന് നേതാക്കന്മാർ തൊഴിലാളികളോടാവശ്യപ്പെട്ടു. വേണുവും മറ്റു ചില തൊഴിലാളികളും നേതാവിനെ ചെന്നുകണ്ട് പണിമുടക്കിപ്പോൾ തുടങ്ങരുതെന്നഭ്യർത്ഥിച്ചു. പക്ഷെ നേതാവിന്റെ തത്വശാസ്ത്രത്തിന്റെ മുൻപിൽ വേണുവിന്റെ യുക്തിവാദം നിഷ്പ്രഭമായിത്തീരുകയാണുണ്ടായതു്. തൊഴിലാളികളിൽ ഭൂരിപക്ഷവും പണിമുടക്കിനു തയ്യാറായി. വേണുവും നിവൃത്തിയില്ലാതെ അവരോടു ചേർന്നു.

ദിവസങ്ങൾ കഴിയുന്തോറും പണിമുടക്കിന്റെ ശക്തി കൂടിക്കൂടിവന്നു. പക്ഷെ പാവപ്പെട്ട തൊഴിലാളികൾ പട്ടിണിയുടെ പട്ടടയെ സമീപിക്കുകയായിരുന്നു മെല്ലെമെല്ലെ. വേണു കുഴങ്ങി. അവന്റെ പ്രിയപ്പെട്ട മാതാവ് രോഗശയ്യയിലായി. ഭാര്യ ഗർഭിണിയും. പണിയില്ലാത്തതുകൊണ്ട് പട്ടിണി താണ്ഡവനൃത്തം ചവിട്ടുകയാണ് അവന്റെ ഭവനത്തിൽ. വേണു കുഴങ്ങി. അമ്മയ്ക്കു മരുന്നുവാങ്ങുവാൻ നാലുപൈസ കൈയിലില്ല. അവൻ നേതാവിനെ ചെന്നുകണ്ട് സ്ഥിതിഗതികൾ അയാൾക്കു മനസ്സിലാക്കിക്കൊടുത്തു. നേതാവുറപ്പുനൽകി, രണ്ടുദിവസത്തിനകം ഒരൊത്തുതീർപ്പുണ്ടാകുമെന്ന്. വേണു ഒരുദിവസം കൂടി കാത്തിരുന്നു. അവന്റെ മാതാവിന്റെ രോഗം വർദ്ധിച്ചുകൊണ്ടേയിരുന്നു. യാതൊരു മാർഗ്ഗവുമില്ല പണത്തിന്. ക്ഷമയെന്ന മഹാഗ്രന്ഥത്തിന്റെ ഏടുകൾ മുഴുവൻ അവൻ വായിച്ചുതീർത്തിരുന്നു. ഒരു ഭ്രാന്തനെപ്പോലെ വേണു നേതാവിന്റെ പക്കലേക്കോടി. ഒരുനിമിഷത്തിനുള്ളിൽ അവൻ നേതാവിന്റെ വസതിയിലെത്തി. അയാളുടെ മുറി അകത്തുനിന്നു പൂട്ടിയിരിക്കുകയാണ്. ഉള്ളിൽ പൊട്ടിച്ചിരിയും ബഹളവും!! വേണു കതകിൽ മുട്ടി. കതകു തുറക്കപ്പെട്ടു. അവൻ ആകെയൊന്നു ഞെട്ടി. പ്രസിഡന്റും സെക്രട്ടറിയും, മറ്റു ചില നേതാക്കളും. എല്ലാവരും കുടിച്ചുകുടിച്ചു മറിയുകയാണ്. മദ്യത്തിന്റെ മാദകത്വം നിറഞ്ഞ പൊട്ടിച്ചിരികളാൽ ആ അന്തരീക്ഷം മുഖരിതമായിരുന്നു.

വേണു പറഞ്ഞു: "ഞാൻ വന്നതു് ഒരത്യാവശ്യകാര്യം പറയുവാനാണ്. എന്റെ അമ്മ തീരെ സുഖമില്ലാതെ കിടക്കുന്നു. ചികിത്സിക്കുവാൻ ഒരു മാർഗ്ഗവുമില്ല തല്ക്കാലം ഒരഞ്ചുരൂപാ തരണം."

"എടോ, എവിടുന്നു തരാനാണ്, എന്റെ കൈയിൽ പണമുണ്ടോ?" യൂണിയൻ പ്രസിഡന്റു ചോദിച്ചു.

"നിങ്ങളുടെ കൈയിൽനിന്നു വേണമെന്നില്ല. സംഘടനയ്ക്കു ഫണ്ടുണ്ടല്ലോ. ഫണ്ടിൽനിന്നെടുത്തു തന്നാൽ മതി." വേണു വിനീതനായി പറഞ്ഞു.

"ഫണ്ട്! താൻ അവകാശവും പറഞ്ഞു വന്നിരിക്കുകയാണ്. എടോ, ഫണ്ട് ഇങ്ങനെ ഓരോരുത്തർക്കു കൊടുത്തുതീർക്കുവാനുള്ളതല്ല. തല്ക്കാലം വേറെ ആരോടെങ്കിലും പോയി ചോദിക്ക്." നേതാവ് അലക്ഷ്യമായി പറഞ്ഞു.

"വേറെ ആരോടു ചോദിക്കാനാണ്. ഇപ്പോൾ ആരുടേയും കൈയിൽ പണമില്ലാത്ത അവസരമാണ്. നിങ്ങൾ ദയവായി എന്നെ സഹായിക്കണം." വേണു തന്റെ ദയനീയത വെളിപ്പെടുത്തി.

"എടോ, പണമില്ലെന്നല്ലേ പറഞ്ഞതു്. ശല്യം, അസമയത്തുപദ്രവിക്കുവാൻ വന്നിരിക്കുന്നതു കണ്ടില്ലേ? ഗറ്റ് ഔട്ട്!" പ്രസിഡന്റ് ഗർജ്ജിച്ചു.

"എന്താണു പണമില്ലാതെ പോയതു്, ഞാൻതന്നെ പലപ്രാവശ്യമായി പത്തുപതിനഞ്ചു രൂപയോളം ഫണ്ടിലേക്കു സംഭാവന ചെയ്തിട്ടുണ്ടല്ലോ. അതിൽനിന്നും ഒരഞ്ചുരൂപായേ ഞാനാവശ്യപ്പെടുന്നുള്ളൂ..." വേണു വീണ്ടും ദയനീയത വെളിപ്പെടുത്തി.

"തന്റെ അവകാശവാദം! ഗറ്റ് ഔട്ട്!!" പ്രസിഡന്റ് അലറി.

അപ്രതീക്ഷിതമായ ഒരാഘാതമേറ്റപോലെ വേണു ഞെട്ടി. അവൻ നിരാശയുടെ അഗാധഗർത്തത്തിലാണ്ടുപോയി. വികാരങ്ങളുടെ ശക്തിയായ കൊടുങ്കാറ്റ് അവന്റെ ഹൃദയഭിത്തികളിൽ ഉലച്ചിലുണ്ടാക്കി. പക്ഷെ പ്രതികാരത്തിന്റെ അഗ്നിജ്വാലകൾ അവന്റെ ഉള്ളിൽ ആളിക്കത്തുവാൻ തുടങ്ങി. കോപവും താപവും കലർന്ന സ്വരത്തിൽ അവൻ അലറി:-

"എടോ, താനാണോ നേതാവ്? ഹൃദയമില്ലാത്ത മൃഗം! ഞാനും എന്നെപ്പോലെയുള്ള ആയിരമായിരം തൊഴിലാളികളും മരിച്ചു പണിയെടുത്തു പണമുണ്ടാക്കിത്തരുന്നതു് തനിക്കിങ്ങനെ താരുമാറാക്കാനല്ല. പാവപ്പെട്ട എന്റെ അമ്മ മരണത്തിന്റെ വക്കിലെത്തിയപ്പോഴാണ് ഞാനിങ്ങോട്ടുവന്നതു്. എന്നിട്ട് എനിക്കൊരുപൈപോലും തരാതെ എന്നെ ആട്ടിപ്പായിക്കുവാൻ ശ്രമിക്കുന്ന തന്റെ സംസ്കാരം—വശ്ശ പണം അല്ലെങ്കിൽ......" വേണു ഒരു സംഹാരരുദ്രനായി മാറി. പക്ഷെ ക്ഷണം നാലഞ്ചു ബലിഷ്ഠഹസ്തങ്ങൾ അവനെ വലയംചെയ്തു. നിഷ്ക്കരുണം അവരവനെ പുറത്തുതള്ളി. അവൻ വെളിയിലേക്കു കുട്ടിക്കരണം മറിഞ്ഞു. ആ സാധുവിന്റെ പിന്നിൽ കതകുകൾ അടയ്ക്കപ്പെട്ടു. വീണ്ടും ഉള്ളിൽ പൊട്ടിച്ചിരിയും ബഹളവും!!!

വേണുവിന്റെ ഹൃദയത്തിലൂടെ ആയിരമായിരം മിന്നൽപ്പിണരുകൾ പാഞ്ഞുപോയി. വികാരങ്ങളുടെ ശക്തിയായ കൊടുങ്കാറ്റ് അവന്റെ ഹൃദയഭിത്തികളെ ഉലച്ചു. ഒരു ഭ്രാന്തന്റെ ലക്ഷണത്തോടെ അവൻ വീട്ടിലേക്കോടി. അപ്പോൾ വീണ്ടും ആ ശബ്ദം അവന്റെ കാതുകളിൽ മുഴങ്ങി: "മകനേ, അവരെ വിശ്വസിക്കല്ലേ........."

—o—



# കത്തോലിക്കാസഭയെപ്പററി ചില യാഥാർത്ഥ്യങ്ങൾ

ലോകത്തുള്ള എല്ലാ രാജ്യങ്ങളിലും പ്രചരിച്ചു എല്ലാ ജനവിഭാഗങ്ങളേയും ഉൾക്കൊള്ളുന്ന ഒരു സാർവ്വത്രികസഭയാണ് കത്തോലിക്കാസഭ. എല്ലാ മതവിഭാഗങ്ങളിലുംവച്ചു കൂടുതൽ അംഗസംഖ്യയുള്ളതു് കത്തോലിക്കാസഭയാണ്. 1953-ലെ കണക്കനുസരിച്ചു 42 കോടി 60 ലക്ഷമാണ് കത്തോലിക്കർ ലോകത്തിൽ ആകെ ജനസംഖ്യ 236 കോടി 74 ലക്ഷമുണ്ട്. കത്തോലിക്കാസഭയൊഴിച്ചു മററെല്ലാ ക്രിസ്തീയവിഭാഗങ്ങളുംകൂടി 32 കോടി 37ലക്ഷം വരുന്നു.

ആകെ ജനസംഖ്യയിൽ 1/5 ന്നോളം വരുന്ന കത്തോലിക്കർ എവിടെയും ഒരേ വിശ്വാസസത്യങ്ങൾ അംഗീകരിക്കുകയും ഒരേ ആദ്ധ്യാത്മിക അധികാരകേന്ദ്രത്താൽ ഭരിക്കപ്പെടുകയും ചെയ്യുന്നു. ഇന്നുവരെയുള്ള 20 നൂററാണ്ടുകാലത്തിനിടയിൽ ലോകചരിത്രത്തിൽ കടന്നുപോയിട്ടുള്ള അനേകമനേകം വ്യതിയാനങ്ങൾക്കിടയിലും അത്യത്ഭുതാവഹമായ നിരവധി പുതിയ പുതിയ കണ്ടുപിടുത്തങ്ങൾക്കിടയിലും അവൾക്കു അവളുടെ ആദ്ധ്യാത്മികതത്വങ്ങളെ സംബന്ധിച്ചു യാതൊരു തിരുത്തലിനും ആവശ്യമുണ്ടായിട്ടില്ല. ഇതു് സഭയുടെ അഭേദ്യമായ ദിവ്യസ്ഥാപനത്തിന്റെ ഫലമാണ്.

പ്രഥമ പാപ്പായായ പത്രോസുമുതൽ ഇപ്പോഴത്തെ പാപ്പായായ 12-ാംപീയൂസ്‌വരെ 262 മാർപ്പാപ്പാമാരാണ് തുടർച്ചയായി റോമാസിംഹാസനത്തിൽ ഭരണം നടത്തിയിട്ടുള്ളതു്. പ്രബലരാഷ്ട്രങ്ങളും രാജസിംഹാസനങ്ങളും ഭംഗപ്രവേശംചെയ്തു. അവ ഓരോന്നും ഉദിച്ചസ്തമിച്ചു. പത്രോസിന്റെ സിംഹാസനം മാത്രം ആക്രമണങ്ങളേയും പീഡനങ്ങളേയും സധൈര്യം നേരിട്ടുകൊണ്ടു് അതുല്യശ്രേയസ്സോടെ അനവരതം വിരാജിക്കുന്നു. "ഞാൻ ലോകാവസാനംവരെയും നിങ്ങളോടുകൂടിയുണ്ടു്," എന്ന ദൈവമായ ക്രിസ്തുവിന്റെ വാഗ്ദാനമാണിതു്.


തിരുസഭയുടെ സിദ്ധാന്തങ്ങൾ എന്നും അധുനാതനങ്ങളാണു്. മാനവവംശത്തെ പരമാത്മാവായ സ്വർഗ്ഗസൗഭാഗ്യത്തിലേക്കു നയിക്കുക, ഇതാണവളുടെ ദൗത്യം. അതു തികച്ചും ആദ്ധ്യാത്മികവും, ധർമ്മ്യവും സനാതനവും അഭേദ്യവുമാണു്. വെറും ഭൗതികവും രാഷ്ട്രീയവുമായ നൃഹമാലകളിൽ—അവ സഭയുടെ ലക്ഷ്യത്തേയും ദൗത്യത്തേയും തടസ്സപ്പെടുത്താത്തിടത്തോളംകാലം—സഭ ഇടപെടാറില്ല. എന്നാൽ അവളുടെ അഭേദ്യമായ പാവനാവകാശങ്ങളെ കൈയേറിയാൽ അവൾ ധാർമ്മികമായ വഴിയോടുകൂടി അതിനെ എതിർക്കുകയും അവയുടെ പരിരക്ഷയ്ക്കുവേണ്ടി ത്യാഗപൂർണ്ണം എന്തു പീഡനങ്ങളേയും നേരിടുകയുംചെയ്യും. ഇതാണു് ഇന്നോളമുള്ള അവളുടെ പീഡാസഹനചരിത്രം.

സഭയുടെ സാമൂഹ്യസിദ്ധാന്തങ്ങൾ ലോകത്തിനു സൗഭാഗ്യദായകമാണ്. അതു ദൈവത്തിന്റെ പിതൃത്വത്തിലും മനുഷ്യവർഗ്ഗത്തിന്റെ വിശ്വസാഹോദര്യത്തിലും അധിഷ്ഠിതമാണ്. അവൾ ആദിമനൂററാണ്ടുകളിലെ അടിമത്തവ്യവസ്ഥിതിയെ നിർമ്മാർജ്ജനംചെയ്തു. ആധുനികലോകത്തിലെ ദുഷിച്ച മുതലാളിത്തവ്യവസ്ഥിതിക്ക സമ്യക്കായ ഉപശാന്തി ആസൂത്രണംചെയ്തു് പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. "വാകലത്തിൽനിന്നു അടുപ്പിലേക്ക" എടുത്തുചാടുന്നതിനു ബദ്ധപ്പെടുന്ന ഇന്നത്തെ നേതൃത്വം അവയെ ശാന്തമായ പഠിച്ചു പ്രയോഗിച്ചിരുന്നെങ്കിൽ!

ലോകത്തിൽ വിജ്ഞാനദീപം കൊളുത്തുക എന്നതു കത്തോലിക്കാസഭയുടെ നിരന്തരപരിപാടിയാണ്. 16-ാം നൂററാണ്ടിലെ മതവിപ്ലവത്തിനുമുമ്പു അവൾ യൂറോപ്പിൽ 79 സർവ്വകലാശാലകൾ കെട്ടിപ്പടുത്തു. അതിൽ പിന്നീടു 41 എണ്ണവും സ്ഥാപിച്ചു. കേംബ്രിഡ്ജ്, പാരിസ്, ലൊവേയൻ, പ്രേഗ്, ഓക്സ്ഫോർഡ് മുതലായ വിശ്വവിഖ്യാതകലാലയങ്ങളെല്ലാം അവളുടെ സുദീർഘമായ സേവനത്തിന്റെയും അവർണ്ണനീയമായ ത്യാഗങ്ങളുടെയും ആകത്തുകയാണ്. വിശ്വവിഖ്യാതന്മാരായ ശാസ്ത്രജ്ഞന്മാർ ബഹുഭൂരിപക്ഷവും അവളുടെ അരുമസന്താനങ്ങളത്രെ. ലോകത്തെ വിസ്മയിപ്പിക്കുന്ന ആധുനിക ശാസ്ത്രീയകണ്ടുപിടുത്തങ്ങളുടെ ആകത്തുകയിൽനിന്നു കത്തോലിക്കാശാസ്ത്രജ്ഞന്മാരുടെ നേട്ടങ്ങളെ ഒന്നു കിഴിച്ചുനോക്കുക. അപ്പോൾകാണാം അവരുടെ സംഭാവനകളുടെ മഹത്വവും, ശിഷ്ടഭാഗത്തിന്റെ ലഘുത്വവും.

സേവനപരമായ അവളുടെ ചരിത്രം ഏതാകരാ അംഗീകരിക്കുന്നതിനു പ്രതിപക്ഷിയർപോലും നിർബ്ബന്ധിക്കപ്പെടത്തക്കവണ്ണം അത്ര ബൃഹത്താണ്. 1930-ലെ കണക്കനുസരിച്ചു സഭയുടെ ആഭിമുഖ്യത്തിൽ 15,700 ആശുപത്രികളും 96 300 ഡിസ്പെൻസറികളും നടത്തപ്പെടുന്നുണ്ടായിരുന്നു. രോഗികളേയും അവശരേയും സംരക്ഷിക്കുന്നതിനുള്ള 140 000 കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു. 13,400 വിദ്യാലയങ്ങൾ നടത്തിയിരുന്നു. ഈ വിവിധസ്ഥാപനങ്ങളിലായി പരശുശ്രൂഷയ്ക്കുമാത്രമായി തങ്ങളുടെ ജീവിതം ഹോമിച്ചിരുന്ന 350 000 സന്യാസിനികളും പ്രതിഫലംകൂടാതെ സേവനമനുഷ്ഠിച്ചിരുന്ന 66,50,000 കത്തോലിക്കരുമുണ്ടായിരുന്നു. ഇതാണു് സഭയുടെ സേവനത്തിന്റെ യഥാർത്ഥചരിത്രം. അവളുടെ ദിവ്യത്വത്തിലേക്കു വഴികാട്ടുന്ന ഈ ചൂണ്ടിപ്പലകകളെ ലോകം ഒന്നു കണ്ണുയർത്തി നോക്കിയിരുന്നെങ്കിൽ!

## വിനോദവീഥി



"എന്താ നിങ്ങളുടെ സൈക്കിളദ്ദേഹത്തിനു കൊടുത്തുവിട്ടതു്?"

"ഞാൻ ലൈസൻസെടുത്തിട്ടില്ലന്നേ! അവിടെ പോലീസ് ചെക്കിങ്ങുണ്ട്. സ്റ്റേഷനിലേക്ക നടപ്പും ടാക്സടയ്ക്കലുമൊക്കെ അയാളായിക്കൊള്ളട്ടെന്നുവച്ചു."

* * *

ഡോക്ടർ: നിങ്ങളോടു് അടുത്ത ദിവസമല്ലേ ഞാൻ പറഞ്ഞതു്, ദിവസം ഒരു പ്രാവശ്യത്തിൽ കൂടുതൽ മദ്യം കഴിക്കരുതെന്നു്?

രോഗി: സാർ, ആ കണക്കിനാണ് ഞാൻ കുടിക്കുന്നതു്. ഇപ്പോൾത്തന്നെ കുടിച്ചതു് അടുത്തമാസം 25-ാം തീയതിയിലെ കണക്കിലാണ്.

* * *

റോഡിൽക്കൂടി സഗൗരവം നടന്നുപോയ പുതിയ നിയമസഭാമെമ്പറെ വിളിച്ചു് തയ്യൽക്കാരൻ പറയുകയാണ്:- സാറേ, ഞാൻ കൊടുത്തയച്ചിരുന്ന ബില്ലു കിട്ടിയിരിക്കുമല്ലോ. ആ സംഖ്യ ഇതുവരെയും തന്നില്ലല്ലോ?

മെമ്പർ: ഞാനിപ്പോൾ അസംബ്ലീമെമ്പറാണെന്നറിഞ്ഞുകൂടേ? അതു മൂന്നാംവായന കഴിഞ്ഞു പാസ്സായിവരണം.

* * *



"അല്ലേ, തിരുവനന്തപുരംവരെ ഈ വേഷത്തിലോ!"

"ങാ—അല കിട്ടുന്നതാലേ, വഴിക്കൊക്കെ പൊടിയാ! ചുവന്ന പൊടി! തോർത്താവുമ്പോ പിന്നെ സാരമില്ല."

MAR THOMA PONTIFICAL SHRINE
MAR THOMA NAGAR, CRANGANORE
P. O. AZHIKODE, T. C. STATE. S. INDIA

മാർ തോമാശ്ലീഹായുടെ പൂജ്യാവശിഷ്ടം പരസ്യവണക്കത്തിനും ചുംബനത്തിനും പ്രദർശിപ്പിക്കപ്പെടുന്ന ദിവസങ്ങൾ:

a) തീർത്ഥകവേദിയിലെ പ്രധാന തിരുനാൾ (നവം. 21; അന്നു ഞായറാഴ്ചയല്ലെങ്കിൽ അതു കഴിഞ്ഞുവരുന്ന അടുത്ത ഞായറാഴ്ച.) ടി തിരുനാൾകഴിഞ്ഞുള്ള ഏഴു ദിവസങ്ങൾ.

b) വി: തോമാശ്ലീഹായുടെ മററു തിരുനാളുകൾ:-

1. പുതുഞായർ, 2. ദുക്റാനാതിരുനാൾ (ജൂലൈ 3). 3. വി. തോമാശ്ലീഹായുടെ പ്രത്യക്ഷം (ഡിസ: 18), 4. മാർ തോമാശ്ലീഹായുടെ തിരുനാൾ (ഡിസ: 21)

c) എല്ലാ ഇംഗ്ലീഷ്‌മാസങ്ങളിലേയും ആദ്യഞായർ

N. B. ടി ദിവസങ്ങളിൽ കാലത്തു 8മണി, 11മണി, ഉച്ചതിരിഞ്ഞു 2 മണി, 5മണി ഈ സമയങ്ങളിൽ തിരുശേഷിപ്പു് മുത്തിക്കുന്നതാണു്. വി. തോമാശ്ലീഹായോടുള്ള അപേക്ഷകൾ അതിനായുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നതും പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നതുമാണു്.

Rev. Fr Superior

ഗ്രാമോദ്ധാരണപംക്തി

# പേപ്പട്ടിവിഷം (RABIES)

(എഫ്. സി. കന്നപ്പള്ളി)

നമുക്കു് ഏററം ഭീതിജനകവും എന്നാൽ നമ്മുടെ നാട്ടിൽ സർവ്വസാധാരണവുമായ ഒരാപത്താണ് പേപ്പട്ടിവിഷംമൂലം ഉണ്ടാകുന്നതു്. ഇതു് പല്ലുകൊണ്ടുണ്ടാകുന്ന മുറിവുമൂലമാണ് പകരാറുള്ളതു്. പല്ലു് രക്ഷാമാർഗ്ഗമായി ഉപയോഗിക്കുന്ന മൃഗങ്ങളിലും അവയാൽ ആക്രമിക്കപ്പെടുന്ന മൃഗങ്ങളിലും മനുഷ്യരിലും ഇതു് വളരെ എളുപ്പത്തിൽ പകരുന്നു.

ഇതിന്റെ അണുക്കൾ അതിസൂക്ഷ്മങ്ങളാണ്. ഈ അണുക്കൾ മുറിവുണ്ടാകുന്ന ഭാഗങ്ങളിൽ പ്രവേശിച്ചു അവിടെനിന്നും വിഷാംശങ്ങൾ (Toxins) മററു ഭാഗങ്ങളിലേക്കു് വ്യാപിപ്പിക്കുന്നു. ഈ അണുക്കൾ ഉമിനീരിൽ ധാരാളം കാണും. വളരെ വേഗം വിഷാംശം മസ്തിഷ്കത്തിൽ പ്രവേശിക്കുന്നു. അങ്ങനെ സ്ഥിരബുദ്ധിക്കു് ഹാനി സംഭവിക്കുന്നു.

ആൺപട്ടികൾ സാധാരണ തമ്മിൽ കടിക്കുകയും ബഹളമുണ്ടാക്കുകയും ചെയ്യുന്നതിനാൽ പെൺപട്ടികളെ അപേക്ഷിച്ചു് ഇവയ്ക്കാണ് കൂടുതലായി ഈ രോഗം ബാധിക്കാറുള്ളതു്. ഇതിന്റെ അണുക്കൾ ഉമിനീരിൽ ഏകദേശം പതിനൊന്നുദിവസംവരെയും ജലത്തിൽ ഇരുപതു മുതൽ മുപ്പതു ദിവസംവരെയും ജീവിച്ചിരിക്കും. തലച്ചോറിൽ രണ്ടാഴ്ചയിലധികം ജീവിക്കും.

ശക്തമായ അണുസംഹാരിണികൾ ഈ അണുക്കളെ നശിപ്പിക്കുന്ന രാസാമ്ലങ്ങൾ, നാരങ്ങാനീരു് മുതലായവ ഇവയെ വളരെവേഗം നശിപ്പിക്കുന്നു. നാരങ്ങാനീരു് മൂന്നു മിനിററുകൊണ്ടും 5% ഹൈഡ്രോക്ലോറിക്കു് ആസിഡു് 10% ഇരിശൂചായനിയും ഇതിനെ അഞ്ചുമിനിററുകൊണ്ടും കൊല്ലുമെന്നു് പറയപ്പെടുന്നു.

മുറിവിനുശേഷം 15 മുതൽ 60 വരെയുള്ള ദിവസത്തിനകം പട്ടിയിൽ രോഗലക്ഷണം കണ്ടുതുടങ്ങും. കന്നുകാലികളിലും മനുഷ്യരിലും 14 മുതൽ 50 വരെയുള്ള ദിവസങ്ങൾക്കുള്ളിൽ രോഗലക്ഷണം പ്രത്യക്ഷപ്പെടും. അഞ്ചാറുമാസത്തിനുശേഷവും ചില കേസ്സുകൾ ഉണ്ടായിട്ടുണ്ടു്.

മുറിവു് തീരെ ആഴംകുറഞ്ഞതാണെങ്കിൽ രക്തപ്രവാഹം ഈ അണുക്കളെ പുറംതള്ളും. അങ്ങനെയുള്ള മുറിവുകൾ സാധാരണ രോഗമായിത്തീരുകയില്ല. വലിയ മുറിവുകൾ അണുക്കൾക്കു് ശരീരത്തിൽ പ്രവേശിക്കുന്നതിനുള്ള സൗകര്യം നൽകുന്നു. ഒരിക്കൽ രോഗംവന്നു് സുഖപ്പെട്ട മൃഗങ്ങളിൽ പിന്നീടു് രോഗം ഉണ്ടാവുകയില്ല. പ്രായംകുറഞ്ഞ ജന്തുക്കളിൽ ഈ രോഗം എളുപ്പത്തിൽ ബാധിക്കും. 70% മുറിവുകളും 15 മുതൽ 45 വരെയുള്ള ദിവസങ്ങൾക്കകം രോഗമായി രൂപാന്തരപ്പെട്ടു.

ഈ രോഗം മൂർദ്ധന്യത്തിൽ എത്തുന്നതിനുമുമ്പു് നായ്ക്കൾ യജമാനന്റെ കൈയിലും മുഖത്തും നക്കുന്നതിനുള്ള ആശ കൂടുതലായി പ്രകടിപ്പിച്ചുതുടങ്ങും. അനന്തരം അവയ്ക്കു് മൗനവും അസ്വാസ്ഥ്യതയും അനുഭവപ്പെടും. പ്രകാശമില്ലാത്ത ഇടങ്ങളിൽ പോയി മൗനമായിരിക്കും. വളരെ വൈമനസ്യത്തോടുകൂടി മാത്രമേ യജമാനന്റെ ആജ്ഞകൾ അനുസരിക്കുകയുള്ളു. കൂടെക്കൂടെ കിടക്കുന്ന സ്ഥാനം മാററിക്കൊണ്ടിരിക്കും. കാരണംകൂടാതെ കുരയ്ക്കും. വായുവിൽ കൂടെക്കൂടെ കടിക്കും. അസ്വാസ്ഥ്യത വർദ്ധിക്കുന്നതോടുകൂടി കടിക്കുന്നതിനുള്ള പ്രേരണയും വർദ്ധിക്കുന്നു. മുറിവുള്ള ഭാഗം കൂടെക്കൂടെ നക്കുകയും മാന്തിക്കീറുകയും ചെയ്യും. ഇങ്ങനെ ചിലപ്പോൾ വലിയ മുറിവുകൾ ഉണ്ടാകും. ഭക്ഷണം നിരസിക്കപ്പെടും. എന്നാൽ തുകൽ, തുണി, സ്വന്തം വിസർജ്ജനങ്ങൾ മുതലായവ തിന്നുന്നതിനുള്ള ആർത്തി പ്രകടിപ്പിക്കും. വെള്ളം കുടിക്കുന്നതിനു് വിഷമമായിത്തീരും. ഉമിനീർ വാർന്നുകൊണ്ടിരിക്കും. കൂടെക്കൂടെ മൂത്രമൊഴിക്കുന്നതിനു് ശ്രമിക്കും. വളരെ ആകാംക്ഷയോടുകൂടി ചുററിലുമുള്ള പദാർത്ഥങ്ങളിൽ ഉററുനോക്കിക്കൊണ്ടിരിക്കും. ഇതാണു് ഈ രോഗത്തിന്റെ ആദ്യഘട്ടത്തിലുള്ള ലക്ഷണം.

മൂന്നു ദിവസത്തിനകം രണ്ടാംഘട്ടം ആരംഭിക്കും. അതു് വളരെ ഉഗ്രമായിരിക്കും. നിലത്തു് നക്കുകയും കാണുന്നതെല്ലാം മണത്തുനോക്കുകയും തിന്നുകയും ചെയ്യും. വീട്ടിൽനിന്നും രക്ഷപെട്ടു് അലഞ്ഞുനടക്കുന്നതിനു് ശ്രമിക്കും. യാതൊരു കാരണവുംകൂടാതെ കാണുന്ന പട്ടികളെ എല്ലാം കടിക്കും. ആടുമാടുകളേയും കടിക്കുന്നതിനു് ശ്രമിക്കും. സാധാരണ മനുഷ്യരെ കടിക്കുകയില്ല. അതിനെ ഉപദ്രവിക്കുകയോ ശല്യപ്പെടുത്തുകയോ ചെയ്യാതിരുന്നാൽ കഴിയുന്നതും ഒഴിഞ്ഞുമാറുന്നതിനേ ശ്രമിക്കുകയുള്ളു. ഒരു പ്രത്യേകരീതിയിൽ കുരച്ചുതുടങ്ങും. വെള്ളംകണ്ടാൽ ഭയമുണ്ടാകും. ധാരാളം ഉമിനീർ പുറത്തുപോകും. ഇതാണു് നമുക്കു് ദൃശ്യമാകാറുള്ള ഈ രോഗത്തിന്റെ രണ്ടാംഘട്ടം.

മൂന്നാംഘട്ടത്തിൽ വളരെയധികം ഉമിനീർ വാർന്നുകൊണ്ടിരിക്കും. പിൻകാലുകൾ തളർന്നു് നടക്കാൻ പ്രയാസമായിത്തീരും. ഇഴഞ്ഞിഴഞ്ഞു് നടന്നു് ചാകും.

ഈ രോഗം ബാധിച്ച പശുക്കൾ ഒരേസ്ഥലത്തു് തല ഉയർത്തി പരിഭ്രമത്തോടുകൂടി നില്ക്കും. കൊമ്പുകൊണ്ടും കുളമ്പുകൊണ്ടും നിലത്തു മാന്തും. എപ്പോഴും ചുററുപാടും നോക്കിക്കൊണ്ടിരിക്കും. അടുത്തുവരുന്ന ഏതു മൃഗത്തേയും എതിർക്കും: വിശിഷ്യ പട്ടിയെ. വിശപ്പില്ലായ്ക, മലബന്ധം അയവെട്ടാതിരിക്കുക, ചിലപ്പോൾ വയററിളക്കം മുതലായവ അനുഭവപ്പെടും. മൂന്നു് നാലു് ദിവസത്തിനകം ചാകും.

പേപ്പട്ടിയിൽനിന്നും മുറിവുണ്ടായാലുടനെ ആ മുറിവിൽനിന്നും കഴിയുന്നിടത്തോളം രക്തം പുറത്തുകളയണം. അതുമൂലം അണുക്കൾ പുറംതള്ളപ്പെടും. ശേഷിക്കുന്നതിനെ നാരങ്ങാനീരുപയോഗിച്ചു് നശിപ്പിക്കണം. നാരങ്ങാനീററിൽ മുക്കിയ തുണിക്കഷണം മുറിവിൽ തള്ളിവയ്ക്കണം. കുറച്ചുകഴിഞ്ഞു് ഗാഢനൈട്രിക്കു് ആസിഡോ ഹൈഡ്രോക്ലോറിക്കു് ആസിഡോ കാർബോളിക്കു് ആസിഡോ ഉപയോഗിച്ചു് ആ മുറിവു് പൊള്ളിക്കണം.

അടുത്തതായി രോഗിയെ അടുത്തുള്ള മൃഗാശുപത്രിയിൽ കൊണ്ടുപോയി "ആൻറിറേബിക്ക്" (Antirabic) കുത്തിവയ്പു് നടത്തണം. അവിടെനിന്നു് ഇതു് സൗജന്യമായി ചെയ്തുതരുന്നതാണു്.

ഈ രോഗത്തെ പ്രതിരോധിക്കുന്നതിനു് (Prophylactic Anti Rabic Vaccination) കുത്തിവയ്പു് നടത്താവുന്നതാണു്. ഇതുകൊണ്ടു് പരിപൂർണ്ണമായി ഈ രോഗത്തിൽനിന്നും രക്ഷപ്പെടാൻ കഴികയില്ല. എങ്കിലും ഇതു് വളരെ പ്രയോജനപ്രദമാണു്.

സഭാചരിത്രപംക്തി (14)

# വിശുദ്ധ പത്രോസിന്റെ ശവകുടീരത്തെ സംബന്ധിച്ച ആധുനിക ഗവേഷണങ്ങൾ

(പ്രഫസ്സർ പി. ടി. തോമസ് എം. എ.)

324 A. D. യിൽ മഹാനായ കോൺസ്റ്റന്റയിൻ ചക്രവർത്തി വി. പത്രോസിന്റെ ശവകുടീരത്തെ ആവരണം ചെയ്യത്തക്കവണ്ണം ഒരു ദൈവാലയം പണികഴിപ്പിച്ചു എന്നും, അതിലെ പ്രധാന അൾത്താര ശവകുടീരത്തിന്റെ നേരെ മുകളിലായി സ്ഥാപിക്കപ്പെട്ടിരുന്നു എന്നുമാണ് ക്രിസ്തീയപാരമ്പര്യം അനുസരിച്ചുള്ള വിശ്വാസം. പിൽക്കാലങ്ങളിൽ പലവട്ടം കേടുപോക്കുകയും നവീകരിക്കുകയും ചെയ്തശേഷം 16-ാം നൂററാണ്ടിൽ കോൺസ്റ്റന്റയിന്റെ ദൈവാലയം പൊളിച്ചുകളഞ്ഞ് തൽസ്ഥാനത്തു പണിയാരംഭിച്ച് വളരെ സംവത്സരങ്ങൾകൊണ്ട് പൂർത്തിയാക്കപ്പെട്ടതാണ് ഇന്നു വത്തിക്കാനിൽ നാം കാണുന്ന അതിഗംഭീരമായ ബസ്ലിക്കാ. പ്രസ്തുത ദൈവാലയത്തിലെ പ്രധാന അൾത്താരയും അപ്പസ്തോലന്റെ ശവകുടീരത്തിന്റെ നേരെ മുകളിലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നതെന്നാണ് പരമ്പരാഗതമായ വിശ്വാസം.

ഈ പാരമ്പര്യത്തിന്റെ വാസ്തവികതയെ സംബന്ധിച്ച് ആവശ്യമായ ഭൂഗർഭഗവേഷണങ്ങൾ നടത്തുവാൻവേണ്ടി 1942-ൽ ഇന്നു ഭാഗ്യമോടെ വാഴുന്ന പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ഒരു ഗവേഷകസംഘത്തെ നിയോഗിച്ചു. പ്രസ്തുത സംഘം എട്ടുവർഷക്കാലത്തോളം വി. പത്രോസിന്റെ ബസ്ലിക്കായുടെ കീഴിൽ നടത്തിയ ശാസ്ത്രീയമായ ഭൂഗർഭപര്യവേക്ഷണങ്ങളുടെ ഫലമായി അപ്പസ്തോലന്റെ ശവകുടീരം പാരമ്പര്യം അവകാശപ്പെട്ടിരുന്ന സ്ഥാനത്തുതന്നെ സ്ഥിതിചെയ്യുന്നതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഈ ശാസ്ത്രീയനിഗമനങ്ങളെ ആധാരമാക്കിക്കൊണ്ട് പരിശുദ്ധ പിതാവ് 1950-ലെ ക്രിസ്തുമസ്സ് സന്ദേശത്തിൽ താഴെകാണുംവിധം പ്രഖ്യാപിക്കുകയുണ്ടായി. "അപ്പസ്തോലപ്രഭുവിന്റെ ശവകുടീരം ഇതാ വീണ്ടും കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ പത്രോസിന്റെ ബസ്ലിക്കായുടെ കുംഭഗോപുരം (Dome) റോമായിലെ പ്രഥമ മെത്രാനും പ്രഥമ മാർപ്പാപ്പായുമായ അപ്പസ്തോലന്റെ ശവകുടീരത്തിനു നേരെ മുകളിലായി ഒരു മേൽക്കട്ടിയെന്നവണ്ണം നിലകൊള്ളുന്നു."

പരിശുദ്ധ പിതാവിന്റെ സുദൃഢമായ പ്രഖ്യാപനത്തിനു നിദാനമായി ഭവിച്ച ശാസ്ത്രീയഗവേഷണങ്ങളുടെ ഒരു സംക്ഷിപ്തവിവരണം താഴെ ചേർക്കുന്നു.

എ. ഡി. ഒന്നാംശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ ടൈബർ നദിയുടെ പടിഞ്ഞാറുള്ള പ്രദേശത്തിന്റെ വടക്കുഭാഗം മുഴുവനും വത്തിക്കാൻ എന്ന പേരിനാലാണ് അറിയപ്പെട്ടിരുന്നത്. വത്തിക്കാൻ കുന്നിന്റെ ഒരു ഭാഗത്താണ് അപ്പസ്തോലന്റെ വധരംഗമായ നീറോയുടെ സർക്കസ് പണിയപ്പെട്ടിരുന്നത്. ഇത് ഒരു പൊതു കായികവിനോദരംഗം (stadium) ആയിരുന്നു. ഇതിന്റെ സ്ഥാനത്താണ് ഇപ്പോൾ വി. പത്രോസിന്റെ ബസ്ലിക്കായുടെ തെക്കേയററം നില്ക്കുന്നത്. വത്തിക്കാൻ കുന്നിന്റെ മുകൾഭാഗത്തും അതിന്റെ ചെരുവിലും പുരാതന റോമൻ പൗരന്മാർ അവരുടെ ഗ്രാമവസതികൾ പണിയിച്ചിരുന്നു. മരിച്ചവരെ നഗരഭിത്തികൾക്കു പുറമേ സംസ്കരിക്കണമെന്നായിരുന്നു അന്നത്തെ നിയമം. അതുകൊണ്ട് നഗരത്തിനു വെളിയിൽ നിന്നിരുന്ന വത്തിക്കാൻ കുന്നിന്മേൽ ധാരാളം ശവകുടീരങ്ങൾ സ്ഥാപിക്കപ്പെടുവാൻ ഇടയായി. വത്തിക്കാൻ കുന്നിന്റെ ചെരുവിൽ ഒരു ഭാഗത്തു വിശുദ്ധ പത്രോസിന്റെ ശരീരം സംസ്കരിച്ചുവെന്നാണ് പാരമ്പര്യം. സംസ്കാരവേളയിൽ ഒരു ശവകുടീരമെന്നു പറയത്തക്ക രൂപത്തിൽ യാതൊന്നും പണിയപ്പെടുകയുണ്ടായില്ല. അക്കാലത്തു സാധുക്കളെ സംസ്കരിച്ചിരുന്ന രീതിയിൽ കുന്നിൻചെരുവിൽ ഒരു കുഴിയുണ്ടാക്കി ശരീരം മറവുചെയ്യുകയും, അതിനെ ഇംഗ്ലീഷിലെ V എന്ന അക്ഷരം കീഴ്മേൽ മറിച്ച ആകൃതിയിൽ നീണ്ട പരന്ന കുറേ ഇഷ്ടികകൾകൊണ്ടു മൂടുകയും മാത്രമാണ് ചെയ്യപ്പെട്ടിട്ടുള്ളത്. ഈ രൂപത്തിലുള്ള ഒരു കുഴിമാടത്തിന്റെ അവശിഷ്ടങ്ങൾ ബസ്ലിക്കായുടെ പ്രധാന അൾത്താരയുടെ നേരെ കീഴിലായി വളരെ ആഴത്തിൽ കാണപ്പെടുകയുണ്ടായി. ഗവേഷകസംഘം ബസ്ലിക്കായുടെ അടിത്തറയുടെ കീഴിൽ വളരെ വിസ്താരത്തിലും താഴ്ചയിലും ഭൂമി കുഴിച്ചു പരിശോധിച്ചതിന്റെ ഫലമായി ആ പ്രദേശത്തു പല നിരപ്പിലും, പല ആകൃതിയിലും, അനവധി കുഴിമാടങ്ങളും


**Thanksgiving**

for favours received through the intercession of Sr. Alphonsa.

Antony Paul

ശവക്കല്ലറകളും കാണുകയുണ്ടായി. ഓരോ ശവക്കല്ലറകളും നില്ക്കുന്ന സ്ഥലത്തിന്റെ പൊക്കത്താഴ്ചയിൽനിന്നും മററു പ്രത്യേകതകളിൽനിന്നും അവയുടെ കാലനിർണ്ണയം ചെയ്യുവാൻ ഗവേഷകന്മാർക്കു സാധിച്ചു. വി. പത്രോസിന്റേതെന്ന് അനുമാനിക്കപ്പെടുന്ന ശവക്കല്ലറയുടെ സമീപത്തായി വേറെ രണ്ടു കല്ലറകൾ കാണുന്നുണ്ട്. A. D. 69 മുതൽ 79 വരെ റോമാഭരണം നടത്തിയ വെസ്പേഷ്യൻ ചക്രവർത്തിയുടെ കാലത്തേതെന്ന് നിസ്സംശയം വിശ്വസിക്കപ്പെടാവുന്ന ചില ലിഖിതങ്ങളും ഈ കല്ലറകളിന്മേൽ കാണപ്പെടുന്നുണ്ട്. അതുകൊണ്ടും മററ് അനിഷേധ്യമായ കാരണങ്ങളാലും ഈ കല്ലറകൾ സ്ഥാപിക്കപ്പെട്ടത് അപ്പസ്തോലനെ സംസ്കരിച്ച് അല്പം കഴിഞ്ഞാണെന്ന് അനുമാനിക്കപ്പെടുന്നു. ഒന്നാംശതാബ്ദത്തിന്റെ അവസാനഘട്ടം തുടങ്ങി രണ്ടു ശതവത്സരങ്ങളിൽ കൂടുതൽ വരുന്ന കാലത്തിനുള്ളിൽ വി. പത്രോസിന്റെ ശവക്കല്ലറയുടെ ചുററുമായി, പല നിലകളിലും നിരപ്പുകളിലുമായി സ്ഥാപിക്കപ്പെട്ട അനവധി ശവകുടീരങ്ങൾ ദൃശ്യമാകുന്നുണ്ട്. അപ്പസ്തോലന്റെ കുഴിമാടത്തെ ഉൾക്കൊള്ളുന്ന ഒരു ദീർഘചതുരത്തിന്റെ നാലുചുററുമായിട്ടാണ് അവ തിങ്ങിക്കൂടിയിരിക്കുന്നത്. ഈ കുടീരങ്ങളുടെ കൽക്കെട്ടുകൾ ചേർന്ന് വി. പത്രോസിന്റെ പൂജ്യാവശിഷ്ടങ്ങളെ സംരക്ഷിക്കുന്ന ദീർഘചതുരാകൃതിയിലുള്ള ഒരു കൽക്കുഴൽ നിർമ്മിച്ചിരിക്കുന്നു എന്നു പറയാം. ഒന്നും രണ്ടും മൂന്നും ശതാബ്ദങ്ങളിൽ ആ സ്ഥലത്തിനു ചുററും പണിയപ്പെട്ടിട്ടുള്ള ശവക്കല്ലറകൾ വിശുദ്ധ കുടീരത്തിനെക്കാൾ ഉയർന്ന നിരപ്പിലാണ് നില്ക്കുന്നതെങ്കിലും അവ ഒന്നുംതന്നെ ആ പൂജ്യസ്ഥലത്തിന്റെ അതിരുകളെ അതിക്രമിച്ചുകടക്കുന്നതായി കാണുന്നില്ല. പല കാലങ്ങളെ കുറിക്കുന്ന പല തറനിരപ്പുകളിലായി അവയെല്ലാം ആ ദീർഘചതുരത്തിന്റെ ചുററും സ്ഥാനമുറപ്പിച്ചിരിക്കുന്നതായി കാണാം. ഈ ശവകുടീരങ്ങളിൽ ചിലതു അതിവിശിഷ്ടങ്ങളും മററുള്ളവ വിനീതങ്ങളുമാണ്. ഇവയെല്ലാം ക്രിസ്ത്യാനികളുടെ ശവകുടീരങ്ങളാണെന്നുള്ളതും പ്രത്യേകം ചിന്താർഹമാണ്. റോമാക്കാരുടെയിടയ്ക്ക് മൃതദേഹം ഭൂമിയിൽ മറവുചെയ്യുന്ന പതിവില്ലായിരുന്നു. അതിനുപകരം ശവം ദഹിപ്പിച്ച് അതിന്റെ ക്ഷാരം ഭൂമിയിൽ നിക്ഷേപിക്കയായിരുന്നു മുറ. അപ്പസ്തോലന്റെ ശവകുടീരത്തിനു ചുററും കാണപ്പെടുന്നതെല്ലാം മൃതദേഹങ്ങൾ മറവുചെയ്യപ്പെട്ട കുഴിമാടങ്ങളും കല്ലറകളുമാണ്. അവ ക്രിസ്തീയമാണെന്നുള്ളതിന് മററു പല സൂചനകളും ലക്ഷ്യങ്ങളും അവയിൽത്തന്നെ കാണാനുണ്ട്. വത്തിക്കാൻ കുന്നിന്റെ മററു ഭാഗങ്ങളിൽ പുറജാതിക്കാരായ റോമാക്കാരെ സംസ്കരിച്ചിട്ടുള്ളതിന്റെ ലക്ഷ്യങ്ങൾ ധാരാളമുണ്ട്. തന്നെയുമല്ല അക്കാലത്തു ക്രിസ്ത്യാനികൾക്കായി മററു സ്ഥാനങ്ങളിൽ പ്രത്യേകം ശ്മശാനസ്ഥലങ്ങൾ വേർതിരിച്ചിടപ്പെട്ടിരുന്നു. അങ്ങനെയിരിക്കെ പുറജാതിക്കാരുടെ ശ്മശാനമായിരുന്ന വത്തിക്കാൻ കുന്നിൽ, ഒരു പ്രത്യേകശവകുടീരത്തിനു ചുററുമായി ക്രിസ്തീയശവകുടീരങ്ങളുടെ ഒരു സമൂഹം കാണപ്പെടുന്നത് ഏററവും അർത്ഥഗർഭമാണ്—വി. പത്രോസിന്റെ പൂജ്യാവശിഷ്ടങ്ങൾ സംസ്കരിക്കപ്പെട്ടിരുന്ന സ്ഥലത്തിനു ചുററും നിത്യവിശ്രമം കൊള്ളുവാൻ ഭക്തരായ റോമൻ ക്രിസ്ത്യാനികൾ കാലഭേദമെന്യേ പ്രകടിപ്പിച്ചിരുന്ന അഭിവാഞ്ഛയുടെ ഫലമായിട്ടാണ് ഇങ്ങനെ ഒരു ക്രിസ്തീയശ്മശാനം അവിടെ വളർന്നുവന്നത്.

കാലാന്തരത്തിൽ ഈ ക്രിസ്തീയശ്മശാനത്തിനു ചുററും പുറജാതിക്കാരുടെ ശവകുടീരങ്ങൾ വർദ്ധിച്ചുവന്നു. അതിനാൽ ക്രിസ്തീയവിഭാഗത്തിന്റെ സംരക്ഷണത്തിനുവേണ്ടി അതിനെ വേർതിരിക്കുന്ന ഒരു ഭിത്തി നിർമ്മിച്ചിട്ടുള്ളതായി കാണാം. ഇതിന്റെ നിർമ്മാണകാലം രണ്ടാംശതാബ്ദത്തിന്റെ ഉത്തരാർദ്ധമാണെന്ന് ഗവേഷകന്മാർ അനുമാനിക്കുന്നു. അതിന്റെ ചുവപ്പുനിറം കാരണത്താൽ "ചുവന്ന ഭിത്തി" (the Red Wall) എന്ന പേരാണ് ഗവേഷകസംഘം അതിനു കൊടുത്തിരിക്കുന്നത്. ഈ ഭിത്തിയുടെ ഒരു ഭാഗം അപ്പസ്തോലകുടീരത്തിന്റെ മുകളിലാണ് നില്ക്കുന്നത്. ഈ ഭിത്തിയിൽ അതിന്റെ ഉപരിഭാഗത്തുനിന്നും നേരെ കീഴ്പ്പോട്ടായി ഒരു താര കാണ്മാനുണ്ട്. ഈ താര ഭൂമിനിരപ്പിലെ അപ്പസ്തോലന്റെ അവശിഷ്ടങ്ങളുമായി ബന്ധിപ്പിച്ചിരുന്നു. ഇതു പ്രത്യേകം ശ്രദ്ധാർഹമായ ഒരു ചരിത്രലക്ഷ്യമാണ്. ആദിമശതകങ്ങളിൽ ഒരു രക്തസാക്ഷിയുടെ ശവകുടീരത്തിനു മുകളിൽ ഏതെങ്കിലും തരത്തിലുള്ള സ്മാരകം നിർമ്മിക്കുമ്പോൾ അതിന്റെ തറനിരപ്പിൽനിന്നും താഴെ കല്ലറയിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന പൂജ്യാവശിഷ്ടങ്ങളുമായി ബന്ധമുണ്ടാകത്തക്കവണ്ണം ഒരു താരയോ, നീണ്ട ദ്വാരമോ നിർമ്മിക്കുക പതിവായിരുന്നു. തീർത്ഥകർക്ക് തിരുശ്ശേഷിപ്പുകളെ നേരിട്ട് സ്പർശിക്കുന്നതിനോ അഥവാ വല്ല പൂജ്യസാധനങ്ങളെയും കീഴ്പോട്ടിറക്കി അവയെക്കൊണ്ട് സ്പർശിക്കുന്നതിനോ വേണ്ടിയായിരുന്നു ഇങ്ങനെയൊരു മാർഗ്ഗം ഉണ്ടാക്കിയിരുന്നത്. ഇക്കാര്യം ധരിക്കുമ്പോൾ മേൽപ്പറയപ്പെട്ട ചുവന്ന ഭിത്തിയിലെ താരയുടെ അർത്ഥവും ഉദ്ദേശ്യവും മനസ്സിലാക്കാം.






ചുവന്ന ഭിത്തിയിൽനിന്നും രണ്ടടി അകലെയായി ഏകദേശം നാലര അടി വീതം ഉയരമുള്ള രണ്ടു തൂണുകളും അവയുടെ മുകളിൽ ഒരു മാർബിൾ പലകയും ഉണ്ടായിരുന്നതായി പര്യവേക്ഷണങ്ങളിൽനിന്നും തെളിയുന്നു. ചുവന്ന ഭിത്തിയോടു ചേർത്തു പിടിപ്പിക്കപ്പെട്ടിരുന്ന ഈ മാർബിൾ പലകയാണ് അപ്പസ്തോലകുടീരത്തിന്റെ മുകളിൽ ആദ്യം സ്ഥാപിക്കപ്പെട്ട മേൽക്കട്ടി. കുടീരത്തിലേക്കു നയിക്കുന്ന താര ഈ പലകയുടെമേൽനിരപ്പുവരെ എത്തിയിരുന്നു. എല്ലാംകൂടി ഇതിന് ഒരു അൾത്താരയുടെ ആകൃതിയാണുണ്ടായിരുന്നത്. മൂന്നാം ശതാബ്ദത്തിൽ ഒരു ചെറിയ ഭിത്തികൂടി പണിതുചേർത്തു ഈ കുടീരത്തെ ബലപ്പെടുത്തിയതായി കാണുന്നു. ഈ പുണ്യതീർത്ഥം സന്ദർശിച്ച അസംഖ്യം തീർത്ഥകർ ഈ ചെറിയ ഭിത്തിയിന്മേൽ ഭക്തിപുരസ്സരം ഉല്ലേഖനം ചെയ്ത ക്രിസ്തീയചിഹ്നങ്ങൾ ഇന്നും കാണാനുണ്ട്. കുറേക്കാലം കഴിഞ്ഞ് വേറൊരു കുറിയ ഭിത്തികൂടി പണിതുചേർത്തതായി കാണുന്നു. അതുകൂടിയായപ്പോൾ ശവകുടീരം ഒരു പെട്ടിയുടെ ആകൃതി കൈക്കൊണ്ടു. ഏതാണ്ടു 300-ാമാണ്ടോടടുത്ത കാലത്തു ഈ കുടീരത്തിന്റെ മേൽഭാഗത്തു വിചിത്രവേലകളോടുകൂടിയ ഒരു തറയും പണിതിട്ടുള്ളതായി കാണുന്നു. 324-ാമാണ്ട് കോൺസ്റ്റന്റയിൻ ചക്രവർത്തി ഒന്നാമത്തെ ബസ്ലിക്കാ പണികഴിപ്പിച്ചപ്പോൾ ശവകുടീരത്തിന്റെ മുകളിൽ ദൈവാലയത്തിലെ പ്രധാന അൾത്താരയും സ്ഥാപിച്ചു. അനന്തരകാലങ്ങളിൽ പല പ്രാവശ്യം ഈ ദൈവാലയം പുതുക്കിപ്പണിയുകയും പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. പഴയ അൾത്താരയുടെ സ്ഥാനത്തുതന്നെ പുതിയ അൾത്താരകൾ ഒന്നിനുപുറകേ ഒന്നായി പലവട്ടം പണികഴിക്കപ്പെട്ടിട്ടുണ്ട്. 16-ാം നൂററാണ്ടിന്റെ പ്രാരംഭഘട്ടമായപ്പോഴേക്കും ജീർണ്ണോദ്ധാരണം അസാദ്ധ്യമെന്നുകണ്ട് പഴയ ദൈവാലയം പൊളിച്ചുമാററി തൽസ്ഥാനത്ത് ഇന്നു നാം കാണുന്ന ബസ്ലിക്കായുടെ പണിയാരംഭിച്ചു. പുതിയ ദൈവാലയത്തിന്റെ പ്രധാന അൾത്താരയും പഴയതിന്റെ സ്ഥാനത്തുതന്നെ സ്ഥാപിച്ചു. അതിന്റെ നേരെ മുകളിലായി, വളരെ ഉയരത്തിൽ, ലോകത്തിലെ ഒരത്ഭുതകലാസൃഷ്ടിയായ കുംഭഗോപുരവും പണിതീർത്തു. അനേകനൂററാണ്ടുകളിലൂടെ അനവധി പ്രാവശ്യം വി. പത്രോസിന്റെ ദൈവാലയം പുതുക്കിപ്പണിതതിന്റെ ഫലമായി ഇന്നത്തെ ബസ്ലിക്കായുടെ തറനിരപ്പിൽനിന്നും അപ്രാപ്യമായ താഴ്ചയിലാണ് അപ്പസ്തോലന്റെ ശവകുടീരം സ്ഥിതിചെയ്തിരുന്നത്. പരിശുദ്ധപിതാവ് 12-ാം പീയൂസ് തിരുമനസ്സുകൊണ്ട് നിയമിച്ച പുരാതനവസ്തുഗവേഷകന്മാർ ദീർഘനാളത്തെ പരിശ്രമത്തിന്റെ ഫലമായി അപ്പസ്തോലപ്രഭുവിന്റെ ശവകുടീരം കണ്ടെത്തുകയും അനിഷേധ്യങ്ങളായ തെളിവുകളാൽ പത്തൊൻപതു ശതാബ്ദക്കാലത്തെ പഴക്കമുള്ള ക്രിസ്തീയപാരമ്പര്യത്തിനു സ്ഥിരീകരണം നൽകുകയും ചെയ്തിരിക്കുന്നു.

ഗവേഷണഫലമായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ള മറെറാരു ലക്ഷ്യത്തെപ്പററിക്കൂടി പ്രത്യേകം പ്രസ്താവിക്കേണ്ടതുണ്ട്. അപ്പസ്തോലനെ സംസ്കരിച്ചതെന്നു വിശ്വസിക്കപ്പെടുന്ന സ്ഥാനത്തുനിന്നും അസംഖ്യം നാണയങ്ങൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ക്രിസ്തീയയുഗത്തിന്റെ എല്ലാ കാലഘട്ടങ്ങളിലും പ്രചാരത്തിലിരുന്ന നാണയങ്ങൾ അവയിൽപെടുന്നു. ഏററം പഴയതു 43 B. C. മുതൽ 14 A. D. വരെ റോമാസാമ്രാജ്യം ഭരിച്ചിരുന്ന അഗസ്റ്റസ് സീസറിന്റേതാണ്. പുരാതന റോമാസാമ്രാജ്യത്തിലെയും അന്ധകാരയുഗങ്ങളിലെയും മദ്ധ്യയുഗങ്ങളിലെയും യൂറോപ്പിലെ എല്ലാ രാജ്യങ്ങളിലെയും നാണയങ്ങൾ അവിടെ കാണാനുണ്ട്. അക്കൂട്ടത്തിൽ വി. പത്രോസിന്റെ മാദ്ധ്യസ്ഥതാൽ അത്ഭുതകരമാംവണ്ണം രോഗശമനം ലഭിച്ച ഒരു തീർത്ഥകന്റെ കൃതജ്ഞതാവചസ്സുകൾ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുള്ള ഒരു പലകയും കണ്ടുകിട്ടിയിട്ടുണ്ട്. സൂക്ഷ്മപരിശോധനയാൽ അതു ആറാം നൂററാണ്ടിലേതാണെന്നു തെളിഞ്ഞിരിക്കുന്നു. അനേകശതാബ്ദങ്ങളിലൂടെ ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും ആ വിശുദ്ധതീർത്ഥത്തിലെത്തി പ്രാർത്ഥിക്കുകയും അപ്പസ്തോലന്റെ പൂജ്യാവശിഷ്ടങ്ങളെ വണങ്ങുകയും ചെയ്തിട്ടുള്ള ഭക്തലക്ഷങ്ങൾ അവിടെ നിക്ഷേപിച്ച കാണിക്കകൾ

(ശേഷം 8-ാം പേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 | ERNAKULAM, JANUARY 27, 1954 | No. 22


# ജനാധിപത്യവ്യവസ്ഥിതിയിലെ തുറുപ്പുചീട്ട്

ജനങ്ങൾക്കുവേണ്ടി, ജനങ്ങൾ വഴി, ജനങ്ങളാൽതന്നെ നിർവ്വഹിക്കപ്പെടുന്ന ജനകീയഭരണരീതിയെയാണല്ലോ നാം ജനാധിപത്യം എന്നു പറയുന്നത്. അതു പരിപൂർണ്ണമായും പൊതുജനങ്ങളുടേതാണ്. തന്മൂലം ജനാധിപത്യവ്യവസ്ഥിതിയിൽ ഓരോ പൗരനും വളരെ ഗുരുതരങ്ങളായ കർത്തവ്യങ്ങളും, പാവനങ്ങളും അമേയങ്ങളുമായ അവകാശങ്ങളും സംസിദ്ധമാകുന്നു. ഈവക കർത്തവ്യങ്ങളും അവകാശങ്ങളുമാണ് ജനാധിപത്യരാഷ്ട്രം അതിന്റെ ഭരണഘടനമൂലം പ്രഖ്യാപിക്കുന്നത്. ഒരു രാഷ്ട്രത്തിന്റെ ഭരണഘടന നിർദ്ദേശാത്മകമാണ്; പ്രാവർത്തികമല്ല. പ്രവൃത്തി പൗരധർമ്മമാണ്. ഓരോ പൗരനും രാഷ്ട്രത്തിന്റെ പുരോഗതിക്കുവേണ്ടി ഭരണഘടനയെ മാർഗ്ഗദർശകമാക്കി നിസ്തന്ദ്രം പരിശ്രമിക്കുമ്പോഴാണ് ഭരണചക്രം മുമ്പോട്ടുനീങ്ങുന്നത്. ജനതയുടെ പൗരധർമ്മനിർവ്വഹണത്തിൽ ഉണ്ടാകുന്ന ഓരോ വ്യതിയാനങ്ങളും തന്മൂലം രാഷ്ട്രത്തിന്റെ ചരിത്രത്തിൽ പ്രതിഫലിക്കുന്നു; വൈകല്യങ്ങൾ സുഗമമായ അതിന്റെ പുരോഗതിയെ താറുമാറാക്കുന്നു. ജനാധിപത്യവ്യവസ്ഥിതിയിൽ പൗരന്മാരുടെ സ്വതന്ത്രമായ സഹകരണത്തിനുള്ള പ്രാധാന്യത്തെ വിശദമാക്കുന്നതിനാണ് തത്വശാസ്ത്രകോവിദനായ അരിസ്റ്റോട്ടൽ "സ്വാതന്ത്ര്യമാണ് ജനാധിപത്യത്തിന്റെ അസ്ഥിവാരം" എന്നു പ്രഖ്യാപിച്ചിട്ടുള്ളത്. അതുകൊണ്ട്, ഓരോ പൗരനും സഹപൗരന്മാരോടുള്ള പെരുമാററത്തിൽ കണിശമായും നീതിബോധം പാലിക്കുകയും, വ്യക്തിത്വവും ഗാർഹികവും, സാമൂഹ്യവുമായ അവകാശങ്ങളെ കൈകാര്യം ചെയ്യുന്നതിൽ രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങൾക്കു അർഹമായ പ്രാധാന്യം നൽകുകയും, പൊതുജീവിതത്തിൽ സ്വാർത്ഥരഹിതവും കളങ്കമററതുമായ ആദർശങ്ങളിൽ ഉറച്ചുനില്ക്കുകയും ചെയ്യെങ്കിൽ മാത്രമേ ഒരു രാജ്യത്തിൽ സാക്ഷാത്തായ ജനാധിപത്യം നിലനിർത്തുന്നതിനും വിജയിപ്പിക്കുന്നതിനും സാധിക്കുകയുള്ളു.

## ഭരണകൂടം തിരഞ്ഞെടുക്കപ്പെടുന്നു

പ്രവർത്തനപരിപാടികളോടുകൂടിയ ഏതൊരു സ്ഥാപനത്തിനും ഭരിക്കുന്ന ഒരു വിഭാഗം അവശ്യാവശ്യമാണ്. ഒരു രാഷ്ട്രത്തെ സംബന്ധിച്ച് അതിന്റെ പരിപാടികൾ മുഴുവൻതന്നെ പ്രവർത്തനാത്മകമാണല്ലോ. അതുകൊണ്ട് ആ സ്ഥാപനത്തെത്തന്നെ ഗവർമ്മെൻറ് എന്നാണ് വിളിക്കുന്നത്. എന്നാൽ ജനാധിപത്യത്തിലെ എല്ലാം പൗരവ്യക്തികളും എല്ലാ ഭരണകാര്യങ്ങളിലും നേരിട്ടല്ല ഇടപെടുന്നത്. ഭരണം നടത്തുന്നതിന് അവരിൽ ഒരു വിഭാഗത്തെ തിരഞ്ഞെടുത്തു ഭരമേല്പിക്കുന്നു. ഈ ഭരണകൂടത്തെ തിരഞ്ഞെടുക്കുന്നതിലാണ് പൗരാവലി രാഷ്ട്രത്തോടുള്ള അവരുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുന്നത്. അതിലാണ് പൗരാവകാശങ്ങളെ സുരക്ഷിതമാക്കുന്നതിനും ജനാധിപത്യാദർശത്തെ വിജയിപ്പിക്കുന്നതിനും വേണ്ട സാഹചര്യങ്ങൾ അവർ സൃഷ്ടിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നത്. ഒരു പൊതുതിരഞ്ഞെടുപ്പിൽ പ്രായപൂർത്തിയായ ഓരോ പൗരനും രാജ്യത്തിന്റെ പൊതുശ്രേയസ്സിനും അവന്റെ അവകാശങ്ങളുടെ സംരക്ഷണത്തിനും അനുയോജ്യമായി ഭരണം നടത്തുമെന്നു ബോദ്ധ്യമുള്ള പാർട്ടിക്കും സ്ഥാനാർത്ഥികൾക്കും വോട്ടുചെയ്തു ജയിപ്പിച്ച് ഭരണം അവരെ ഭരമേല്പിക്കുന്നു. തെരഞ്ഞെടുപ്പുവേളയിൽ ഒരു പൗരൻ കൈയിലെടുക്കുന്ന വോട്ടാണ് ജനാധിപത്യവ്യവസ്ഥിതിയിൽ ഭരണപരമായ അവന്റെ സകല പ്രവർത്തനങ്ങളേയും സംഗ്രഹിക്കുന്ന അടയാളം, പൗരധർമ്മത്തിൽ അവന്റെ 'തുറുപ്പുചീട്ട്'. ഈ തുറുപ്പുചീട്ട് ദുരുപയോഗിച്ചാൽ ജനാധിപത്യം നശിക്കും; നന്നായുപയോഗിച്ചാൽ ജനാധിപത്യം ജയിക്കും. നമ്മുടെ തിരുകൊച്ചിസംസ്ഥാനം ഏതാനും ദിവസങ്ങൾക്കുള്ളിൽ ഇപ്രകാരമുള്ള ഒരു തിരഞ്ഞെടുപ്പുരംഗത്തെ അഭിമുഖീകരിക്കും. അപ്പോൾ പൗരന്മാരായ നാം നമ്മുടെ പൗരാവകാശങ്ങളേയും കർത്തവ്യങ്ങളേയും സംബന്ധിച്ച് എന്തു നിലപാടാണ് സ്വീകരിക്കുന്നതെന്നു ഖണ്ഡിതമായി വ്യക്തമാക്കണം. വോട്ടാകുന്ന തുറുപ്പുചീട്ട് എടുത്തു പ്രയോഗിക്കണം.

## രാഷ്ട്രീയപ്രബുദ്ധത

ജനാധിപത്യത്തിന്റെ ശരിയായ പ്രവർത്തനത്തിനും അതിന്റെ പരമമായ വിജയത്തിനും അത്യന്താപേക്ഷിതമായ ഒരു സ്ഥിതിവിശേഷമാണ് ആ രാജ്യത്തിലെ പൗരന്മാരുടെ രാഷ്ട്രീയപ്രബുദ്ധത. പ്രസിദ്ധ പണ്ഡിതനായ ബെർണ്ണാർഡ്ഷാ ആധുനികജനാധിപത്യവ്യവസ്ഥിതിക്കെതിരായി ഉന്നയിച്ചിട്ടുള്ള ഒരു ന്യായം പൊതുജനങ്ങളുടെ രാഷ്ട്രീയപ്രബുദ്ധതാരാഹിത്യമാണ്. ഇന്നു ലോകം എത്രയധികം പുരോഗമിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും ജനത പൊതുവെ ഒരു ജനാധിപത്യം കൈകാര്യം ചെയ്യുന്നതിന് വേണ്ടത്ര സാമാന്യപ്രബുദ്ധതപോലും ഇല്ലാത്തവരാണ് എന്നത്രെ അദ്ദേഹത്തിന്റെ അഭിപ്രായം. ഇതു അടിസ്ഥാനരഹിതവുമല്ല. സ്വീകാര്യമായ ഒരു പൊതുതോതുവച്ചു നോക്കിയാൽ പ്രജാധിപത്യതത്വങ്ങൾക്കനുസരണമായ പ്രബുദ്ധതയുള്ളവർ ഒരു ശതമാനത്തിൽ കൂടുകയില്ല എന്നാണ് പറയപ്പെടുന്നത്. ഇതു യഥാർത്ഥത്തിൽ ജനാധിപത്യത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു വലിയ വിലങ്ങുതടിയല്ലയോ? വിദ്യാഭ്യാസത്തിൽ പൊതുവേയും രാഷ്ട്രീയപ്രബുദ്ധതയിൽ പ്രത്യേകിച്ചും വളരെ പിന്നണിയിൽ നില്ക്കുന്ന ഒരു ജനാധിപത്യരാഷ്ട്രമാണ് നമ്മുടെ നവഭാരതം. സുദീർഘമായ വിദേശാധിപത്യംമൂലം രാഷ്ട്രീയപ്രബുദ്ധതയിൽ നാം വളരെ അധഃപതിച്ചുപോയി എന്നു സമ്മതിക്കാതെ തരമില്ല. അങ്ങനെയിരിക്കെ ഒരു സുപ്രഭാതത്തിൽ നമുക്കു സ്വാതന്ത്ര്യം കൈവന്നു. ആ സ്വാതന്ത്ര്യത്തെ ജനാധിപത്യത്തിന്റെ ആധുനികമാനദണ്ഡങ്ങൾക്കനുസരിച്ചു കൈകാര്യം ചെയ്യേണ്ട കർത്തവ്യമാണ്, അതിന്റെ ബാലപാഠങ്ങൾപോലും ഹൃദിസ്ഥമാക്കിട്ടില്ലാത്ത നാം നിർവ്വഹിക്കേണ്ടിവന്നിരിക്കുന്നത്. ഗുരുതരമായ ഈ പ്രശ്നത്തിന്റെ മുമ്പിലാണ് ഭാരതം ഇന്നു നിലകൊള്ളുന്നത്. തന്മൂലം ഓരോ തിരഞ്ഞെടുപ്പുകളിലും അടിക്കടി പ്രത്യക്ഷമാകുന്ന ബാലചാപല്യങ്ങളും ഗുരുതരമായ തെററുകളും കണ്ടു സഹികെട്ട്, നമുക്കു ജനാധിപത്യത്തിനു കാലമായിട്ടില്ല എന്നു ശുദ്ധഗതിക്കാരായ ചില പ്രബുദ്ധനേതാക്കന്മാർപോലും അഭിപ്രായപ്പെട്ടുപോകുന്നു. ഇതിൽ കുറെ ഏറെ വാസ്തവമുണ്ട്. എന്നാൽ ഇതേപ്പററി നിരാശപ്പെട്ടിരുന്നു സമയം പാഴാക്കുന്നതിൽ അർത്ഥമില്ല. സാഹചര്യങ്ങൾക്കനുസരിച്ചു പ്രബുദ്ധരാകുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുകയും അത്യദ്ധ്വാനംമൂലം ലക്ഷ്യം പ്രാപിക്കുന്നതിനു കിണഞ്ഞുപരിശ്രമിക്കുകയുമാണ് വേണ്ടതു്.

> "നിശ്ചയമായും, സ്വാതന്ത്ര്യാദർശത്തെ പ്രായോഗികമാക്കുന്നതിനുവേണ്ടി നിലകൊള്ളുന്നതാണു പ്രജാധിപത്യം. എന്നാൽ 'തോന്ന്യാസം' പ്രവർത്തിക്കുന്നതിനുള്ള മനോഭാവത്തിൽനിന്നു അതിവിദൂരസ്ഥിതവും, സ്വന്തമനസ്സാക്ഷിപ്രകാരം തനിക്കുള്ള അവകാശങ്ങളോടൊപ്പം മററുള്ളവരുടെ സ്വാതന്ത്ര്യത്തെയും അഭിമാനത്തെയും അവകാശങ്ങളേയും സംയോജിപ്പിച്ചുകൊണ്ടു പോകുന്നതും, പൊതുനന്മയെ സംബന്ധിച്ചു ഒരുതരത്തിലുമുള്ള ഉത്തരവാദിത്വത്തെപ്പററി അവബോധമുളവാക്കുന്നതുമായ സ്വാതന്ത്ര്യം മാത്രമാണു ആദർശപരമായ സ്വാതന്ത്ര്യം."
>
> "ദൈവത്തോടു ബഹുമാനവും, അവിടുത്തെ പ്രമാണങ്ങളോട് അനുസരണവും, തമ്മിൽ തമ്മിൽ ക്രിസ്തീയമായ ഐക്യവും സാഹോദര്യവും പാലിക്കപ്പെടുന്ന ഒരന്തരീക്ഷത്തിൽ മാത്രമേ, സ്വാഭാവികമായി, പ്രസ്തുത പ്രജാധിപത്യം നിലനില്ക്കുകയും വിജയിക്കുകയും ചെയ്കയുള്ളു."
>
> പന്ത്രണ്ടാം പീയൂസ് —
> ക്രിസ്തുമസ് സന്ദേശം

## വർജ്ജ്യമായ വർഗ്ഗീയത

വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും രാഷ്ട്രീയപ്രബുദ്ധതയിലും ഭാരതത്തിൽ മുന്നണിയിൽ നില്ക്കുന്ന ഒരു സ്റ്റേററാണ് തിരുകൊച്ചി. എന്നാൽ ഇവിടത്തെ രാഷ്ട്രീയാന്തരീക്ഷം ഈ ബഹുമതികൾക്കനുപൂർണ്ണമായ ഒരു മാനദണ്ഡം പാലിക്കുന്നതിനു പരാജയപ്പെട്ടിരിക്കയാണ് എന്നു പറയാതെ കഴിവില്ല. സങ്കുചിതമായ ചില വീക്ഷണഗതികളും [illegible] സഹകരണരാഹിത്യവുമാണ് തിരുകൊച്ചിയുടെ സകല കഴിവുകളേയും പാഴാക്കുന്നത്. വിശിഷ്ടമായ മൂല്യങ്ങളെ ദുർവിനിയോഗം ചെയ്തു അവർ രാജ്യത്തെ നശിപ്പിക്കുകയും സ്വയം നശിക്കുകയും ചെയ്യുന്നു. സ്വാർത്ഥതയും വർഗ്ഗീയതയുമാണ് ഇവയിൽ പ്രമുഖങ്ങളായിട്ടുള്ളത്. മററുള്ള എല്ലാം "ഇസ്സ"ങ്ങളെക്കാളും കൂടുതലായി നമ്മുടെ നാടിനെ നശിപ്പിക്കുന്നതു സ്വാർത്ഥജടിലമായ "അവനവനിസ്സ"മാണ്. സ്വന്തം കാര്യം കാണുന്നതിനുവേണ്ടി—ഒരു ജനപ്രതിനിധിസ്ഥാനം കൈക്കലാക്കുന്നതിന്, ഒരു മന്ത്രിപട്ടം തട്ടിയെടുക്കുന്നതിന്, അനർഹമായ സ്വാധീനശക്തി പുലർത്തുന്നതിന്, എന്നുവേണ്ട, എന്തെങ്കിലുമൊരു സ്വാർത്ഥത നേടുന്നതിന്—ഏതു അനീതിയും പ്രവർത്തിക്കുന്നതിനു മടിയില്ലാത്ത മനസ്ഥിതിയാണ് സാമാന്യമായി നമ്മുടെയിടയിൽ പ്രത്യക്ഷപ്പെടുന്നത്. മാത്രമല്ല തന്റെ നിലപാട് സാധൂകരിക്കുന്നതിനു എത്ര കള്ളക്കഥകൾ വേണമെങ്കിലും കെട്ടിച്ചമയ്ക്കുന്നതിനുള്ള പ്രാഗത്ഭ്യവും അതു ഫലിപ്പിക്കുന്നതിനുള്ള സാമർത്ഥ്യവും നമുക്കു വേണ്ടുവോളം സുലഭമാണ്. ഈ കയ്യാങ്കളിയുടെ പ്രധാന കളിത്തട്ടാണ് വർഗ്ഗീയത. സ്ഥാനത്തും അസ്ഥാനത്തും വർഗ്ഗീയതയുടെ പേരിൽ സാമാന്യജനങ്ങളെ വഞ്ചിച്ചുപജീവിക്കുന്ന ഇത്തിക്കണ്ണികളായ നേതൃമന്യന്മാരും [illegible] വിരളമല്ല. പിന്തിരിപ്പന്മാരുടെ തുറുപ്പുചീട്ടു വർഗ്ഗീയതയാണ്. സാമാന്യജനങ്ങളെ ചൂഷണം ചെയ്യുന്നതിനുവേണ്ടി അതു സുലഭമായി പ്രയോഗിക്കപ്പെടുന്നു. അനർഹമായ ഒരു സ്ഥാനത്തു കയറിപ്പററുന്നതിനോ, അപഹരിച്ചെടുത്ത ഒരൈശ്വര്യം നിലനിർത്തുന്നതിനോ, അഭികാമ്യമായ ചില നേതൃത്വങ്ങൾ പുലർത്തുന്നതിനോവേണ്ടി സാഹസപ്പെടുന്നവർക്കു ഏററം എളുപ്പമുള്ള ഒരു പ്രവർത്തനരംഗമായിട്ടാണ് വർഗ്ഗീയതയെ കണക്കാക്കിയിട്ടുള്ളത്. മതവിശ്വാസത്തിലും സാമൂഹ്യപാരമ്പര്യങ്ങളിലും കേരളീയർക്കുള്ള അഭിമാനം ഒന്നു പ്രത്യേകമാണല്ലോ. അതുകൊണ്ടു അവയുടെ പേരിൽ സാമാന്യജനങ്ങളെ സമീപിക്കുന്നതിനും അവരുടെ ആനുകൂല്യവും സഹതാപവും നേടുന്നതിനും എളുപ്പമുണ്ട്. ഏതെങ്കിലും സ്വാർത്ഥോദ്ദേശം സാധിക്കണമെങ്കിൽ തല്പരകക്ഷി സമുദായത്തിന്റെ പേരിൽ ഒരു പ്രക്ഷോഭണവുംകൊണ്ടു മുന്നോട്ടുവരികയായി. ഇതരസമുദായങ്ങൾ തങ്ങളെ വഞ്ചിക്കുന്നു; മർദ്ദിക്കുന്നു; ചൂഷണം ചെയ്യുന്നു എന്നു തുടങ്ങി ആരോപണശരങ്ങൾ നാലുഭാഗത്തേക്കും തൊടുത്തുവിടുകയായി. പ്രക്ഷോഭണാഹ്വാനം മുഴക്കുകയായി. വമ്പിച്ച മീററിംഗുകളും പ്രമേയങ്ങളുംകൊണ്ടും ബഹളമായി. സാമാന്യജനങ്ങൾ ഒന്നുമറിയാതെ ചേരിതിരിയുകയായി. അനന്തരസംഭവങ്ങൾ [illegible]! ഒരു വ്യക്തിയുടെ സ്വാർത്ഥലാഭത്തിനുവേണ്ടി സമുദായത്തെ കരുവാക്കിക്കളിപ്പിച്ചു മുതലെടുക്കുന്ന രീതിയാണിതു. ഇത്തരം ഉദാഹരണങ്ങൾ എത്ര വേണമെങ്കിലും നമുക്കു ചുററിലും അനുദിനം കാണാവുന്നതാണ്.

## തിരഞ്ഞെടുപ്പ്

തിരുകൊച്ചിയെ സംബന്ധിച്ചു പറകയാണെങ്കിൽ, ജനാധിപത്യത്തെ പ്രായോഗികമാക്കുന്നതിനു രണ്ടു തിരഞ്ഞെടുപ്പു പരീക്ഷണങ്ങൾ നടത്തിക്കഴിഞ്ഞു. അവയിൽ ഓരോന്നിലും [illegible] ചില പാഠങ്ങൾ പഠിക്കുന്നതിനും ഇടയായിട്ടുണ്ട്. ഇപ്പോൾ ഒരു പുതിയ തിരഞ്ഞെടുപ്പു ആസന്നമായിരിക്കുന്നു. പഴയ അനുഭവങ്ങളെ അടിസ്ഥാനമാക്കി കൂടുതൽ പ്രബുദ്ധതയോടുകൂടി പ്രവർത്തിച്ചു ജനാധിപത്യവ്യവസ്ഥിതിയെ വിജയകരമായി കൈകാര്യം ചെയ്യുന്നതിനുള്ള നമ്മുടെ കഴിവുകളെ പ്രകടമാക്കി ഭാരതത്തിനു പൊതുവിൽ ഒരു മാർഗ്ഗദർശനം നൽകേണ്ടതു നമ്മുടെ കർത്തവ്യമാണ്. സ്വാർത്ഥോദ്ദേശ്യങ്ങളും കുടിവഴക്കുകളും വർഗ്ഗീയമനോഭാവവും മാററിവച്ചിട്ട് സന്ദർഭോചിതമായി ഉയർന്നു പൗരധർമ്മത്തിന്റെ ഉത്തുംഗപീഠത്തിന്മേൽനിന്നുകൊണ്ടു ഭാവിയെപ്പററി ഖണ്ഡിതമായ ഒരു വിധി പറയുക. ഒന്നുകിൽ അതു ഭാരതത്തിൽ ജനാധിപത്യവിജയത്തിന്റെ പതാക ഉയർത്തലായിരിക്കും; അല്ലെങ്കിൽ അതു സ്വാതന്ത്ര്യത്തിന്റെ ഭരതവാക്യം ഉരുവിടുകയായിരിക്കും. ഓരോ പൗരന്റേയും കൈയിലിരിക്കുന്ന തുറുപ്പുചീട്ടാകുന്ന വോട്ടാണ് ഇതു തീരുമാനിക്കേണ്ടതു്.

തിരുകൊച്ചി അസംബ്ലിയിൽ 117 സ്ഥാനങ്ങളാണുള്ളതു്. അത്രയും പ്രതിനിധികളാണ് പൊതുജനങ്ങളുടെ പേരിൽ പൊതുജനപ്രാതിനിധ്യം വഹിച്ചുകൊണ്ടു രാജ്യത്തെ ഭരിക്കേണ്ടതു്. ഈ 117 സീററുകളിലേക്കു ഇത്തവണ മത്സരിക്കുന്നതു 265 പേരാണ്. ബഹുഭൂരിപക്ഷവും ഓരോ പാർട്ടി ടിക്കററിലാണ് നില്ക്കുന്നതു്. ഏതാനും സ്വതന്ത്രന്മാരുമുണ്ടു്. ഇവരിൽ ആർക്കാണ് നാം നമ്മുടെ വോട്ടുകൾ കൊടുക്കേണ്ടതു്? മുകളിൽ വിശദമാക്കിയ പൊതുതത്വങ്ങൾ ഇക്കാര്യത്തിൽ ശരിയായ ഒരു തീരുമാനമെടുക്കുന്നതിനു വേണ്ടുവോളം മതിയാകുമെന്നു ഞങ്ങൾ കരുതുന്നു. സ്വാർത്ഥമതികളാൽ നാം വഞ്ചിക്കപ്പെടാതിരിക്കണം. വർഗ്ഗീയചിന്തകളും അതിൽ അടിയുറപ്പിച്ചുകൊണ്ടുള്ള കുപ്രചരണങ്ങളും നമ്മെ വഴിതെററിക്കാതിരിക്കണം. രാഷ്ട്രീയപ്രബുദ്ധതയോടുകൂടി പൗരധർമ്മം നിറവേററുന്നതിനുള്ള അറിവ് ഓരോ പാർട്ടികളേയും ഓരോ വ്യക്തികളേയുംപററി കഴിവതു നാം സമ്പാദിക്കണം. പരിപൂർണ്ണമായ സ്വാതന്ത്ര്യബോധത്തോടുകൂടി നമ്മുടെ കർത്തവ്യം നാം നിറവേററണം. നമ്മുടെ തുറുപ്പുചീട്ടു വിശദമായി നാമിറക്കണം. പ്രജാധിപത്യം ജയിക്കുകയായി.

## പാർട്ടികളുടെ നില

ജനാധിപത്യത്തിന്റെ ആധുനികഭരണരീതി പാർട്ടി അടിസ്ഥാനത്തിലാണല്ലോ നടത്തപ്പെടുന്നതു്. പാർട്ടികളോരോന്നും ഒരു പ്രകടനപത്രികവഴിയായി ഭരണത്തിൽ അവർക്കുള്ള ലക്ഷ്യത്തേയും അതു സാധിക്കുന്നതിനു പ്രയോഗിക്കുവാൻ ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങളേയും പൊതുജനങ്ങളെ അറിയിക്കുന്നു. ഇതഃപര്യന്തമുള്ള പാർട്ടിയുടെ ചരിത്രവും പാരമ്പര്യവുമാണ് അതിനു തെളിവായി ചൂണ്ടിക്കാണിക്കപ്പെടുക. സമ്മതിദാനാവകാശമുള്ള ഓരോ വോട്ടറും അവയെപ്പററി പഠിച്ച്, ഇന്ന പാർട്ടിയെ അനുകൂലിക്കുന്നു എന്നു തന്റെ വോട്ടുമൂലം രേഖപ്പെടുത്തുന്നു. കൂടുതൽ ജനസമ്മതി ലഭിക്കുന്ന പാർട്ടി മന്ത്രിസഭ രൂപീകരിച്ചു ഭരണം നടത്തുന്നു. ഇതാണ് പാർട്ടിഭരണത്തിന്റെ സാമാന്യരൂപം.

തിരുകൊച്ചിയിലെ ആസന്നമായ തിരഞ്ഞെടുപ്പിനു ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടി എല്ലാ സീററുകളിലും

തന്നെ സ്ഥാനാർത്ഥികളെ നിർത്തിയിട്ടുണ്ടു്. ഭാരതം ഒരു വിദേശശക്തിയിൽനിന്നു സ്വാതന്ത്ര്യം പിടിച്ചുവാങ്ങിയതു കോൺഗ്രസ്സുമുഖേനയാണു്. സ്വാതന്ത്ര്യലബ്ധിക്കുശേഷം നവജാതയായ ഭാരതരാഷ്ട്രത്തെ ഒരു തികഞ്ഞ ജനാധിപത്യമാക്കി കരുപ്പിടിപ്പിച്ചു വളർത്തിക്കൊണ്ടുവരുന്നതു കോൺഗ്രസ്സ് പാർട്ടിയാണു്. ഭീകരമായ വർഗ്ഗീയലഹളകളെ ശമിപ്പിക്കുന്നതിനും, എല്ലാ വിഭാഗങ്ങൾക്കും സ്വാതന്ത്ര്യത്തെയും സമത്വത്തെയും അഭിവൃദ്ധിമാർഗ്ഗങ്ങളേയും ഒരുപോലെ സമഭാവനയോടുകൂടി പ്രദാനം ചെയ്യുന്ന ഒരു ഭരണഘടന സംവിധാനം ചെയ്തു നടപ്പിലാക്കുന്നതിനും, ഭാരതത്തിന്റെ സാമ്പത്തികമായ സുസ്ഥിതിയെ സുരക്ഷിതമാക്കുന്നതിനു വേണ്ട കാർഷികവും വ്യവസായപരവുമായ പദ്ധതികളെ രാജ്യവ്യാപകമായവിധത്തിൽ സമാരംഭിക്കുന്നതിനും, ആഭ്യന്തരവും അന്താരാഷ്ട്രീയവുമായ ബന്ധങ്ങളിൽ അഭിമാനകരമായ ഒരു നില രാജ്യത്തിനകത്തും പുറത്തും ലോകമഹാശക്തികളുടെ ഇടയിൽപ്പോലും സമ്പാദിക്കുന്നതിനും ഇത്ര ചുരുങ്ങിയകാലത്തെ പ്രവർത്തനംകൊണ്ടു കോൺഗ്രസ്സ് ഭരണത്തിനു സാധിച്ചിട്ടുണ്ടു്. ഇവ പാർട്ടിയുടെ ആദർശങ്ങളുടെ മേന്മയും പരിപാടികളുടെ കാര്യക്ഷമതയും പ്രകടമായ തെളിവുകളാണു്. ഇപ്രകാരം ജനക്ഷേമകരമായ വിധം ജനാധിപത്യവ്യവസ്ഥിതിയെ തത്വത്തിലും പ്രയോഗത്തിലും പുരോഗമിപ്പിച്ചുകൊണ്ടു പോരുന്ന നമ്മുടെ മികച്ച ദേശീയസംഘടനയായ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിനെ ഒരിക്കൽക്കൂടി അംഗീകരിക്കുന്നതിനും, നമ്മുടെ വോട്ടുകൾകൊണ്ടു ശക്തിപ്പെടുത്തുന്നതിനും, പുരോഗമനപരമായ അതിന്റെ പരിപാടികളിൽ സഹകരിക്കുന്നതിനും അവയെ ത്വരിപ്പിക്കുന്നതിനുമുള്ള നമ്മുടെ സന്നദ്ധതയെ വിശദമാക്കുന്നതിനും ലഭ്യമായിരിക്കുന്ന ഈ അവസരം മാതൃരാജ്യത്തിന്റെ അഭിമാനത്തേയും അവളുടെ സ്വാതന്ത്ര്യത്തേയും വിലമതിക്കുകയും ഭാരതീയരായ അവശലക്ഷങ്ങളുടെ ഭാവിസൗഭാഗ്യത്തെ അഭിലഷിക്കുകയും ചെയ്യുന്ന യാതൊരുത്തരും പാഴാക്കാനും ദുരുപയോഗിക്കാതിരിക്കട്ടെ.

കോൺഗ്രസ്സ് പാർട്ടിക്കെതിരായി തിരുകൊച്ചി തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന പാർട്ടികളേയും അവരുടെ കൂട്ടുകെട്ടുകളേയും സംബന്ധിച്ചും ഓരോ വോട്ടറും പ്രത്യേകം മനസ്സിലാക്കിയിരിക്കേണ്ടതാണു്. ഇന്നു ലോകമൊന്നാകെ ആദർശപരമായി ചേരിതിരിച്ചിരിക്കുന്ന ശക്തികൾതന്നെയാണു് പ്രത്യക്ഷമായും പരോക്ഷമായും തിരുകൊച്ചിയുടെ അന്തരീക്ഷത്തിൽ തല ഉയർത്തിയിരിക്കുന്നതു്. ദൈവവിശ്വാസത്തേയും മനുഷ്യന്റെ ധാർമ്മികമൂല്യങ്ങളേയും വ്യക്തിസ്വാതന്ത്ര്യത്തേയും അംഗീകരിച്ചുപോരുന്ന വലതുപക്ഷം ചേരണമോ, അവയെല്ലാം പാടേ നിഷേധിച്ചു വിപ്ലവാത്മകവും രക്തപങ്കിലവും റഷ്യയ്ക്കു അടിപണിയുന്നതുമായ ഇടതുപക്ഷം ചേരണമോ എന്നുള്ളതുമാത്രമാണു് പ്രശ്നം. കഴിഞ്ഞ ലക്കത്തിൽ ഇക്കാര്യത്തിൽ തെറ്റിദ്ധാരണകൾ ദൂരീകരിക്കുന്നതിനും യാഥാർത്ഥ്യങ്ങൾ വിശദമാക്കുന്നതിനും സഹായകമായ ചില കുറിപ്പുകൾ ചേർത്തിരുന്നു. ഇത്തവണയും ഇതേപ്പറ്റി സംഗതമായ അഭിപ്രായങ്ങൾ മാന്യ സഹജീവികളിൽ നിന്നു മഹാരഥന്മാരായ നേതാക്കന്മാരുടെ അഭിപ്രായങ്ങളിൽനിന്നും വിപുലമായി ഞങ്ങൾ എടുത്തുദ്ധരിച്ചിട്ടുണ്ടു്. വസ്തുതകളെ അവയുടെ ശരിയായ വെളിച്ചത്തിൽ പ്രകാശിപ്പിക്കണമെന്നും അത്യാസന്നമായ ഈ തിരഞ്ഞെടുപ്പിൽ അജ്ഞതമൂലം യാതൊരു പൗരനും അമളിപറ്റാതിരിക്കാൻ കഴിവതു സഹായിക്കണമെന്നുമുള്ള കർത്തവ്യബോധമാണു് ഇതിൽ ഞങ്ങളെ പ്രേരിപ്പിച്ചിട്ടുള്ളതു്. ഓരോ പൗരനും തന്റെ വിലയേറിയ വോട്ടു് ഭാരതത്തിൽ ജനാധിപത്യം വിജയശ്രീലാളിതമാകത്തക്കവണ്ണം വിവേകമായി പ്രയോഗിക്കുവാൻ ഇടവരട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### 117സീറ്റിനു് 265സ്ഥാനാർത്ഥികൾ മത്സരിക്കുന്നു

നോമിനേഷൻപേപ്പർ പിൻവലിക്കുവാനുള്ള അവസാനതീയതി ജനുവരി 15 ആയിരുന്നല്ലോ. 70-ൽപ്പരം സ്ഥാനാർത്ഥികൾ അവരുടെ നോമിനേഷൻ പേപ്പർ പിൻവലിച്ചു. ശേഷിക്കുന്ന 265പേരാണു 106മണ്ഡലങ്ങളിൽ 117 നിയമസഭാസീറ്റിനായി മത്സരിക്കുന്നതു്. അവരിൽ 115പേർ കോൺഗ്രസ്സ് സ്ഥാനാർത്ഥികളും 16പേർ തമിഴ്നാട് കോൺഗ്രസ്സുകാരുമാണു്. ബാക്കിയുള്ളവരിൽ കമ്മ്യൂണിസ്റ്റ്; ആർ. എസ്സ്. പി; കെ. എസ്സ്. പി; പി. എസ്സ്. പി. സ്ഥാനാർത്ഥികളും സ്വതന്ത്രരും ഉൾപ്പെടുന്നു. ഇപ്പോഴത്തെ സ്പീക്കർ ഒരു നിയോജകമണ്ഡലത്തിൽ മത്സരിക്കുന്നുണ്ടു്. അവിടെ കോൺഗ്രസ്സ് പാർട്ടി സ്ഥാനാർത്ഥിയെ നിർത്തിയിട്ടില്ല. കഴിഞ്ഞപ്രാവശ്യം സ്വതന്ത്രസ്ഥാനാർത്ഥികൾ വളരെയധികം ഉണ്ടായിരുന്നു. ഇത്തവണ അവരുടെ സംഖ്യ വളരെ കുറഞ്ഞിട്ടുണ്ടു്. മിക്ക നിയോജകമണ്ഡലങ്ങളിലും ഈരണ്ടുപേർ മാത്രമേ മത്സരിക്കുന്നുള്ളു. ആ മത്സരം പ്രധാനമായും കോൺഗ്രസ്സ് പാർട്ടി ഒരുവശത്തും ഇടതുപക്ഷപാർട്ടികൾ മറുവശത്തും നിന്നുള്ളതാണു്. ഇടതുപക്ഷപാർട്ടികളിൽ കൂടുതൽ സ്ഥാനാർത്ഥികളെ നിർത്തിയിട്ടുള്ളതു് കമ്മ്യൂണിസ്റ്റുകാരും പി. എസ്സ്. പി. യും ആകുന്നു. ആർ. എസ്സ്. പി. യുടേയും കെ. എസ്സ്. പി. യുടേയും സ്ഥാനാർത്ഥികൾ താരതമ്യേന കുറവാണു്. പി. എസ്സ്. പി. കഴിഞ്ഞ തിരഞ്ഞെടുപ്പിലെപ്പോലെ തനിച്ചുനിന്നല്ല, പിന്നെയോ മറ്റു മൂന്നു ഇടതുപക്ഷപാർട്ടികളുമായി കൂട്ടുകെട്ടിലും പരസ്പരധാരണയിലുംനിന്നാണു് ഇത്തവണ മത്സരിക്കുന്നതു്.

### രണ്ടു പുതിയ പാർട്ടികൾ

രണ്ടു പുതിയ പാർട്ടികൾ ഇത്തവണത്തെ തിരഞ്ഞെടുപ്പിൽ ആദ്യമായി രംഗത്തിറങ്ങിയിട്ടുണ്ടു്. ജനസംഘവും റവല്യൂഷണറികമ്മ്യൂണിസ്റ്റുപാർട്ടിയും (ആർ. സി. പി.) ആണിവ. ഒന്നും രണ്ടും സ്ഥാനാർത്ഥികളെയാണു് ഇവർ നിർത്തിയിട്ടുള്ളതു്. റഷ്യൻ വിപ്ലവത്തിൽ ലെനിന്റെ വലംകൈയായി നില്ക്കുകയും, സ്റ്റാലിൻ റഷ്യൻ സ്വേച്ഛാധിപതിയായപ്പോൾ ആ രാജ്യത്തുനിന്നു ഒളിച്ചോടേണ്ടിവരികയും, ഒടുവിൽ മെക്സിക്കോയിൽവച്ചു സ്റ്റാലിന്റെ ചാരന്മാരാൽ വധിക്കപ്പെടുകയുംചെയ്ത ട്രോട്സ്കിയുടെ അനുയായികളാണു് ആർ. സി. പി. ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയപരിപാടികളെയെല്ലാം എതിർക്കുന്നവരാണു് തങ്ങളെന്നു് ഇവർ അവകാശപ്പെടുന്നു. ഏതുവശത്തിലും "റവല്യൂഷനറി കമ്മ്യൂണിസ്റ്റ്പാർട്ടി" എന്ന പേരിൽനിന്നുതന്നെ വെളിപ്പെടുന്നപോലെ അവർ കൂടുതൽ വിധ്വംസകമായ കമ്മ്യൂണിസ്റ്റ്പാർട്ടിയാണു്. തന്മൂലം ആ പാർട്ടിയും കത്തോലിക്കർക്കു നിഷിദ്ധംതന്നെ. ജനസംഘം എന്ന പാർട്ടി വടക്കെ ഇൻഡ്യയിൽ കേന്ദ്രമാക്കിയിട്ടുള്ള ഒരു വർഗ്ഗീയസംഘടനയാണു്. വർഗ്ഗീയമായതുകൊണ്ടു പ്രധാനമന്ത്രി നെഹ്രുതന്നെ ആ പാർട്ടിയെ പലപ്പോഴും ശക്തിയായി അപലപിച്ചിട്ടുണ്ടു്.

ഈ വിശകലനത്തിൽനിന്നു കാണാം, അടുത്തുവരുന്ന തിരഞ്ഞെടുപ്പിൽ സാക്ഷാൽ സമരം നടക്കുന്നതു്, വിമർശനപംക്തിയിൽ ഞങ്ങൾ ഉദ്ധരിച്ചിട്ടുള്ള കത്തോലിക്കാപത്രങ്ങളുടെ അഭിപ്രായങ്ങളിലടങ്ങിയിരിക്കുന്നതുപോലെ, കോൺഗ്രസ്സും ഇടതുപക്ഷപാർട്ടികളും തമ്മിലാണെന്നു്. പി. എസ്സ്. പി. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നേതൃത്വത്തിലുള്ള കൂട്ടുകെട്ടിൽ ഉൾപ്പെട്ടിരിക്കുകകൊണ്ടു് അതും യഥാർത്ഥരാജ്യസ്നേഹികളുടേയും പ്രജായത്ത ഭരണകാംക്ഷികളുടേയും ദൃഷ്ടിയിൽ നിഷിദ്ധമാകുന്നു. ഈ സാഹചര്യങ്ങളിൽ കത്തോലിക്കരുടെ കർത്തവ്യം കോൺഗ്രസ്സ് പാർട്ടിക്കു് വോട്ടുചെയ്യുകയും സകല പിൻതുണ നൽകുകയും ആണെന്നുള്ളതിനു് യാതൊരു സംശയവുമില്ല.

* * *

### പി. എസ്സ്. പി. യെപ്പറ്റി "ഹിന്ദു" പത്രം

കഴിഞ്ഞ ഡിസംബർ അവസാനത്തിൽ അലഹബാദിൽ സമ്മേളിച്ച പ്രജാസോഷ്യലിസ്റ്റ്പാർട്ടി കൺവൻഷനിൽ മി. കൃപലാനി ചെയ്ത പ്രസംഗത്തെ ഒരു മുഖപ്രസംഗത്തിൽ "ഹിന്ദു" പത്രം പരാമർശിക്കുകയായിരുന്നു. കമ്മ്യൂണിസ്റ്റ്പാർട്ടിയോടുള്ള പി. എസ്സ്. പി. യുടെ നിലയെ അതിൽ ഇങ്ങനെയാണു് വിമർശിച്ചിരുന്നതു്:-

"മി. കൃപലാനി പറയുന്നു, തന്റെ പാർട്ടി സർവ്വാധിപത്യപരമായ സകല രാഷ്ട്രീയാദർശങ്ങളേയും എതിർക്കുന്നുണ്ടെന്നു്. എന്നാൽ തിരഞ്ഞെടുപ്പുകളിൽ തന്റെ പാർട്ടി അവലംബിക്കേണ്ട നയോപായങ്ങളെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ വിശദീകരണത്തിൽനിന്നു കാണുന്നതു്, കമ്മ്യൂണിസ്റ്റുകാരുമായി തിരഞ്ഞെടുപ്പുസഖ്യങ്ങൾ ഉണ്ടാകാൻ വിരോധമില്ലെന്നാണു്. ഉദാഹരണമായി അടുത്തുവരുന്ന തിരു-കൊച്ചി തിരഞ്ഞെടുപ്പിൽ, ത്രികോണസമരങ്ങൾ ഒഴിച്ചുവിടുവാൻവേണ്ടി, സോഷ്യലിസ്റ്റുകളും കമ്മ്യൂണിസ്റ്റുകളും ഉഭയസമ്മതത്തോടുകൂടി ചിലമണ്ഡലങ്ങൾ ഓരോരുത്തർക്കും നീക്കിവച്ചിരിക്കുന്നതായി പറയപ്പെടുന്നു. മറ്റു പ്രതിപക്ഷപാർട്ടികളോടു കൂടിച്ചേർന്നു് ഒരു സംയുക്തഗവമെന്റു് രൂപീകരിക്കുവാനുള്ള സാദ്ധ്യതയും മി. കൃപലാനി എതിരായിരിക്കുന്നില്ല. ഈ പ്രസ്താവങ്ങളുടെ വെളിച്ചത്തിൽ ആലോചിച്ചാൽ കാണാം, കമ്മ്യൂണിസ്റ്റുകാരെപ്പറ്റിയുള്ള മി. കൃപലാനിയുടെ ആക്ഷേപം വളരെ ഗൗരവമുള്ളതായി പരിഗണിക്കാൻ പ്രയാസമാണെന്നു്."

തിരു-കൊച്ചിയിലെ പി. എസ്സ്. പി. ഈ തിരഞ്ഞെടുപ്പിലും അതിനുശേഷമുള്ള പ്രവർത്തനങ്ങളിലും കമ്മ്യൂണിസ്റ്റുകാരുമായി യോജിച്ചുനില്ക്കുകയാണെന്നല്ലയോ ഈ വാക്കുകളുടെ അർത്ഥം!

* * *

### തിരു-കൊച്ചി അവശക്രൈസ്തവഫെഡറേഷൻ കോൺഗ്രസ്സിനെ പിന്താങ്ങുന്നു.

"തിരുകൊച്ചി അവശസമുദായക്രിസ്ത്യൻ ഫെഡറേഷൻ സിക്രട്ടറി"യുടെ ഒരു പ്രസ്താവന ഒരു ഇടതുപക്ഷപത്രത്തിൽ കണ്ടതു് ഞങ്ങളെ അത്യന്തം അത്ഭുതപ്പെടുത്തുകയുണ്ടായി. ഇപ്പോഴത്തെ കോൺഗ്രസ്സ് ഗവമെന്റു് അവരെ വിസ്മരിച്ചിരിക്കുകയാണെന്നും അതിനാൽ അടുത്ത തിരഞ്ഞെടുപ്പിൽ അവർ കോൺഗ്രസ്സിനു് വോട്ടുനൽകുകയില്ലെന്നുമാണു് പ്രസ്താവനയുടെ താല്പര്യം. എന്നാൽ "യാതൊരു പ്രാതിനിധ്യമോ പ്രവർത്തനമോ ഇല്ലാത്ത" പ്രസ്തുത ഫെഡറേഷൻ സിക്രട്ടറി പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനയുമായി "തിരു-കൊച്ചി അവശക്രൈസ്തവഫെഡറേഷനു് യാതൊരു ബന്ധവുമില്ലെന്നും ഇത്തരം അബദ്ധപ്രസ്താവനകളിൽ വിശ്വസിച്ചു് അവശക്രൈസ്തവരും പൊതുജനങ്ങളും വഞ്ചിതരാകരുതെന്നും" ഉദ്ബോധിപ്പിച്ചുകൊണ്ടു് തിരു-കൊച്ചി അവശക്രൈസ്തവഫെഡറേഷൻ (തിരുവല്ല) പ്രസിഡണ്ടു് ശ്രീ പി. ചാക്കോ ഒരു പ്രസ്താവന പുറപ്പെടുവിച്ചുകാണുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ടു്.

തിരുവല്ലാ കേന്ദ്രമായിട്ടുള്ള പ്രസ്തുത അവശക്രൈസ്തവഫെഡറേഷൻ തിരുകൊച്ചിയിലെ 8 ലക്ഷത്തോളംവരുന്ന അവശക്രൈസ്തവരുടെ സാമൂഹ്യമായ ഉയർച്ചയ്ക്കുവേണ്ടി കഴിഞ്ഞ 12വർഷക്കാലമായി പ്രവർത്തിച്ചുവരുന്ന ഏകസാമുദായികസംഘടനയാണെന്നു് ആ പ്രസ്താവനയിൽനിന്നു മനസ്സിലാകുന്നു. അഖില തിരുവിതാംകൂർ ക്രിസ്ത്യൻ ചേരമർ മഹാജനസംഘം, സമസ്ത തിരുവിതാംകൂർ സാമ്പവർ ക്രിസ്ത്യൻ അസോസിയേഷൻ, അഖില തിരുവിതാംകൂർ കുറവർ ക്രിസ്ത്യൻ മഹാജനസംഘം, പൈനവർ ക്രിസ്ത്യൻ മഹാജനസംഘം എന്നിവ ഈ ഫെഡറേഷന്റെ ഘടകങ്ങളാണു്. വിവിധതാലൂക്കുകളിൽ സംഘടിപ്പിച്ചിട്ടുള്ള പ്രസ്തുത സംഘടനകളുടെ 700-ൽപ്പരം ശാഖാസംഘങ്ങളുടേയും പ്രവർത്തകരുടേയും അവശക്രൈസ്തവരെന്നറിയപ്പെടുന്ന ഏവരുടേയും പ്രാതിനിധ്യം പ്രസ്തുത ഫെഡറേഷനുണ്ടു്. ഈ ഫെഡറേഷൻ കോൺഗ്രസ്സിനോടു യോജിച്ചുതന്നെയാണു് ഇന്നേവരെ നിലകൊണ്ടിട്ടുള്ളതു്. ഫെഡറേഷൻ എക്സിക്യൂട്ടീവിലെ ഒരംഗമായ മി. പി. എം. മക്കോസിനെ കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി അദ്ദേഹത്തിന്റെ സ്വദേശമായ വിജയപുരം നിയോജകമണ്ഡലത്തിൽ നിർത്തിയിട്ടുണ്ടു്. "ആയതിനാൽ അവശക്രൈസ്തവരാരും തന്നെ കോൺഗ്രസ്സേതരകക്ഷികളുമായി സമ്പർക്കത്തിലേർപ്പെടരുതെന്നു്" പ്രസിഡന്റു് ശ്രീ പി. ചാക്കോ തന്റെ പ്രസ്താവനയിൽ ഉദ്ബോധിപ്പിക്കുന്നു.

അവശക്രൈസ്തവരുടെ ഒരു പ്രതിനിധിയെയെങ്കിലും തങ്ങളുടെ സ്ഥാനാർത്ഥിയായി സ്വീകരിച്ചതിൽ കോൺഗ്രസ്സിനേയും, ആ പ്രതിനിധിക്കുവേണ്ടി തന്റെ സ്ഥാനാർത്ഥിത്വം പിൻവലിച്ച മി. മണിയങ്കാടനേയും, തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനു പിൻതുണനൽകാൻ തന്നെ നിശ്ചയിച്ചിരിക്കുന്നതിൽ പ്രസ്തുത ഫെഡറേഷനേയും ഞങ്ങൾ അനുമോദിക്കുന്നു.

* * *

### കേന്ദ്രതൊഴിൽമന്ത്രി തൊഴിലാളികളെ ഉപദേശിക്കുന്നു

കേന്ദ്രതൊഴിലാളിമന്ത്രി മി. ഗിരി 1922-മുതൽ ട്രെയ്ഡ്യൂണിയൻ പ്രസ്ഥാനവുമായി അടുത്തു ബന്ധമുള്ള പ്രമാണപ്പെട്ട തൊഴിലാളി പ്രവർത്തകനാണു്. റെയിൽവേയും ട്രാൻസ്പോർട്ടും തൊഴിലാളികളുടെ യൂണിയൻ രൂപീകരിക്കുന്നതിൽ അദ്ദേഹം വലിയ പങ്കുവഹിച്ചിട്ടുണ്ടു്. അങ്ങനെ തൊഴിലാളികളുടെ കാര്യത്തിൽ താല്പര്യവും പരിചയവുമുള്ള നേതാവെന്ന നിലയിൽ മി. ഗിരി തൊഴിലാളികൾക്കു നൽകുന്ന ഉപദേശങ്ങൾക്കും ഉദ്ബോധനങ്ങൾക്കും വളരെ വിലയുണ്ടെന്നുള്ളതിനു് സംശയമില്ലല്ലോ. മദ്രാസ് മോട്ടോർ ഡ്രൈവേഴ്സ് അസോസിയേഷന്റെ ജൂബിലി ആഘോഷങ്ങൾ ഉൽഘാടനംചെയ്തുകൊണ്ടു് നടത്തിയ പ്രസംഗത്തിൽ അദ്ദേഹം തൊഴിലാളികളെ ഉദ്ബോധിപ്പിച്ചു, മുതലാളിമാരെ ഭീഷണിപ്പെടുത്തുന്നതോ ജോലിയിൽ അമാന്തം കാണിക്കുന്നതോ ആയ നടപടികൾ ഒരിക്കലും സ്വീകരിക്കരുതെന്നു്. കഴിഞ്ഞകാലങ്ങളിൽ ട്രെയ്ഡ്യൂണിയൻ പ്രവർത്തനം ഗവമെന്റുമായുള്ള സമരംനടത്തലായിട്ടാണു് അർത്ഥമാക്കപ്പെട്ടിരുന്നതു്. പിന്നീടു് മുതലാളിയുമായുള്ള സമരമായി അതു വ്യാഖ്യാനിക്കപ്പെട്ടു. ഇപ്പോഴാകട്ടെ യൂണിയനുകൾ തമ്മിലുള്ള സമരംനടത്തലായിട്ടാണു് അതു തീർന്നിരിക്കുന്നതു്. ഈ സമരത്തിന്റെ കാരണം നേതൃത്വത്തിനും അംഗത്വത്തിനും വേണ്ടിയുള്ള കിടമത്സരമാണു്. നേതൃത്വത്തിന്റെ ശക്തിയും സാമർത്ഥ്യവും കൂടുതൽ കൂടുതൽ അവകാശവാദങ്ങളിലാണു് കിടക്കുന്നതെന്നു് വിചാരിക്കപ്പെടുന്നു. അതു അജ്ഞതയുടെ ഫലമാണു്. തങ്ങളുടെ വൈഷമ്യങ്ങളുടേയും അവശതകളുടേയും യഥാർത്ഥകാരണം അന്വേഷിക്കുകയും അവ പരിഹരിക്കുവാൻ ശ്രമിക്കുകയുമാണു് തൊഴിലാളികൾ ചെയ്യേണ്ടതു്. ബാഹ്യമായ പരിഗണനകളാൽ പ്രേരിതരായാൽ അതു് കഷ്ടതയിലേ അവസാനിക്കുകയുള്ളു. മൂലധനം പുറമെനിന്നു വരുമെന്നു് ആരും മോഹിക്കേണ്ട: വന്നാൽതന്നെയും യഥാർത്ഥശക്തി നൽകാൻ അതിനു സാദ്ധ്യമല്ല. യഥാർത്ഥശക്തിക്കു വരാൻ കഴിയുന്നതു് ജോലിചെയ്യുവാനും ഉല്പാദിപ്പിക്കുവാനുമുള്ള അവരുടെ സ്വന്തം കഴിവിൽനിന്നാണു്. ഇന്നു ഇന്ത്യയിൽ മൂലധനം വിഷമത്തിലായിരിക്കുന്നു. മൂലധനം ഒളിവിലായിത്തീർന്നുകൊണ്ടിരിക്കുകയാണു്. ഒരുകാലത്തു ചെയ്തതുപോലെ നിർബാധം നിക്ഷേപിക്കുവാൻ മൂലധനക്കാർ മനസ്സുള്ളവരാകുന്നില്ല. തൊഴിലാളി യൂണിയൻ പ്രവർത്തനങ്ങൾ, കുത്തിയിരിപ്പുപണിമുടക്കു്, മറ്റുതരം പണിമുടക്കുകൾ, പണിയിൽ അമാന്തം കാണിക്കുക മുതലായി തരാതരങ്ങളായ വൈഷമ്യങ്ങൾ വ്യവസായത്തിൽ തങ്ങൾ നേരിടേണ്ടിവരുമെന്നു് അവർ വിചാരിക്കുന്നു. ഭൂപരിഷ്കരണനടപടികൾ ഉണ്ടാകുമെന്നു ഭയന്നു കൃഷിയിൽ നിക്ഷേപിക്കുവാനും അവർക്കു ധൈര്യമില്ല. ബിസിനസ്സിലേക്കു് പോകണമെന്നു് ആഗ്രഹമുണ്ടെങ്കിലും നികുതികൾ അവർ ഭയപ്പെടുന്നു. ധനം പൂഴ്ത്തിവയ്ക്കുവാനോ അലസമായി ഇട്ടിരിക്കുവാനോ സാധിക്കാത്തവണ്ണം മരണനികുതികളുമുണ്ടു്. ഇങ്ങനെ നിക്ഷേപിക്കുന്നകാര്യത്തിൽ മൂലധനക്കാർ സംശയഗ്രസ്തരായിത്തീ

...റിമിക്കുകയാണ്. നിസ്സാരമോ ... കാരണങ്ങൾകൊണ്ടു വ്യവസായം നിർത്തിവയ്ക്കുവാൻ മുതലാളികൾ വാസനയുള്ളവരായിക്കാണപ്പെടുന്നു. നിർത്താതെ വ്യവസായം തുടർന്നുകൊണ്ടിരിക്കണമെന്ന് അവരെ എല്ലായ്പോഴും നിർബ്ബന്ധിക്കുവാൻ സാദ്ധ്യവുമല്ല. മാർഗ്ഗങ്ങൾ അവലംബിക്കേണ്ടിയിരിക്കുന്നു. തൊഴിലാളികൾ നയത്തോടുകൂടി പെരുമാറണം. പരിപൂർണ്ണസഹകരണം നൽകുമെന്നു പ്രകടമാക്കണം. മുതലാളികളോടു അവർ പറയണം "എന്തായാലും നാം പങ്കുകാരാണല്ലോ. വ്യവസായം നിർത്തിക്കളയല്ലേ. ഞങ്ങൾ കാര്യമായി ജോലിചെയ്യാം. അങ്ങനെ ലാഭമുണ്ടാക്കാൻ കഴിയുമോ എന്നു നമുക്കു നോക്കാം".

എത്ര ബുദ്ധിപൂർവ്വകമായ ഉപദേശമാണ് കേന്ദ്രമന്ത്രി തൊഴിലാളികൾക്ക് ഇവിടെ നൽകിയിരിക്കുന്നതു. അധികാരം പിടിച്ചുപറ്റുന്നതിനുള്ള ആയുധമാക്കുവാൻവേണ്ടിമാത്രം ട്രേയ്ഡ് യൂണിയനുകൾ നടത്തിക്കൊണ്ടിരിക്കുന്ന പാർട്ടികളിലും നേതാക്കളിലുംനിന്ന് ഒഴിഞ്ഞുമാറി മന്ത്രിയുടെ ഈ ഉപദേശം അനുസരിച്ചിരുന്നെങ്കിൽ തൊഴിലാളികൾക്ക് എത്രവലിയ ഗുണമുണ്ടാകുമായിരുന്നു!

**പണിമുടക്കുകളുടെ ഒരു കണക്കു**

മറ്റൊരു പ്രസംഗത്തിൽ അടുത്തു കഴിഞ്ഞ കൊല്ലങ്ങളിലെ പണിമുടക്കുകളുടെ ഒരു കണക്കു മി. ഗിരി ഉദ്ധരിച്ചതു ശ്രദ്ധേയമാകുന്നു. പണിമുടക്കങ്ങൾ കാരണം കഴിഞ്ഞ 7 കൊല്ലങ്ങളിൽ ആൾജോലി നഷ്ടപ്പെട്ടതു എത്രയെന്നു നോക്കിയാൽ അതു ഏറ്റവും കുറഞ്ഞതു 1952-ൽ ആണെന്നു കാണാം. 1947-ൽ 165 ലക്ഷം ആൾജോലി നഷ്ടപ്പെട്ടു. 1950-ൽ 128 ലക്ഷം. എന്നാൽ 1952-ൽ 33 ലക്ഷമേ നഷ്ടപ്പെട്ടുള്ളു. 1953-ന്റെ പൂർവ്വാർദ്ധത്തിൽ നഷ്ടം അതിലും കുറവായിരുന്നു. 13 ലക്ഷം മാത്രം. ഇതേസമയത്തു വ്യവസായികോല്പാദനം ക്രമത്തിൽ സ്ഥിരമായി വർദ്ധിച്ചിട്ടുമുണ്ട്. 1946-ൽ വ്യവസായോല്പാദനസൂചനസംഖ്യ 100 ആയിരുന്നു. 1951-ൽ അതു 117·2 ആയി. 1952-ൽ 123·9 ആയി വർദ്ധിച്ചു. 1953 ജനുവരി മുതൽ ആഗസ്റ്റു വരെ ശരാശരി സൂചനസംഖ്യ 133 6 ആണ്. ഈ കണക്കുകളിൽനിന്നു കാണാം, വ്യവസായരംഗത്തിൽ തൊഴിലാളി മുതലാളി സംഘട്ടനങ്ങൾ കുറയുകയും ഉല്പാദനം വർദ്ധിച്ചുവരികയും ചെയ്തിട്ടുണ്ടെന്ന്. തൊഴിലാളി മുതലാളി ബന്ധം കൂടുതൽ സൗഹാർദ്ദപരമായി തീരുന്നുണ്ടെന്നാണല്ലോ ഇതിൽനിന്നു മനസ്സിലാക്കേണ്ടതു. ഇന്ത്യൻ നാഷണൽ ട്രേയ്ഡ്യൂണിയൻ മഹാസംഘടനയുടെയും മററും നേർവഴിക്കുള്ള തൊഴിലാളിനേതൃത്വമാണ് ഈ സുസ്ഥിതിക്കു കാരണമെന്നു സന്തോഷത്തോടുകൂടി പറയാൻ കഴിയും.

* * *

## എം. സി. എസ്സ്. എൽ. നവചൈതന്യത്തോടെ ഉണരുന്നു

എം. സി. എസ്സ്. എൽ. അഖില മലബാർ കത്തോലിക്കാ വിദ്യാർത്ഥിലീഗ് 37 വയസ്സു പ്രായമുള്ള ഒരു അഖിലകേരള യുവകത്തോലിക്കാ സംഘടനയാകുന്നു. 'വിശ്വാസം, പഠനം, പ്രവർത്തനം' എന്നു മൂന്നു പദങ്ങളിൽ ആ സംഘടനയുടെ ആദർശവും ലക്ഷ്യവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കത്തോലിക്കാ മതവിശ്വാസത്തിന്റെ ചൈതന്യത്താൽ പ്രേരിതരും, ആ വിശ്വാസവെളിച്ചത്തിന്റെ സഹായത്തോടുകൂടി ഭൗതികജ്ഞാനം സമ്പാദിച്ചിട്ടുള്ളവരും, ആ ജ്ഞാനം തങ്ങൾക്കും സമസൃഷ്ടികൾക്കും പ്രയോജനപ്പെടത്തക്കവണ്ണം പ്രവർത്തനങ്ങൾ നടത്തുന്നവരുമായ ഭാവിപൗരന്മാരെ വിദ്യാർത്ഥിലോകത്തിൽനിന്നു വാർത്തെടുക്കുവാനാണ് ഈ സംഘടനയുടെ ഉദ്ദേശം. വിധ്വംസകങ്ങളായ രാഷ്ട്രീയപാർട്ടികളും സാമുദായികസംഘടനകളും വിദ്യാർത്ഥിലോകത്തെ സ്വാധീനപ്പെടുത്തി അവർക്കും നാടിനും നാശം വരുത്തിവയ്ക്കുവാൻ ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്തു പ്രത്യേകിച്ചും എം. സി. എസ്സ്. എൽ. അനുപേക്ഷണീയമായ ആവശ്യമായിത്തീർന്നിരിക്കുകയാണ്. കുറച്ചുകാലമായി ഈ സംഘടന മന്ദീഭവിച്ചുകിടന്നിരുന്നെങ്കിലും ഇപ്പോൾ അതു നവജീവൻ കൈക്കൊണ്ടു ഉണർന്നു കാണുന്നതിൽ ഞങ്ങൾക്കു പ്രത്യേകമായ സന്തോഷമുണ്ട്.

ലീഗിന്റെ 37-ാം വാർഷികം ഇക്കഴിഞ്ഞ 15, 16 തീയതികളിൽ എറണാകുളം സെൻറ് മേരീസ് ഹൈസ്കൂളിൽവച്ചു ആഘോഷിക്കപ്പെട്ടതു ഈ നവചൈതന്യത്തിന്റെ തെളിവായി പരിഗണിക്കാം. ചങ്ങനാശേരി മെത്രാൻ കാവുകാട്ടു തിരുമേനിയാണ് വാർഷികസമ്മേളനം ഉൽഘാടനം ചെയ്തതു. പാലാ മെത്രാൻ വയലിൽ തിരുമേനി ഉപസംഹാരസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു. കായികമത്സരങ്ങൾ, ഭക്തിസംവർദ്ധകങ്ങളായ സിനിമാപ്രദർശനങ്ങൾ, പ്രസംഗമത്സരങ്ങൾ മുതലായ പരിപാടികൾ വാർഷികാഘോഷങ്ങളിലെ ചടങ്ങുകളിൽ ഉൾപ്പെടുത്തിയിരുന്നതു അഭിനന്ദനീയം തന്നെ. വിവിധസമ്മേളനങ്ങളിലും മത്സരങ്ങളിലും വളരെയധികം വിദ്യാർത്ഥിവിദ്യാർത്ഥിനികൾ സംബന്ധിച്ചുവെന്നതുതന്നെ വാർഷികത്തിന്റെ വലിയൊരു വിജയമാണ്. മാന്ദ്യത്തിൽനിന്നുണർന്നു നവചൈതന്യത്തോടുകൂടി പ്രവർത്തനം തുടങ്ങിയിരിക്കുന്ന ഈ വിദ്യാർത്ഥിസംഘടനയെ ഞങ്ങൾ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും, വിദ്യാർത്ഥിലോകത്തിലെ കുഴപ്പങ്ങൾക്കു പ്രതിവിധിയാകത്തക്കവണ്ണം സംഘടനയുടെ ആദർശങ്ങൾ പ്രയോഗത്തിൽ വരുത്തുവാൻ സർവ്വഥാ പരിശ്രമിക്കണമെന്നു സാദരം ഉപദേശിക്കുകയും, അതിനുവേണ്ട ദൈവാനുഗ്രഹം അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## ജപാപ്പസ്തോലസഖ്യത്തിന്റെ ഫെബ്രുവരിമാസത്തെ പൊതുനിയോഗം

"രോഗികളും അവശരും സഹനത്തിന്റെ വിശുദ്ധീകരണപരവും പ്രേഷിതാത്മകവുമായ മൂല്യങ്ങളെപ്പററി ഗ്രഹിക്കുന്നതിനു."

### വേദപ്രചാരനിയോഗം

"ആഫ്രിക്കായിലെ ജനങ്ങൾ അവരുടെ രാഷ്ട്രീയവും സാമൂഹ്യവുമായ പ്രശ്നങ്ങൾ ക്രിസ്തീയനീതിക്കും സ്നേഹത്തിനും അനുയോജ്യമായി തീരുമാനിക്കുന്നതിനു."

## അടുത്തയാഴ്ചയിൽ

ജനുവരി

31 ഞാ: ദനഹാ 4-ാം ഞായർ

ഫെബ്രുവരി

1 തി: ഇഗ്നാത്തിയോസ്

2 ചൊ: കന്യകാമറിയത്തിന്റെ ശുദ്ധീകരണം

3 ബു: ബ്ലാസിയോസ്

4 വ്യാ: അന്ത്രയോസ് കർസീനി

5 വെ: അഗസാ

6 ശ: തേത്തോസ്

### സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6— 8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |

(5-ാം പേജ് തുടർച്ച)

കാഴ്ചകളാണ് ഈ നാണയങ്ങൾ എന്നുള്ളതിനു സംശയമില്ല.

മേൽവിവരിച്ചിട്ടുള്ള ചുവന്ന ഭിത്തിയിലുള്ളതും അപ്പസ്തോലന്റെ കല്ലറവരെ എത്തുന്നതുമായ നീണ്ട ഭാരത്തിന്റെ ചുവട്ടിൽ ചില അസ്ഥികഷണങ്ങൾ കാണാനുണ്ട്. എന്നാൽ അവ വി. പത്രോസിന്റെ പൂജ്യാവശിഷ്ടങ്ങൾതന്നെയാണോ എന്നു തീർച്ചപ്പെടുത്തുവാൻ നിവൃത്തിയില്ല. അപ്പസ്തോലന്റെ ശരീരാവശിഷ്ടങ്ങൾ അവിടെയുണ്ടോ, അതോ, അവ ജീർണ്ണിച്ചു മണ്ണോടുചേർന്നു നശിച്ചുപോയോ എന്നു തീരുമാനിക്കുവാൻ സാദ്ധ്യമല്ലാതെയാണിരിക്കുന്നതു.

ഗവേഷണം നടത്തിയ വിദഗ്ദ്ധസംഘം ഈ പ്രശ്നത്തെ സ്പർശിക്കുന്നതേയില്ല. വിവാദത്തിനു വകയുള്ള യാതൊരു പ്രശ്നവും അവരുടെ ഔദ്യോഗികറിപ്പോർട്ടിൽ ഉന്നയിക്കപ്പെട്ടിട്ടില്ല. അവരുടെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ള ചരിത്രലക്ഷ്യങ്ങളിൽനിന്നും സ്വയം വിശദമാകുന്ന വസ്തുതകൾ മാത്രമേ അവർ സ്വീകരിച്ചിട്ടുള്ളു. മററു പല രാജ്യങ്ങളിൽനിന്നും പുരാതനവസ്തുശാസ്ത്രവിദഗ്ദ്ധന്മാർ ഗവേഷണരംഗം സന്ദർശിച്ചു പരിശോധനകൾ നടത്തുകയും വത്തിക്കാൻ സംഘത്തിന്റെ നിഗമനങ്ങളെയെല്ലാം അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണ്.

പത്തൊൻപതു ശതാബ്ദക്കാലം കത്തോലിക്കാ തിരുസ്സഭ പുലർത്തിക്കൊണ്ടുപോന്നിട്ടുള്ള സുപ്രധാനമായ അപ്പസ്തോലിക പാരമ്പര്യത്തെ ഇരുപതാം നൂററാണ്ടിലെ ശാസ്ത്രീയഗവേഷണം അനിഷേദ്ധ്യമാംവണ്ണം സ്ഥിരീകരിച്ചിരിക്കുന്നു എന്നുള്ളതു വി. പത്രോസിന്റെ പരമാധികാരത്തിലും റോമാസഭയുടെ അപ്പസ്തോലിക പിൻതുടർച്ചയിലും വിശ്വസിക്കുന്നവർക്കു ഏററം അഭിമാനകരമായ ഒരു നേട്ടംതന്നെയാണ്.

## ഇടവകവാർത്തകൾ

കൊട്ടാങ്ങൽ—കൊട്ടാങ്ങൽ ഇടവകയിൽനിന്നും മരിയവത്സരം പ്രമാണിച്ചു സത്യാരാധനസഖ്യക്കാരുടെ നേതൃത്വത്തിൽ 9-1-54-ൽ ഒരു പരിഹാരപ്രദക്ഷിണം വായ്പൂർ പഴയപള്ളിയിലേക്കു നടത്തിയിരിക്കുന്നു.

പുന്നത്തുറ:—മാംഗലപ്പുഴ സെമിനാരിയിൽ പഠിച്ചു പട്ടമേററ കോട്ടയം രൂപതയിലെ ബ. വൈദികർ ആണ്ടുതോറും നടത്തിവരുന്ന സൗഹൃദസമ്മേളനം ഇക്കൊല്ലം പുന്നത്തുറ പള്ളിമേടയിൽവച്ചു ഈമാസം 13-14 എന്നീ തീയതികളിൽ മാസധ്യാനച്ചടങ്ങുകളോടുകൂടി സമംഗളം നടത്തപ്പെട്ടു. 14-ാംനു വ്യാഴാഴ്ച നടന്ന ഡിന്നർവേളയിൽ റവ. ഫാദർ ഫിലിപ്പ ചെമ്മലക്കുഴി പാനോപചാരപ്രസംഗം നടത്തുകയും ആതിഥേയൻ റവ. ഫാദർ ഫിലിപ്പ് പതിയിൽ മറുപടി പറയുകയും ചെയ്തു.

**MAR THOMA PONTIFICAL SHRINE**
MAR THOMA NAGAR, CRANGANORE
P. O. AZHIKODE, T. C. STATE, S. INDIA

ഇവിടെ എല്ലാ മാസാദ്യ ഞായറാഴ്ചകളിലും മാർ തോമ്മാ സ്ലീഹായുടെ തിരുനാൾ ഘോഷിക്കപ്പെടുന്നു. തലേദിവസം കൊടികയററം, ലദീഞ്ഞ്, തിരുനാൾദിവസം ആഘോഷമായ പാട്ടുകുർബാന, പ്രസംഗം, പരി. കുർബാനയുടെ ആശീർവ്വാദം, പ്രദക്ഷിണം, തിരുശേഷിപ്പു മുത്തിക്കൽ എന്നീ ചടങ്ങുകളോടുകൂടിയുള്ള തിരുനാൾ, പ്രസുദേന്തിയായി ഏററുകഴിക്കുന്നതിനു 50 ക ചാർജ്ജ്. മാർത്തോമ്മ ഭക്തന്മാരെ ഇതിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

Fr. Superior

ഗുണ്ടൂരിലെ വിശുദ്ധ യൗസേപ്പുപിതാവിന്റെ ആശുപത്രിയിൽ കുറെ കൊല്ലങ്ങളായിട്ടു നേഴ്സുമാരെ പഠിപ്പിക്കുന്നതിനായി ഒരു സ്കൂൾ നടത്തുന്നുണ്ട്. ഈ നേഴ്സിങ്ങ് പഠിക്കുന്ന വിദ്യാർത്ഥികളിൽ മലബാറിൽനിന്നും അനേകബാലികമാരും കന്യാസ്ത്രീകളും ഉൾപ്പെടുന്നു. ഇവർ എറണാകുളം, ചങ്ങനാശ്ശേരി, തിരുവല്ല, മുതലായ രൂപതകളിൽനിന്നും വരുന്നവരാണ്.

ഈ ട്രെയിനിങ്ങ്സ്കൂൾ തുടർന്നുകൊണ്ടുപോകുന്നതിനു ഗവമ്മെണ്ടു നിയമപ്രകാരം പുരുഷന്മാരുടെ ചികിത്സക്കായി ഒരു വാർഡ് ഉടനെ കെട്ടേണ്ടതായി വരുന്നു. ഇതിനു ധാരാളം പണം ആവശ്യമുണ്ട്. പക്ഷെ മൂലധനം ഇല്ലാത്തതിനാൽ നിങ്ങളുടെ ഉദാരധനസഹായത്തെ വിശുദ്ധ യൗസേപ്പുപിതാവിന്റെ മഠത്തിലെ ബ. മദർ സുപ്പീരിയർ നന്ദിപൂർവ്വം സ്വീകരിക്കുന്നതാണ്.

Mother Superior, St. Joseph's Convent, Guntur

കരാഞ്ചിറ:—സ്ഥലത്തു സ്ഥാപിതമായിട്ടുള്ള സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിന്റെയും, മരിയാസഖ്യത്തിന്റെയും വാർഷികദിനാഘോഷം ജനുവരി 17-ാം തീയതി ഞായറാഴ്ച ഉച്ചതിരിഞ്ഞു ഡിസ്ട്രിക്ട് ജഡ്ജി ശ്രീ പി. ഡി. തൊമ്മൻ അവർകളുടെ അദ്ധ്യക്ഷതയിൽ സ്കൂൾ ഹാളിൽ വച്ചു നടത്തുകയുണ്ടായി. ശ്രീ ജേ. സി. ചിറമ്മൽ, വിദ്വാൻ സി. സി. അബ്രാഹം എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ ഇടയ്ക്കിടയ്ക്കു കലാപ്രകടനങ്ങളും, അവസാനം റവ. ഫാ. ജോർജ്ജ് പാനികുളത്തിന്റെ സിനിമാപ്രദർശനവും ഉണ്ടായിരുന്നു.

കററാനം:—മാവേലിക്കര പുതിയകാവ് ഓർത്തഡോക്സ് പള്ളി ഇടവകയിലെ പ്രശസ്തകുടുംബങ്ങളിൽ ഒന്നായ നാടാവള്ളിൽ ശ്രീ മത്തായി കുടുംബസമേതം ഈ ക്രിസ്മസ്ദിവസം കററാനം സെൻറ് സ്റ്റീഫൻസ് സൂറിയാനി കത്തോലിക്കാപ്പള്ളിയിൽവച്ചു കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടിരിക്കുന്നു. ഇദ്ദേഹം 12 കൊല്ലം കുണ്ടറസെമിനാരിയിലും 23 കൊല്ലം തഴക്കര എം. എസ്. ഹൈസ്കൂളിലും അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട് എന്നതും പ്രസ്താവ്യമത്രേ.

തോട്ടക്കര— മിഷൻ പ്രവർത്തനാർത്ഥം ജബൽപൂരിലേക്കു പോകുന്ന ബ്രദർ ജോസഫ് മേമനയെ യാത്ര അയക്കുന്നതിനു സ്ഥലത്തെ വിൻസെൻറ് ഡി പോൾ, സോഡാലിററി തുടങ്ങിയ ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിൽ ഒരു യോഗം കൂടി. റവ. ഫാ. ജോർജ്ജ് പുനക്കാട്ട് അദ്ധ്യക്ഷതവഹിച്ചു. ശ്രീ വി. കെ. ആൻറണി മുതലായവർ പ്രസംഗിച്ചു. ബ്രദർ ജോസഫ് മേമന സമുചിതമായി മറുപടി പറഞ്ഞു.

## എസ്. എച്ച്. ലീഗുവാർഷികം

മാംഗലപ്പുഴ: — കേരളനിവാസികളുടെ വിജ്ഞാനവും വിശുദ്ധിയും അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി സ്ഥലം സെമിനാരിയിൽ സ്ഥാപിതമായിരിക്കുന്ന എസ്. എച്ച്. ലീഗിന്റെ 33-ാമതു വാർഷികദിനം ആർഭാടരഹിതമായിട്ടാണെങ്കിലും സമംഗളമായി ജനു 15-ാംനു നടത്തപ്പെട്ടു. അദ്ധ്യക്ഷൻ, നിതാന്തവന്ദ്യ ദിവ്യശ്രീ ജോസഫ് പാറേക്കാട്ടിൽ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടായിരുന്നു. തിരുമേനി ഇന്നു രാവിലെ ലീഗിന്റെ ഉൽക്കർഷത്തിനും തല്പുണ്യകാംക്ഷികളുടെ ഐശ്വര്യത്തിനുംവേണ്ടി ദിവ്യബലി സമർപ്പിക്കയും പിന്നീടുകൂടിയ യോഗത്തിൽവച്ചു പ്രസിദ്ധീകരണവൃത്തിയിൽ സ്വയം സമർപ്പിച്ചിട്ടുള്ള അനുഭവത്തെ ആസ്പദമാക്കി ഉദ്ബോധനരൂപേണ സൃഷ്ടിപരമായ പല നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

അനുസ്യൂതമായി നിസ്വാർത്ഥസേവനം നിർവ്വഹിച്ചുവരുന്ന ലീഗ് പ്രതിവർഷം ഉൽക്കർഷം പ്രാപിച്ചുവരുന്നുണ്ട്. വിവിധതുറകളിലൂടെയാണ് അതിന്റെ പ്രവർത്തനം. വിജ്ഞാനേച്ഛുക്കളെ തൃപ്തിപ്പെടുത്തത്തക്ക സദ്ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടും ഉത്തമസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കത്തക്ക കൃതികൾ പ്രസാധനംചെയ്തുകൊണ്ടും ബാലികാബാലന്മാരെ സദ്വൃത്തരാക്കത്തക്ക പ്രബോധനം നൽകിക്കൊണ്ടും കുടുംബങ്ങളെ വിശുദ്ധീകരിക്കത്തക്ക മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ടും കഴിവുള്ളിടത്തോളം വിലകുറച്ചു ഇടരെത്തുടരെ അതു മുദ്രണംചെയ്തുകൊണ്ടിരിക്കുന്ന പ്രബന്ധങ്ങളും പുസ്തകങ്ങളും തന്നെ അതിനു സാക്ഷ്യംവഹിച്ചുകൊള്ളും. ഏതുതരത്തിലുള്ള ജീവിതവൃത്തി അവലംബിക്കുന്നവർക്കും ദൈവത്തെയും ദൈവികവിഷയങ്ങളെയും സംബന്ധിച്ചുള്ള വിശിഷ്ടഗ്രന്ഥങ്ങൾ ഇപ്പോൾ ആവശ്യപ്പെട്ടാൽ ലീഗാപ്പീസിൽനിന്നു നിഷ്പ്രയാസം സമ്പാദിക്കാമെന്നു വന്നിട്ടുണ്ട്.

വാർഷികയോഗം സംബന്ധിച്ചുള്ള മററു സാധാരണ ചടങ്ങുകൾ കൂടാതെ "തകർന്നഹൃദയം" എന്ന അഭിധാനത്തിൽ സെമിനാരിക്കാരുടെ ഒരു പ്രഹസനാഭിനയം, ഓർക്കെസ്ട്രാപ്രകടനം, ഫ്ളൂട്ട്വായന മുതലായ കലാപ്രകടനങ്ങളുമുണ്ടായിരുന്നു.

# നോഹിന്റെ പെട്ടകം

(ജി. സി. ടീലർ)

1914-ൽ ആണ് ഒന്നാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടത്. അക്കാലത്ത് ലോകത്തെ അത്ഭുതംകൊള്ളിച്ച ഒരു മഹാ സംഭവമുണ്ടായി. ഒരു റഷ്യൻ വൈമാനികനായിരുന്ന വാൽഡിമീർ റൊസ്കോവിസ്കി (Vladimir Roskovitsky) വിമാനത്തിൽ പറന്ന് അറാററ്റ് കൊടുമുടിക്ക് 25 മൈൽ ദൂരെ വടക്കു പടിഞ്ഞാറുഭാഗത്തായി നിലയുറപ്പിച്ചു അവിടെനിന്നും ദൂരദർശിനിയിൽക്കൂടി നോക്കി അദ്ദേഹം മഞ്ഞുതൊപ്പിധരിച്ചിരുന്ന അർമ്മേനിയൻ പർവ്വതശിഖരങ്ങളിലേക്ക്. അദ്ദേഹത്തെ അത്ഭുതപരതന്ത്രനാക്കി ആ കാഴ്ച.



ഉഷ്ണകാലത്തിലെ ചൂടുള്ള ഒരു ദിവസമായിരുന്നു അത്. റൊസ്കോവിസ്കി തന്റെ ഒരു സഹപ്രവർത്തകനോടുകൂടി 14000 അടി ഉയരത്തിൽ പറന്നുപൊങ്ങിയിട്ട് അറാററ്റ് പർവ്വതപംക്തികളിലേക്ക് തിരിച്ചു. അതിനു ചുററും അവർ പലവട്ടം കറങ്ങി. ഒടുവിൽ തെക്കുവശത്തുള്ള ചരുവിലേക്കു താണു. ഒരു വലിയ കപ്പലിന്റെ പുറംഭാഗം മഞ്ഞുകട്ടയുടെ വിടവിൽ തള്ളിനില്ക്കുന്ന കാഴ്ചയാണവർ കണ്ടത്. അവർ അതിനോടു കുറേക്കൂടി അടുത്തു പറന്നുനോക്കി. കപ്പലിന്റെ നീളവും വീതിയും ഉയരവും അവർക്കു കണക്കാക്കുവാൻ സാധിച്ചു. 400 അടി നീളമെന്നാണവർ പറഞ്ഞിരിക്കുന്നത്. ഉല്പത്തിയുടെ പുസ്തകം 6-ാം അദ്ധ്യായം 15-ാം വാക്യം ആ പെട്ടകത്തിന്റെ വിസ്തീർണ്ണം കുറിക്കുന്നു. അതിന്റെ നീളം 300 മുഴവും, വീതി 50 മുഴവും ഉയരം 30 മുഴവും ആയിരിക്കട്ടെ എന്നാണ് ദൈവം നോഹിനോടു കല്പിച്ചത്. അന്നത്തെ 300 മുഴം ഇന്നത്തെ 400 അടി ആയിരിക്കാം.

റൊസ്കോവിസ്കി തിരിയെ വന്നു റഷ്യൻ പത്രങ്ങൾക്കു നൽകി ആ വാർത്ത. പക്ഷേ അദ്ദേഹത്തെ ഒരു ഭോഷനായി പരിഗണിക്കയാണു ചെയ്തത് ഭൂരിപക്ഷം ആളുകളും. റൊസ്കോവിസ്കിയുടെ സത്യസന്ധതയെക്കുറിച്ച് അറിയാമായിരുന്ന സേനാനായകൻ പറഞ്ഞു: "എന്നെയും ആ സ്ഥലത്തേക്കൊന്നു കൊണ്ടുപോകുക." അദ്ദേഹം സസന്തോഷം സേനാനായകനെ വിമാനത്തിൽ കയററി പറന്നു അർമ്മേനിയായിലേക്ക്. അറാററ്റ് കൊടുമുടിക്കു ചുററും അവർ പലവട്ടം പറന്നു. സേനാനായകനും ബോദ്ധ്യമായി ആ കാഴ്ചയിൽ. അദ്ദേഹവും നൽകി താൻ കണ്ട വിവരങ്ങൾ പത്രങ്ങൾക്ക്. റൊസ്കോവിസ്കി ഒരു ഭോഷനാണെന്നു വിധിച്ചവർ ഇളിഭ്യരായി.

റഷ്യയിലെ സാർ ചക്രവർത്തിയുടെ ശ്രവണപുടങ്ങളിലും എത്തി അത്ഭുതകരമായ ഈ വാർത്ത. സമർത്ഥന്മാരും ധീരന്മാരുമായ കുറെ "ടെൻസിംഗ"മാരെ അദ്ദേഹം തിരഞ്ഞെടുത്തിട്ടു പറഞ്ഞു: "നിങ്ങൾ അറാററ്റ് കൊടുമുടിയിൽ കയറി നോഹിന്റെ പെട്ടകത്തെപ്പററി ഒരന്വേഷണം നടത്തുക." മഞ്ഞുരുകുന്ന കാലഘട്ടംനോക്കി അവർ പുറപ്പെട്ടു. അവർ 15945 അടി ഉയരമുള്ള ആ പർവ്വതശിഖരത്തിൽ വലിഞ്ഞുകയറി. കപ്പൽ അവർ അവിടെ കണ്ടു എന്നു മാത്രമല്ല, അതിന്റെ ഫോട്ടോയും എടുത്തു.

1917—ബോൾഷെവിക് വിപ്ലവകാർ വിജയോന്മത്തരായി സാർ ചക്രവർത്തിയെയും രാജകുടുംബാംഗങ്ങളെയും നിരനിറുത്തി തല അരിഞ്ഞ കാലമായിരുന്നു. മതത്തെയും സന്മാർഗ്ഗത്തെയും നശിപ്പിക്കുമെന്നു ദൃഢപ്രതിജ്ഞരായിരുന്ന ലെനിൻകൂട്ടരും മതത്തെയോ രാജകുടുംബത്തെയോ ബാധിക്കുന്ന സകല രേഖകളും പ്രമാണങ്ങളും അഗ്നിക്കിരയാക്കി. അക്കൂട്ടത്തിൽ നശിച്ചു എന്നനുമാനിക്കപ്പെടുന്നത് അറാററ്റ് ആരോഹണക്കാരുടെ റിപ്പോർട്ടും ഫോട്ടോകളും. അതുകൊണ്ടും അവർ ശാന്തരായില്ല. 1948-ൽ റഷ്യൻ ഗവർമ്മെൻറ് ടർക്കിയെ സ്വാധീനപ്പെടുത്തി ആ ഗവർമ്മെൻറിനെക്കൊണ്ട് ഒരു നിരോധനാജ്ഞ പുറപ്പെടുവിച്ചു "മേലാൽ യാതൊരു വിദേശിയനും അർമേനിയൻ പർവ്വതശിഖരങ്ങളിൽ കയറിക്കൂടാ." ഇതായിരുന്നു വിളംബരം.

രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ ചില ഗവർമ്മെൻറു പ്രഖ്യാപനങ്ങളും ആ ഭൂകമ്പത്തിൽപ്പെട്ടുടഞ്ഞുപോയി. റഷ്യയുടെ യുദ്ധകാലസേനാനായകനായിരുന്ന ജാസ്പർ മാസ്കലിൻ (Jasper Maskelyn) തന്റെ ഒരു കീഴുദ്യോഗസ്ഥനെ തന്നെ അറാററ്റ് പർവ്വതപംക്തികളിലേക്കയച്ചു. നോഹിന്റെ പെട്ടകത്തെപ്പററി ഒന്നാം ലോകമഹായുദ്ധകാലത്ത് റൊസ്കോവിസ്കി നൽകിയ വിവരങ്ങൾ അറിഞ്ഞിട്ടുള്ള ഒരാളായിരുന്നു ആ ഉദ്യോഗസ്ഥൻ. അദ്ദേഹം നേരെ പറപ്പിച്ചു തന്റെ വിമാനം അറാററ്റ് കൊടുമുടിയുടെ തെക്കേ ചരുവിലേക്ക്. റൊസ്കോവിസ്കി 1914-ൽ കണ്ട കാഴ്ച അദ്ദേഹവും കണ്ടു. "അറാററ്റ് പർവ്വതത്തിന്റെ തെക്കേ ചരുവിലായി മഞ്ഞുകട്ടകൊണ്ടു മൂടപ്പെട്ടിരിക്കുന്ന ഒരു തടാകത്തിൽ ഏകദേശം 400 അടി നീളമുള്ള ഒരു കപ്പലിന്റെ അവശിഷ്ടം കാണപ്പെടുന്നുണ്ട്. ഒരു ഭാഗം മഞ്ഞുകട്ടയിൽ മുങ്ങിക്കിടക്കുന്നു. കാണാവുന്ന ഭാഗങ്ങൾ വളരെ ജീർണ്ണിഭവിച്ചതാണ്. കല്ക്കരിപോലെ അതു കറുത്തിരിക്കുന്നു." ഇതായിരുന്നു അദ്ദേഹത്തിന്റെ റിപ്പോർട്ട്.

1940-ലെ റിപ്പോർട്ടിന് 2000 കൊല്ലങ്ങൾക്കുമുമ്പ് ബാബിലോണിലെ ബെരോസ്സസ് രാജാവ് തന്റെ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുള്ള ഒരു സംഭവവുമായി വളരെ യോജിച്ചിരിക്കുന്നു. അദ്ദേഹം എഴുതിയിരിക്കുന്നത് ബാബിലോണിയക്കാരായ തന്റെ ജനങ്ങൾ കീൽപൂശിയ പലകകൾ ഒരു പെട്ടകത്തിൽനിന്നും ശേഖരിക്കുന്നതിനുവേണ്ടി അറാററ്റ് പർവ്വതത്തിൽ കയറാറുണ്ടായിരുന്നു എന്നാണ്. ഏകദേശം അക്കാലത്തുതന്നെ ജീവിച്ചിരുന്ന ഒരു സുപ്രസിദ്ധ യഹൂദചരിത്രകാരനായ ജോസെഫസ് ഫ്ളാവിയൂസ്. അദ്ദേഹത്തിന്റെ ചരിത്രത്തിലും കാണാം നോഹിന്റെ പെട്ടകത്തെപ്പററി. "വലിയ കേടുപാടുകൾ സംഭവിക്കാതെ നോഹിന്റെ പെട്ടകം അറാററ്റ് പർവ്വതത്തിൽ ഇപ്പോഴും സ്ഥിതിചെയ്യുന്നു" എന്നദ്ദേഹം എഴുതിയിട്ടുണ്ട്. എങ്കിലും ഇതെല്ലാം പിന്നീടുള്ള തലമുറ വിസ്മരിച്ചുകളഞ്ഞു. പക്ഷേ അർമേനിയൻ ഗ്രാമവാസികളുടെ ഹൃദയത്തിൽനിന്നും കാലങ്ങൾക്ക് അതു മായിച്ചുകളയുവാൻ കഴിഞ്ഞില്ല. ഇപ്പോഴും അറാററ്റ് പർവ്വതത്തിന്റെ തെക്കേ ചരിവു ചൂണ്ടിക്കാണിച്ചുകൊണ്ടവർ പറയും: "ഇതാ ആ പർവ്വതത്തിനു മുകളിലാണ് നോഹും കുടുംബവും ജലപ്രളയകാലത്തു പെട്ടകത്തിൽ ജീവിച്ചിരുന്നത്. വെള്ളം വററിയപ്പോൾ നോഹ് പെട്ടകം ഉപേക്ഷിച്ചിട്ടുപോയി. അങ്ങോട്ടു നോക്കൂ! ആ കാണുന്ന വിള്ളലിൽ മഞ്ഞിൽ മൂടി ഇപ്പോഴും ആ പെട്ടകം അവിടെ കിടപ്പുണ്ട്."

"നിങ്ങൾ എന്തുകൊണ്ട് ആ പെട്ടകം ഇളക്കി എടുത്തുകൊണ്ടുവരുന്നില്ല?" എന്നൊന്നു ചോദിക്കുക.

"അയ്യോ! അവിടെ ദുഷ്ടാരൂപികൾ കാവൽനില്ക്കുന്നു. അവിടെ ചെല്ലുന്നവൻ തിരിയെ പോരികയില്ല." എന്നവർ പറയും.

ആ പാവപ്പെട്ട ഗ്രാമീണരുടെ ദൃഢമായ വിശ്വാസമാണിത്.

അറാററ്റ് പർവ്വതത്തെ ഇളക്കിമറിച്ച ഒരു വലിയ ഭൂകമ്പം 1883-ൽ ഉണ്ടായി. അവർണ്ണനീയമായ നാശങ്ങളുടെ ഒരു കേന്ദ്രമായിത്തീർന്നു അർമേനിയാ. ചില മലകൾ വിണ്ടുകീറി. പല ഗ്രാമങ്ങളും മണ്ണിനടിയിൽ മൂടപ്പെട്ടു. അറാററ്റ് പർവ്വതത്തെ പൊതിഞ്ഞുനിന്നിരുന്ന മഞ്ഞുകട്ടകൾ പൊട്ടിത്തകർന്നു തെരുവീഥികളിലേക്കൊഴുകാൻ തുടങ്ങി. തന്റെ രാജ്യംനശിക്കാൻ പോകുന്നു എന്നു തുർക്കിസുൽത്താൻ ഭയപ്പെട്ടു. മരണത്തിൽനിന്നും രക്ഷപെട്ട തന്റെ ജനങ്ങൾക്കു കൂടുതൽ നാശങ്ങൾ സംഭവിക്കാതിരിപ്പാൻ എന്തു ത്യാഗവും സഹിക്കുവാൻ അദ്ദേഹം തയാറായി. മഞ്ഞുകട്ടയുടെ ഒഴുക്കിനെ തടയുവാൻ ഒരു മാർഗ്ഗം കണ്ടുപിടിക്കുന്നതിനുവേണ്ടി വിദഗ്ദ്ധന്മാരായ ചില ആളുകളെ അദ്ദേഹം അറാററ്റ് പർവ്വതത്തിന്റെ മുകളിലേക്കയച്ചു. നാലു ദിവസം കഴിഞ്ഞപ്പോൾ അത്ഭുതകരമായ ഒരു വാർത്തയുമായിട്ടാണ് അവർ തിരിച്ചുവന്നത്. അവരുടെ മുഖത്തു പരിഭ്രമത്തിന്റെ നിഴൽ പരന്നിരുന്നു.

"എന്തു സംഭവിച്ചു? വല്ല ഭയങ്കരസത്വത്തെയും നിങ്ങൾ വഴിക്കു കണ്ടുവോ?" സുൽത്താന്റെ ചോദ്യത്തിനു മറുപടി പറഞ്ഞതു സംഘപ്രമാണിയാണ്.

"മഹാരാജാവെ, അറാററ്റ് പർവ്വതത്തിന്റെ ശിഖരം മുഴുവനും തെളിഞ്ഞിരുന്നു. അവിടത്തെ മഞ്ഞുകട്ട കുറെ അധികം ഒഴുകിപ്പോയി."

"കൊള്ളാം. എന്നാൽ ഇനി നാം ഒരു ഉരുൾപൊട്ടലിനെ ഭയപ്പെടേണ്ടതില്ലായിരിക്കുമല്ലോ."

"ഇനി അധികം ഭയപ്പെടാനില്ലെന്നു തോന്നുന്നു."

"എങ്കിലും നിങ്ങളുടെ മുഖത്തു ഭയത്തിന്റെ ലക്ഷണം ശേഷിക്കുന്നല്ലോ. അതെന്താണ്?"

"ഞങ്ങൾ ഒരു കപ്പൽ ആ പർവ്വതത്തിന്റെ മുകളിൽവച്ചു കണ്ടു."

"പർവ്വതത്തിന്റെ മുകളിൽ കപ്പലോ! കപ്പൽ സമുദ്രത്തിൽക്കൂടെയല്ലയോ സഞ്ചരിക്കുന്നത്. നിങ്ങൾ പമ്പരവിഡ്ഢികൾ തന്നെ."

"മഹാരാജാവേ, ഞങ്ങൾ കപ്പൽ കാണുകതന്നെ ചെയ്തു. അതിന്റെ മുൻഭാഗം മഞ്ഞുകട്ടയിൽനിന്നും ഉയർന്നാണു നില്ക്കുന്നത്."

വിസ്മയഭരിതനായി സുൽത്താൻ. അതിന്റെ യാഥാർത്ഥ്യം അറിയുവാനായി ധീരന്മാരായ കുറേ ആളുകളെ അദ്ദേഹം നിയോഗിച്ചു. അവർ അറാററ്റ് പർവ്വതത്തിൽ പെട്ടകം കിടക്കുന്ന സ്ഥലത്തെത്തി ആ കാഴ്ച കണ്ട് അവരും അത്ഭുതപ്പെട്ടു. ചില ഭാഗങ്ങൾക്കു കേടുതട്ടിയിട്ടുണ്ടെങ്കിലും ആ കപ്പൽ സുരക്ഷിതമായിരിക്കുന്നതായിട്ടാണ് അവർ കണ്ടത്. മൂന്നു മുറികളിൽ അവർ കയറി ചുററിനടക്കപോലും ചെയ്തു. മററു ഭാഗങ്ങൾ മഞ്ഞുകട്ടക്കടിയിൽ പൂണ്ടിരിക്കയാണ്. അതിനാൽ കൂടുതൽ ഗവേഷണങ്ങൾ നടത്തുവാൻ അവർക്കു കഴിഞ്ഞില്ല.

1893-ലാണ് പിന്നെ നാം ആ പെട്ടകത്തിന്റെ കഥ കേൾക്കുന്നത്. ഡോക്ടർ നൂറി (Dr. Nouri) അക്കാലത്ത് യരുസലത്തിന്റെയും ബാബിലോണിന്റെയും ആർച്ചുഡീക്കൺ എന്ന ഉന്നതസ്ഥാനത്തു വിരാജിക്കുകയായിരുന്നു. അദ്ദേഹം തിയഡോർ റൂസ്‌വെൽററിന്റെ ഒരു ഉത്തമസുഹൃത്തായിരുന്നു എന്നു പറയുമ്പോൾ അദ്ദേഹത്തിന്റെ സാമൂഹ്യനില ഏറെക്കുറെ ഊഹിക്കാം. 12 ഭാഷകളിൽ പ്രവീണനായിരുന്നു എന്നു പറഞ്ഞാൽ അദ്ദേഹത്തിന്റെ പാണ്ഡിത്യവും വെളിപ്പെടും. ആ മഹാൻ യൂഫ്രട്ടീസ് നദിയുടെ ഉത്ഭവസ്ഥാനം കണ്ടുപിടിക്കുവാൻ ഒരു പര്യടനം നടത്തുകയുണ്ടായി. അദ്ദേഹവും കൂട്ടരും ചെന്നെത്തിയതു അറാററ്റ് പർവ്വതത്തിലായിരുന്നു. നോഹിന്റെ പെട്ടകവുമായി ആ സ്ഥലത്തിനുള്ള ബന്ധംകൊണ്ട് ആ സ്ഥലത്ത് ഒരു ഗവേഷണം നടത്തുവാൻ നൂറി പ്രേരിപ്പിക്കപ്പെട്ടു. അദ്ദേഹം എഴുതിയിരിക്കയാണ്: "ഞാനും എന്റെ സ്നേഹിതന്മാരും നോഹിന്റെ പെട്ടകത്തിന്റെ നഷ്ടശിഷ്ടങ്ങൾ കണ്ടു എന്നു മാത്രമല്ല അതു തൊട്ടുനോക്കുകപോലും ചെയ്തു. അതിന്റെ മുൻഭാഗവും പുറകുഭാഗവും നന്നായി ഉയർന്നിരിക്കുന്നു. എന്നാൽ മദ്ധ്യഭാഗം മഞ്ഞുകട്ടക്കടിയിൽ ആണ്ടിരിക്കയാണ്. അതിന്റെ വശങ്ങൾ വലിയ കട്ടികൂടിയ പലകകൾകൊണ്ടു പണിതിരിക്കുന്നതായി കാണാം. ഏകദേശം ഒരടി നീളമുള്ള ആണികൾ അതിന്റെ ചെമന്നിരുണ്ട ഉത്തരങ്ങളിൽ എഴുന്നു നില്ക്കുന്നു."

ഡോക്ടർ നൂറിയുടെ ചിത്രീകരണം അനേകം അമേരിക്കരിൽ ഒരിളക്കമുണ്ടാക്കി. ഒരു വിദഗ്ദ്ധസംഘത്തെ അങ്ങോട്ടയക്കുന്നതിനു വേണ്ടിവരുന്ന ചെലവു മുഴുവൻ വഹിക്കുവാൻ ചിലർ ഒരുങ്ങുകയുംചെയ്തു. നോഹിന്റെ പെട്ടകം കണ്ടുകിട്ടുന്നപക്ഷം അതു വെട്ടിമുറിച്ചു കഷണം കഷണമാക്കി അമേരിക്കയിലേക്കു കൊണ്ടുവരാനായിരുന്നു അവർ തീരുമാനിച്ചിരുന്നത്. 1893-ലെ ചിക്കാഗോ പ്രദർശനത്തിൽ അതെല്ലാം പ്ലാസ്റ്റർ ഓഫ് പാരിസ കൊണ്ടു പൊതിഞ്ഞ് ലോകത്തിന്റെ മുമ്പിൽ വയ്ക്കുവാനും അവർ ഉദ്ദേശിച്ചിരുന്നു. പക്ഷേ ടർക്കിഗവമ്മെൻറ് അതിനനുവാദം നൽകിയില്ല. അവർ ആ പ്ലാൻ ഉപേക്ഷിക്കയുംചെയ്തു.

എങ്കിലും നോർത്ത് കരോലിനായിലെ ഡോക്ടർ സ്മിത്ത് ഒരു പാർട്ടിയോടുകൂടി 1948-ൽ അറാററ്റ് പർവ്വതശിഖരത്തിലേക്ക് ഒരു പര്യടനം നടത്തുകയുണ്ടായി. പക്ഷേ അവർ സ്ഥലത്തെത്തിയപ്പോഴേക്കും മഞ്ഞുകാലം ആരംഭിച്ചിരുന്നു. ദൈവസഹായത്താൽ അവർ അപകടംകൂടാതെ രക്ഷപെട്ട് തിരിയെ പോന്നുവെന്നുമാത്രം. അവർക്ക് അവിടെ ഒന്നും കാണുവാൻ സാധിച്ചില്ല. ഇപ്പോൾ മൂന്നു സംഘക്കാർ പർവ്വതാരോഹണത്തിനായി വട്ടംകൂട്ടുകയാണ്. ഒന്ന് ഇംഗ്ലണ്ടിൽനിന്നും എഗർട്ടൺ സൈക്സ് (Egerton Sykes) ആയിരിക്കും നയിക്കുന്നത്. ഹോളണ്ടിൽനിന്നും അമേരിക്കയിൽനിന്നുമാണ് മററു രണ്ടു സംഘക്കാർ.

എവറസ്റ്റ് കൊടുമുടി ലോക

---

എന്റെ അപ്പൻ അന്ത്യകൂദാശകൾ കൈക്കൊണ്ട് കഴിഞ്ഞ ഡിസംബർമാസം 3-ാംതിയതി കർത്താവിൽ നിദ്രപ്രാപിച്ചു.

ദയാപരനായ ഈശോ രക്ഷിതാവെ, ഈ ആത്മാവിന് നിത്യാനുകൂലം കൊടുത്തരുളേണമെ

എന്ന് പാലത്തുങ്ങ
ചാക്കുണ്ണി ഔസേപ്പ്,
പോട്ട, ചാലക്കുടി.

---



# കലാലയങ്ങളിലെ കമ്മ്യൂണിസം

## അനുഭവസാക്ഷ്യം

(കെ. സി. ജോസഫ് ബി. എ.)

തൊഴിലാളീസംഘം, ദാരിദ്ര്യോച്ചാടനം മുതലായ ലേബലൊട്ടിച്ചാണ് കമ്മ്യൂണിസം ആദ്യം രംഗത്തിറങ്ങുന്നത്. പോലീസ് മർദ്ദനം, നിലവിലിരിക്കുന്ന ഗവർമ്മെൻറിന്റെ അനീതികൾ മുതലായ വാദങ്ങളെ പൊക്കിപ്പിടിച്ചുകൊണ്ടുനടന്ന് സാധാരണക്കാരുടെയിടയിൽ കമ്മ്യൂണിസ്റ്റുകാർ അവരുടെ നേതൃത്വം അപരിത്യാജ്യമാക്കിത്തീർക്കുന്നു. എന്നാൽ അഭ്യസ്തവിദ്യരുടെയും പരിഷ്കാരികളുടെയും ഇടയിൽ ഇതു പകരുന്നത് "പുരോഗമന"ത്തിന്റെ പേരിൽ ഇറങ്ങിയിരിക്കുന്ന ഒരുതരം ആഭാസസാഹിത്യത്തിൽക്കൂടെയാണ്. അങ്ങനെ കമ്മ്യൂണിസം തൊഴിലാളിയേയും, സാധാരണക്കാരനേയും, അഭ്യസ്തവിദ്യരേയും പിടികൂടാൻ തുടങ്ങുന്നു.

ഇന്നു തിരുകൊച്ചിയിലുള്ള ഒരു നല്ല വിഭാഗം യുവാക്കന്മാർ കമ്മ്യൂണിസത്തെയും, റഷ്യയേയും കുറച്ചെങ്കിലും ആത്മനാ സ്നേഹിക്കുന്നില്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതിൽ പ്രത്യേകിച്ച് സർവ്വകലാശാലാ വിദ്യാർത്ഥികൾ. അതുകൊണ്ടുതന്നെയല്ലേ കോളേജുകളിലും മററും അനാവശ്യമായ സ്ട്രൈക്കുകളും, അച്ചടക്കരാഹിത്യവും കണ്ടുവരുന്നത്. ഈ വിദ്യാർത്ഥികളാണ് പിന്നീട് ഗവമ്മെൻറ് സർവ്വീസിലോ പ്രൈവററ് സർവ്വീസിലോ പ്രവേശിക്കുന്നത്. എന്നാൽ അവരുടെ മനസ്സിൽ കടന്നുകൂടിയ അബദ്ധസിദ്ധാന്തങ്ങൾ അത്രവേഗം മാഞ്ഞുപോവുക സാദ്ധ്യമല്ല. സൗകര്യം കിട്ടുമ്പോൾ അധികാരികളുടെ ദൃഷ്ടിയിൽ പെടാതെ അവരുടെ മനസ്സിൽ ഉറഞ്ഞിട്ടുള്ള ഈ വിഷബീജം പുറത്തേക്ക് ചാടാതിരിക്കയില്ല. ഇന്നത്തെ ഗവർമ്മെൻറ് സർവ്വീസിൽ ഇത്തരത്തിലുള്ളവർ കുറെയേറെ കടന്നുകൂടിയിട്ടുണ്ടെന്നു പറയാൻ മതിയായ കാരണങ്ങളുണ്ട്. ഇവർ ഒരുകാലത്തും ഇന്നത്തെ ഗവർമ്മെൻറിനെ അനുകൂലിക്കയില്ല. മാത്രമല്ല ഒരു കമ്മ്യൂണിസ്റ്റു ഭരണവ്യവസ്ഥിതിക്കുവേണ്ടി അവരുടെ സർവ്വകഴിവുകളും പ്രയോഗിക്കുമെന്നുള്ളതിൽ പക്ഷാന്തരവുമില്ല. ചൈനായിൽത്തന്നെ ഇത്തരം കക്ഷിമാററം ധാരാളം സംഭവിച്ചിട്ടുണ്ട്. നിലവിലിരിക്കുന്ന ഗവർമ്മെൻറ് ഇക്കാര്യത്തിൽ വളരെ സൂക്ഷ്മതയോടെ പെരുമാറേണ്ടിയിരിക്കുന്നു. ഒരു കമ്മ്യൂണിസ്റ്റു ഭരണം ഇവിടെ വരുമ്പോൾ മാത്രമേ ഇവർ ആരെല്ലാമെന്നു വ്യക്തമായി പറയാൻ സാദ്ധ്യമാകയുള്ളു. അന്നിവിടത്തെ പബ്ലിക്ക് സർവ്വീസിലും ഇതര പ്രൈവററുസ്ഥാപനങ്ങളിലും ഒരു വലിയ വിഭാഗം ഇടതുപക്ഷത്തേക്ക് ചാഞ്ഞുനില്ക്കുന്നതായി കണ്ടെന്നുവന്നേക്കാം.

എന്റെ ഈ നിഗമനത്തിനു മതിയായ കാരണങ്ങൾ ഉണ്ടെന്നു ഞാൻ മുമ്പു പറഞ്ഞല്ലോ. അതായത് ഞാൻ പഠിക്കാനിടയായത് കമ്മ്യൂണിസ്റ്റുകാർക്കു പ്രാബല്യമുള്ള ഒരു കോളേജിലാണ്. എന്റെ സതീർത്ഥ്യരെന്നല്ല വാദ്ധ്യാന്മാരിൽ ചിലരും. കോളേജിലുള്ള വിദ്യാർത്ഥികളിൽ ഒരു വലിയ പക്ഷവും മാർക്സിസ്റ്റ് തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്നവരും, വെറും ഭൗതികമാത്രവിശ്വാസികളും ആയിരുന്നു. അവരെന്റെ സ്നേഹിതരല്ലെന്നു ഞാൻ പറയുന്നില്ല. തിരുകൊച്ചിയിലുള്ള പല കോളേജുകളിലും വിദ്യാർത്ഥികളുടെ ഇന്നത്തെ മനസ്ഥിതി ഇത്തരത്തിലാണെന്നു പറഞ്ഞാൽ അതിൽ വലിയ അതിശയോക്തിയില്ല. അന്നെന്റെ സതീർത്ഥ്യരായിരുന്നവരിൽ പലരും ഇന്നു ഗവർമ്മെൻറിലും, ഇതരസ്ഥാപനങ്ങളിലും ഓരോ ഉദ്യോഗങ്ങളിൽ പ്രവേശിച്ചു കഴിഞ്ഞുകൂടുകയാണ്. എന്നാൽ കമ്മ്യൂണിസത്തെ മറക്കുകയും, അറിവുള്ള കാലംതൊട്ട് ഇൻഡ്യൻ നാഷണൽ കോൺഗ്രസിനെ ബഹുമാനിക്കയും, നാളിതുവരെ അതിനുവേണ്ടി ബുദ്ധിമുട്ടുകയും ചെയ്തിട്ടുള്ള എത്രയോ യുവാക്കന്മാർ തൊഴിൽരഹിതരായും, കഷ്ടപ്പെട്ടും കഴിഞ്ഞുകൂടുന്നു. അവർക്കുവേണ്ടി ശുപാർശയ്ക്കും, സഹായത്തിനോ ഒരുത്തനും മുന്നോട്ടുവരുന്നില്ല. റഷ്യ, ചൈന മുതലായ സഖാക്കളുടെ നാട്ടിലാകട്ടെ ഗവർമ്മെൻറിനെ മനസാവാചാകർമ്മണാ എതിർക്കുന്ന യാതൊരുവനും ഗവർമ്മെൻറിലോ പുറത്തോ യാതൊരു രക്ഷയും വഴിയില്ലായെന്നുള്ളത് അവർതന്നെ സമ്മതിക്കും. എന്നാൽ അതു ജനായത്തമല്ലാത്തതുകൊണ്ടായിരിക്കാം നമ്മുടെ ഗവർമ്മെൻറ് അങ്ങനെ ചെയ്യാത്തത്.

എന്താണിതിനുള്ള പരിഹാരം? സമയം അതിക്രമിച്ചിരിക്കുന്നുവെങ്കിലും, അതിനു പരിഹാരം നേടേണ്ടിയിരിക്കുന്നു. എന്തുകൊണ്ടാണിവർ കമ്മ്യൂണിസ്റ്റനുഭാവികളാകുന്നത് എന്നു ചിന്തിച്ചിട്ടുവേണം അതിനു തക്ക പരിഹാരം നേടാൻ.

കുട്ടിപ്രായംതൊട്ട് അവരെ ഈശ്വരചിന്തയിലും അച്ചടക്കത്തിലും പരിശീലിപ്പിക്കാത്തതാണ് ഇതിനു കാരണം എന്നു സൂക്ഷ്മപരിശോധനയിൽ മനസ്സിലാകും. കോളേജിലോ സ്കൂളിലോ ഒരുവൻ പോകുന്നത് മാതാപിതാക്കളുടെ ശിക്ഷണത്തിൻകീഴിൽ എത്രനാൾ കഴിച്ചതിനുശേഷമാണ്! ആ സമയംകൊണ്ട് അവരുടെ ഹൃദയത്തിൽ ഈശ്വരചിന്തയുടെയും സന്മാർഗ്ഗത്തിന്റെയും ബാലപാഠങ്ങൾ ഉറപ്പിക്കുവാൻ മാതാപിതാക്കൾ ശ്രമിക്കണം. അതിനുപകരം അവരെ ഭൗതികമാത്രങ്ങളായ കാര്യങ്ങളിലും, ലൗകികമായ വിഷയങ്ങളിലും മുഴുകുവാൻ അനുവദിച്ചാൽ ഫലം വളരെ ഭയനീയമായിരിക്കും. തങ്ങളുടെ കുട്ടികളുടെ സന്മാർഗ്ഗോപദേശത്തിനും മതപരിശീലനത്തിനും സൗകര്യം കുറയുന്ന മാതാപിതാക്കന്മാർ അതിനുതകുന്ന എവിടെയെങ്കിലും അയച്ച് അവരെ ഭാവിയിൽ ഉത്തമപൗരന്മാരാക്കുന്നതിനുവേണ്ട ഏർപ്പാടു ചെയ്യുകയാണുവേണ്ടത്. അഴിച്ചുവിട്ട കാളയെപ്പോലെ സ്വാതന്ത്ര്യമായിവിട്ടു, പാകതയെത്താത്ത ചെറുപ്രായത്തിൽ എന്തും ചെയ്യാൻ അവരെ അനുവദിക്കയും, അസന്മാർഗ്ഗികപുസ്തകങ്ങൾ വായിക്കുന്നതിനും ദുഷിച്ച സിനിമാമുതലായ വിനോദങ്ങളിൽ സമയം ചിലവിടുന്നതിനും അവരെ അനിയന്ത്രിതരായി വിടുകയും ചെയ്താൽ അവർ ഭാവിയിൽ ഭൗതികമാത്രസിദ്ധാന്തമായ കമ്മ്യൂണിസത്തിലേക്കു വഴുതിവീഴുമെന്നതിൽ തെല്ലും അതിശയിക്കാനില്ല. ജാതീയതയാകട്ടെ മതമേതാകട്ടെ തരക്കേടില്ല. എവിടെ സന്മാർഗ്ഗനിഷ്ഠയുണ്ടോ അവിടെ ഭൗതികവാദമനസ്ഥിതി കുറഞ്ഞിരിക്കും.

എന്റെ സതീർത്ഥ്യരെന്നു മുൻപറഞ്ഞവരിൽ പലരും മതമെന്താണെന്നോ, ഈശ്വരൻ ആരാണെന്നോ ഒരറിവുമില്ലാത്തവരായിരുന്നു എന്നു അവരോടുള്ള സംസർഗ്ഗത്തിൽ എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. കാരണം അവരങ്ങനെയായത് ചെറുപ്പംമുതൽക്കേ തഴങ്ങിയതു്. അതവരുടെ കുററമല്ല; അവർക്കു ലഭിച്ച ശിക്ഷണത്തിന്റെ പോരായ്മയാണ്. യഥാർത്ഥത്തിൽ കമ്മ്യൂണിസം ഉടലെടുക്കുന്നത് പട്ടിണിയിൽനിന്നല്ല, പ്രാകൃത മതവിശ്വാസരാഹിത്യത്തിൽനിന്നും അസന്മാർഗ്ഗികത്വത്തിൽ നിന്നും, ഭൗതികവാദത്തിൽനിന്നുമാണെന്നു പറയുന്നതിൽ പക്ഷാന്തരമില്ല. അതുകൊണ്ട് അതിനുള്ള പരിഹാരമാർഗ്ഗം ബാല്യകാലംതൊട്ട് ശരിയായ മതശിക്ഷണം നൽകുകയും കോളേജുകളിലും മററു വിദ്യാലയങ്ങളിലും സന്മാർഗ്ഗതത്വപഠന (Moral Study) ക്ലാസ്സുകൾ നിർബന്ധിതമാക്കുകയുമാണ്. അങ്ങനെ ചെയ്താൽ മുൻപറഞ്ഞ വിപത്തുകൾക്കു പ്രതിവിധിയാകാതിരിക്കയില്ല.

---

ത്തിലെ ഏററവും ഉയരംകൂടിയ ഭൂവിഭാഗമാണ്. 29002 അടിയാണ് അതിന്റെ ഉയരം. അതിന്റെ മുകളിൽ ഒന്നു കയറിനില്ക്കുവാൻ അനേകം ധീരന്മാർ അനേകം കാലത്തേക്കു ശ്രമിച്ചു. പലരും അവരുടെ പരിശ്രമങ്ങൾക്കിടയിൽ അന്തരിച്ചുപോയിട്ടുണ്ട്. ഒടുവിൽ അതിന്റെ മുകളിൽ ചെന്നെത്തുവാനുള്ള ഭാഗ്യംകിട്ടിയത് ഹില്ലറിക്കും ടെൻസിംഗിനും. അവിശ്വാസിയായ ഹില്ലറി ഒരു കത്തോലിക്കാവൈദികനെപ്രതി ഒരു കുരിശ് എവറസ്റ്റിന്റെ മുകളിൽ കുഴിച്ചിട്ടുണ്ട്. ടെൻസിംഗിനു കിട്ടിയിട്ടുണ്ട് ഒരു പ്രശസ്തി. ഒരു മലകയററക്കാരനാണെന്ന്. ലോകത്തിന് അതുകൊണ്ടൊരു പുതിയ നേട്ടമുണ്ടായി എന്നു പറഞ്ഞുകൂടാ. അററാററ് കൊടുമുടിയുടെ മുകളിൽ കയറുന്നവൻ 16945 അടി ഉയരത്തിൽ കയറിയാൽമതി. അയാളുടെ ഗവേഷണം ഫലപ്പെടുന്നുവെങ്കിൽ ലോകത്തിലെ ഏററം വലിയ ഒരു ചരിത്രം വെളിച്ചത്തുവരും. അത് ഒരു വലിയ വിപ്ലവത്തിന്റെ അടിസ്ഥാനമായിരിക്കയും ചെയ്യും. ആ വിപ്ലവം ദൈവം ഈ നൂററാണ്ടിലേക്കായി നീക്കിവച്ചിരിക്കയായിരിക്കുമോ!

With apologies to Raymona Schuessler

---

ആദ്ധ്യാത്മികവീഥി (14)

# ദൈവഹിതം പ്രമാണങ്ങൾ

ദൈവത്തിന്റെ വത്സലമക്കളേ,

നമ്മുടെ പുണ്യപൂർണ്ണത അടങ്ങിയിരിക്കുന്നതു ദൈവസ്നേഹത്തിലാണെന്നും ദൈവത്തെ സ്നേഹിക്കുക എന്നു പറയുന്നതു ദൈവഹിതം നിറവേററുകയെന്നതാണെന്നും നാം കണ്ടുകഴിഞ്ഞു. ഇനി ദൈവഹിതം അറിയുന്നത് എങ്ങനെയാണെന്നു നോക്കാം.

നാം എന്തൊക്കെ ചെയ്യണം എന്തൊക്കെ ചെയ്യരുത് എന്നു വേദപ്രമാണങ്ങളും തിരുസഭയുടെ കല്പനകളും നമ്മുടെ മതാദ്ധ്യക്ഷന്മാരുടെ നിർദ്ദേശങ്ങളും നമ്മെ ഉൽബോധിപ്പിക്കുന്നുണ്ട്. എന്നാൽ വേദപ്രമാണങ്ങൾ പത്തും തിരുസഭയുടെ കല്പനകൾ അഞ്ചും മനഃപാഠമാക്കിയതുകൊണ്ടുമാത്രം ദൈവഹിതമറിയാൻ സാധിച്ചെന്നുവരികയില്ല. ഓരോ പ്രമാണവും വളരെ കാര്യങ്ങളെ ഉൾക്കൊള്ളിക്കുന്നുണ്ടാവും.

ഉദാഹരണമായി "കൊല്ലരുത്" എന്ന അഞ്ചാംപ്രമാണം ന്യായമായ ശരീരസംരക്ഷണം ചെയ്യണമെന്നു കല്പിക്കുന്നു. കൊലപാതകം മാത്രമല്ല ദേഹോപദ്രവവും ഇടർച്ചമൂലമുള്ള ആദ്ധ്യാത്മികവധവും വിലക്കുകയും ചെയ്യുന്നു. ഈ ഓരോ വിഭാഗത്തെക്കുറിച്ചും പലതും വിസ്തരിച്ചുപറയാനുണ്ട്.

ദൈവഹിതം നന്നായി അറിയാനാഗ്രഹിക്കുന്നവൻ അവയെല്ലാം പഠിച്ചേതീരൂ. അതുകൊണ്ടാണ് കുട്ടികളെ വേദപാഠം പഠിപ്പിക്കുന്ന കാര്യത്തിൽ തിരുസഭ ഇത്രയധികം നിഷ്കർഷിക്കുന്നതു. എന്നാൽ ചെറുപ്പത്തിൽത്തന്നെ എല്ലാകാര്യങ്ങളും പറഞ്ഞുകൊടുക്കുന്നതു വിഹിതമായിരിക്കയില്ല. പറഞ്ഞുകൊടുത്താൽ തന്നെയും വേണ്ടപോലെ ഗ്രഹിക്കുന്നതിനു കുട്ടികൾക്കു സാധിച്ചെന്നും വരികയില്ല. അതിനാൽ പുരുഷപ്രാപ്തിവന്നതിനുശേഷവും ദൈവപ്രമാണങ്ങളേയും തിരുസഭയുടെ കല്പനകളേയും കൂടുതൽ പൂർണ്ണമായി പഠിക്കേണ്ടതാണ്. കൂടാതെ ആധുനികപ്രശ്നങ്ങളെ സംബന്ധിച്ച് കത്തോലിക്കർ എന്തു നിലയാണു സ്വീകരിക്കേണ്ടതെന്നുള്ള മാർപ്പാപ്പായുടെ നിർദ്ദേശങ്ങളും മനസ്സിലാക്കി പ്രവർത്തിക്കേണ്ടതുണ്ട്.

പ്രസ്തുതപഠനം നല്ല പുസ്തകങ്ങളോ മതപരമായ പത്രമാസികകളോ വായിച്ചു നടത്താവുന്നതും സൗകര്യമുള്ളവർ അങ്ങനെ നടത്തേണ്ടതുമാണ്. എന്നാൽ പലർക്കും അതിനു സമയമോ സൗകര്യമോ കിട്ടിയെന്നു വരികയില്ല. ആ ന്യൂനത പരിഹരിക്കുന്നതിനായിട്ടാണ് എല്ലാ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും പള്ളിയിൽ പ്രസംഗം പറയണമെന്നു വൈദികരോട് തിരുസഭ വളരെ കർശനമായി കല്പിച്ചിരിക്കുന്നത്. വൈദികർക്ക് പള്ളിയിൽ പ്രസംഗം പറയുവാൻ ഗൗരവമായ കടമയുണ്ടെങ്കിൽ നിശ്ചയമായും അതു കേൾക്കുന്നതിന് വിശ്വാസികൾക്കും അതുപോലെതന്നെയുള്ള കടമയുണ്ട്.

എന്നാൽ നിർഭാഗ്യവശാൽ അക്കാര്യത്തെക്കുറിച്ചു പലരും ഗൗരവമായി ചിന്തിക്കുന്നില്ല. ഞായറാഴ്ച കുർബാനകാണണമെന്നല്ലാതെ പ്രസംഗം കേൾക്കണമെന്നു കല്പനയില്ലല്ലോ എന്നാണ് ചിലർ വാദിക്കുന്നത്. ആ വാദം എത്ര നിരർത്ഥകമാണെന്ന് അടുത്ത എഴുത്തിൽ കാണിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

എന്നു

സ്വന്തം ആത്മപിതാവ്

---

Book Review

## Youth in Action

(A small booklet by Father Ted, SS. P., Pages 64, Price As 6, Society of St. Paul, 28-B Chatham Lines, Allahabad 2, U. P.)

This is a thrilling book and as the subtitle indicates it contains fifty true stories from the war fronts of the second world war. The author has a lively style and has been in the war front and so there is a realism which is only surpassed by the thrilling situations which the author describes. Youths between 21 and 25 going to the war front after receiving absolution and receiving Holy Communion and dying in the warfield, soldiers and officers falling dead into the hands of the author evincing heroic faith are fascinating reading. Letters of young men from the war fronts and prisons a few hours before their death are reproduced in the original and they have a thrill which is better read and experienced than described. The heroic deeds of these young men are the fruit of living faith and Father Ted has done well to immortalise them by this brochure.

## A Catholic believes

(A small pamphlet by Rev. Fr. I. A. Extross, Pages 32. Price 4as, Society of St. Paul, 28-B Chatham lines, Allahabad 2, U. P.)

In this small booklet, the author presents the doctrines of the Catholic Church in brief outlines. Printed in verse form, there is a special attraction for the booklet and so even those who know the whole Theology will be tempted to go through the whole at a stretch. The truths of our holy religion are presented in a non-controversial way. Fr. Extross's clarity of exposition is remarkable and he has taken pains to avoid highly theological language. About Sanctifying grace he writes thus:

Sanctifying grace
is a Gift.
It is our "ticket to
Heaven"
it is more
it is a share in
the very life of God,
"We are reborn of God"
It is
the seed of glory
a tiny beginning
—like the life of a new
born babe—
which must develop and
mature,
and blossom and fructify,
till it reaches its
perfection and fulfilment
in Heaven
"Your life is hid with God"

The author calls Original Sin the graceless state of our nature which I hope does not involve the denial of real guilt.

The whole booklet is interesting reading and is very good for the instruction of non-Catholics as an advertisement of the book truly claims.

(Fr. Thomas Mootheden)

(2-ാംപേജു് തുടർച്ച)

രീക്ഷം മത്സരം. ഈ ഇടതുപക്ഷങ്ങളുടെ ചുവടും പ്രചോദനകേന്ദ്രവും മേധാവിയും കമ്മ്യൂണിസ്റ്റ് പാർട്ടിയാണു്. സകല പ്രജാധിപത്യതത്വങ്ങളേയും തകർത്തുകൊണ്ടു് ഈ രാജ്യത്തെ വൈദേശീക സ്വേഛാധിപത്യത്തിനു് അടിയറവയ്ക്കുകയാണു് തങ്ങളുടെ പരിപാടിയും ലക്ഷ്യവുമെന്നു് അവർ വ്യക്തമാക്കിക്കഴിഞ്ഞിട്ടുള്ളതാണു്. പ്രജാധിപത്യത്തെ തച്ചുടയ്ക്കുവാനാണു് അവർ പ്രജാധിപത്യത്തിൻെറ മൂലക്കല്ലായ ബാലറ്റുപെട്ടിയെ ആലംബമാക്കുന്നതു്. അതേപ്പററി യാതൊരു സന്ദേഹത്തിനും വകയില്ല. അവക്കു് അധികാരം കിട്ടിയാൽ വ്യക്തിസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും നാം അതിപാവനമായിക്കരുതുന്ന മറെറല്ലാ മൂല്യങ്ങളും അവതാളത്തിലായതുതന്നെ. തങ്ങളുടെ ദുഷിച്ച ലക്ഷ്യങ്ങൾക്കു് വിലങ്ങുതടിയായിരിക്കുന്നതു് കോൺഗ്രസ് പാർട്ടിയാണെന്നവക്കറിയാം. മററു ചില്ലാ പാർട്ടികളുടെ പിന്തുണയോടുകൂടി കോൺഗ്രസ്സുപാർട്ടിയെ അടിച്ചുവീഴ്ത്തിയാൽ ചില്ലറ പാർട്ടികളെ നാമാവശേഷമാക്കുവാൻ തങ്ങൾക്കു നിഷ്പ്രയാസം സാധിക്കുമെന്നു കമ്മ്യൂണിസ്റ്റുകാർ മനസ്സിലാക്കിയിട്ടുണ്ടു്. അതുകൊണ്ടാണു് അത്തരം പാർട്ടികളുടെ ഏതു വാദവും സ്വീകരിച്ചുകൊണ്ടു അവരുടെ സഖിത്വം കമ്മ്യൂണിസ്റ്റ് പാർട്ടി സമ്പാദിച്ചിരിക്കുന്നതു്. കോൺഗ്രസ് സ്ഥാനാർത്ഥി ലിസ്റ്റിനേയോ കോൺഗ്രസ് നേതൃത്വത്തിൻെറ നയത്തേയോ ചൊല്ലി വിഘടിച്ചു നില്ക്കുന്നതു ആത്മഹത്യാപരമായിരിക്കുമെന്നു് നാം അനുസ്മരിക്കണം. ആകയാൽ ഈ തിരഞ്ഞെടുപ്പിൽ എല്ലാ മണ്ഡലങ്ങളിലും കോൺഗ്രസ്സിനെ ജയിപ്പിക്കുവാൻ, ഞങ്ങൾ മുകളിൽ പ്പറഞ്ഞ ആദർശമൂല്യങ്ങളിൽ വിശ്വസിക്കുന്നവർ ഒററക്കെട്ടായി നിന്നു യത്നിക്കേണ്ടതാണെന്നു ശക്തിപൂർവ്വം ഉദ്ബോധിപ്പിക്കുന്നു.

## സത്യനാദം

സത്യനാദവും കോൺഗ്രസ്സിനു വോട്ടുചെയ്യണമെന്നാണു് അതിൻെറ മുഖപ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചിട്ടുള്ളതു്:-

കോൺഗ്രസ്സ് സ്ഥാനാർത്ഥികളുടേയും ഐക്യമുന്നണിസ്ഥാനാർത്ഥികളുടേയും ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ആസന്നമായ തിരഞ്ഞെടുപ്പിൽ ഈ കക്ഷികൾ തമ്മിലായിരിക്കും പ്രധാനമായി തിരഞ്ഞെടുപ്പുമത്സരം നടക്കുന്നതു്. നമ്മുടെ രാജ്യത്തിൻെറ താല്പര്യങ്ങൾക്കു് കടകവിരുദ്ധമായി പ്രവർത്തിക്കുന്നവർ ഈ രാജ്യത്തിൽ അധികാരം പിടിച്ചുപററുവാൻ ജാഗ്രതയായി പ്രവർത്തിക്കുകയാണു്. ഒരു വിദേശശക്തിയുടെ പിണിയാളുകളായി ഈ രാജ്യത്തിൻെറ സ്വാതന്ത്ര്യത്തെ അപകടപ്പെടുത്തുവാൻ അനവരതം യത്നിച്ചുകൊണ്ടിരിക്കുന്നവരുടെ ചേരിയിൽ ഈ രാജ്യനിവാസികളിൽ ന്യൂനപക്ഷം മാത്രമേ ഉൾപ്പെടുന്നുള്ളു എന്നതു് ആശ്വാസപ്രദംതന്നെ. എങ്കിലും സ്വദേശസ്നേഹികളായ പൗരന്മാർ സമ്മതിദാനം വിനിയോഗിക്കേണ്ട കാര്യത്തിൽ ശ്രദ്ധപതിപ്പിച്ചില്ലെങ്കിൽ രാജ്യശത്രുക്കൾ അധികാരത്തിൽ കടന്നുകൂടുവാനിടയുണ്ടെന്ന കാര്യം വിസ്മരിക്കരുതു്. രാജ്യത്തിൽ അരാജകത്വം സൃഷ്ടിച്ചു് സർവ്വവിധ പുരോഗതികൾക്കും വിലങ്ങുതടിയായി വർത്തിക്കുന്ന ഇന്നാട്ടിലെ ഇടതുപക്ഷവിഭാഗങ്ങളിൽനിന്നു രാജ്യത്തെ രക്ഷിച്ചു് രാഷ്ട്രപി

താവു് മുണ്ടിക്കാണിച്ചു വിപ്ലവരഹിതമായ മാർഗ്ഗത്തിലൂടെ സമ്പൽസമൃദ്ധിയിലേക്കും സാമൂഹ്യക്ഷേമത്തിലേക്കും ആനയിക്കുന്നതിനു് വിശ്വവിശ്രുതന്മാരായ നേതാക്കന്മാർ ഇന്നു ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. അവരെ സഹായിക്കുന്നതിനു് ഈ രാജ്യത്തിലെ ഓരോ പൗരനും കർത്തവ്യമുണ്ടു്. ആ കർത്തവ്യം നിർവ്വഹിക്കുവാൻ ദേശാഭിമാനികളായ ഇന്നാട്ടിലെ ജനങ്ങൾ മുന്നോട്ടുവരുമെന്നു് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

## ദീപിക

ദീപികയും ഈ വിഷയത്തെപ്പററി പല മുഖപ്രസംഗങ്ങളും എഴുതിയിട്ടുണ്ടു്. അവയിൽനിന്നു ചില ഭാഗം ഉദ്ധരിക്കാം:-

ക്രിസ്ത്യാനികളായ പാശ്ചാത്യരാഷ്ട്രങ്ങളെപ്പററിയുള്ള സംശയങ്ങളും അസൂയകളും ഇൻഡ്യയിലെ ഹിന്ദുക്കൾക്കു് തീരെ വിട്ടുമാറുവാൻ കാലമായിട്ടില്ല. വിദേശ്യക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങളെ സംശയദൃഷ്ടി



ബ. സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ എൻെറ സുഖക്കേടു് ഭേദമായതിനു് ഉപകാരസ്മരണ.

തോമ്മസ് ജോസഫ്
കണ്ടത്തിപ്പറമ്പിൽ
മാക്കററു്, ചങ്ങനാശേരി

യോടുകൂടിയാണു് ഇപ്പോഴും ഇൻഡ്യാ വീക്ഷിക്കുന്നതു്. കത്തോലിക്കാസഭയേയും, അതിൻെറ ഘടനയേയും പ്രവർത്തനരീതിയേയുംപററി വേണ്ടത്ര ജ്ഞാനമില്ലാഞ്ഞിട്ടാണെന്നു് വയ്ക്കാമെങ്കിലും കേന്ദ്രത്തിലെ ആഭ്യന്തരകാര്യമന്ത്രി ഡോ. കഡ്ജു ചോദിച്ചതു് പോപ്പിൻെറ നേതൃത്വം ഉപേക്ഷിച്ചു് ഇൻഡ്യൻ കത്തോലിക്കർക്കു് ഒരു സ്വതന്ത്രക്രൈസ്തവസഭയായിട്ടു് നിൽക്കരുതോ എന്നത്രെ. അദ്ദേഹത്തിൻെറ മനസ്സിൻെറ അഗാധതയിൽ കിടക്കുന്ന ചിന്തകൾ ഇതിൽനിന്നു ഊഹ്യമാണല്ലോ. അതുകൊണ്ടുകൂടിയാണു് പറയുന്നതു് ഇൻഡ്യയിലെ ക്രിസ്ത്യാനികൾ രാഷ്ട്രീയകാര്യങ്ങളിൽ തെററിദ്ധാരണകൾക്കു ഇടംകൊടുക്കാതെ വർത്തിക്കണമെന്നു്.

രാഷ്ട്രീയമായ ഈ ദേശ്യ നയങ്ങൾക്കും. പുറമെ കോൺഗ്രസ് പാർട്ടിയെ പിൻതാങ്ങുവാൻ ഒരു മഹാ ധാർമ്മികന്യായം കത്തോലിക്കർക്കുണ്ടു്. തിരുക്കൊച്ചിയിൽ മുന്നേറിവന്നിരിക്കുന്ന കമ്മ്യൂണിസത്തെ എതിർക്കുന്ന രാഷ്ട്രീയപാർട്ടി അതുമാത്രമേ ഇപ്പോഴുള്ളു. തന്നിമിത്തം കോൺഗ്രസ് പാർട്ടിയെ പിൻതാങ്ങേണ്ടതു് കത്തോലിക്കരുടെ ഇന്നത്തെ മതപരവും ധാർമ്മികവുമായ ഒരു കർത്തവ്യമായിത്തീർന്നിരിക്കുന്നു.

ജാതിമതഭേദചിന്തക്കു് ഇവിടെ ഇപ്പോൾ സ്ഥാനമില്ല. നായർ ഭരിച്ചാലും, ക്രിസ്ത്യാനി ഭരിച്ചാലും, ഈഴവൻ ഭരിച്ചാലും തരക്കേടില്ല; ഭരണം കോൺഗ്രസ്സിൻേറതായിരിക്കണം. തിരുക്കൊച്ചിയിൽ കോൺഗ്രസ്സ് ഭരണം വന്നതിനുശേഷം രാജ്യക്ഷേമകരമായ അനവധി ഗുണങ്ങൾ നാടിനുണ്ടായിട്ടുണ്ടെന്നു് നിഷ്പക്ഷമതികൾ സമ്മതിക്കാതിരിക്കുമോ? ഇന്നത്തെ നമ്മുടെ കോൺഗ്രസ്സ് പാർട്ടിയും അതിനെ നയിക്കുന്ന നേതാക്കന്മാരുമാണു് അതെല്ലാം ചെയ്തതെന്നു് നാം വിസ്മരിക്കരുതു്. ആ നേതാക്കന്മാർ തന്നെയാണു് ഈ എലക്ഷനിലും നില്ക്കുന്നതു്. തന്നിമിത്തം കോൺഗ്രസ്സ് പാർട്ടിക്കു് വോട്ടുചെയ്തു് പ്രസ്തുത പാർട്ടിയുടേയും നേതാക്കന്മാരുടേയും കരങ്ങളിൽത്തന്നെ രാജ്യഭരണം ഏല്പിക്കുന്നതായിരിക്കും നാടിനു് രക്ഷ. "A known devil is better than an unknown devil"—അറിയാത്ത ചെകുത്താനെക്കാൾ നല്ലതു് അറിയുന്ന ചെകുത്താനാണെന്നു് ഇംഗ്ലീഷിൽ പറയാറുണ്ടു്. കോൺഗ്രസിനോടുള്ള കത്തോലിക്കരുടെ മനോഭാവം ഒന്നുകൊണ്ടു് മാത്രമാണല്ലോ കത്തോലിക്കർക്കു് വോട്ടുബലമുള്ള നിയോജകമണ്ഡലങ്ങൾ ലഭിച്ചാൽ തരക്കേടില്ലെന്നു് ഇതരമതസ്ഥരായ കോൺഗ്രസ് സ്ഥാനാർത്ഥികൾ ആഗ്രഹിക്കുന്നതു്. ഇതെല്ലാം ആക്കാം കാണാവുന്ന പച്ചപ്പരമാർത്ഥങ്ങളാണു്. തന്നിമിത്തം കത്തോലിക്കാസമുദായത്തോടു ഞങ്ങൾക്കുപദേശിക്കാവുന്നതു് രാജ്യത്തിൻെറ രക്ഷയും ക്ഷേമവും മാത്രം മുൻനിർത്തി നിസ്വാർത്ഥമായി സ്വീകരിച്ചുപോന്ന ആ നിലതന്നെ ഈ തെരഞ്ഞെടുപ്പിലും പാലിക്കണമെന്നു മാത്രമാകുന്നു.

* * *

കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേരിട്ടോ പരോക്ഷമായോ ഉള്ള നേതൃത്വത്തിൽ ഇടതുപക്ഷഭരണം തിരുകൊച്ചിയിൽ വരാതിരിക്കുവാൻ എന്തു അസൗകര്യങ്ങളും സഹിച്ചു് പരിശ്രമിക്കേണ്ടതു് കത്തോലിക്കരുടെ ഒഴിച്ചുകൂടാത്ത ചുമതലയാകുന്നു. ആ ഭരണം ഒഴിച്ചുവയ്ക്കുവാൻ അടുത്ത തിരഞ്ഞെടുപ്പിലുള്ള ഏകമാർഗ്ഗം കോൺഗ്രസ് പാർട്ടിക്കു് ഉറച്ച ഗവമ്മെൻറു് രൂപീകരിക്കുവാൻ ആവശ്യകമായ വോട്ടുകളെങ്കിലും ലഭിക്കുകയാണു്. ആകയാൽ മേലുദ്ധരിച്ച കത്തോലിക്കാപത്രങ്ങളുടെ അഭിപ്രായങ്ങൾ ശിരസാവഹിച്ചു് കത്തോലിക്കർ പ്രവർത്തിക്കേണ്ടതാണെന്നു് സ്പഷ്ടമാണല്ലോ.

# ബാലപാഠം

സംഭവബഹുലമായ ഒരു വർഷം കടന്നുപോയി—1953. ഇനി ഒരിക്കലും നമുക്കതു വീണ്ടും കിട്ടുകയില്ല. നഷ്ടപ്പെട്ട ധനം പ്രയത്നംകൊണ്ടും നഷ്ടപ്പെട്ട ജ്ഞാനം പഠനംകൊണ്ടും നികത്താൻ സാധിച്ചേക്കാം. എന്നാൽ നഷ്ടപ്പെട്ട സമയം തിരിച്ചുകിട്ടാൻ യാതൊരു മാർഗ്ഗവുമില്ല എന്ന കാര്യം കുഞ്ഞുങ്ങളോർമ്മിക്കുമല്ലോ.

1954 ആശാപൂർണ്ണമായി ഉദയന്നുദിച്ചുവന്നു കഴിഞ്ഞു. ഈ വർഷത്തിലെ ഓരോ ദിവസവും മണിക്കൂറുകളും നിമിഷങ്ങളും പ്രയോജനപ്രദമായ ജോലികളെക്കൊണ്ടു നിറയ്ക്കുവാൻ ശ്രദ്ധിക്കുക.

ഒരു കൊച്ചു ചെറുകഥ വായിച്ചുനോക്കൂ.

ഒരിടത്തു ഒരു വൃദ്ധനു് അരുമയായ ഒരാട്ടിൻകുട്ടിയും 3 പുത്രന്മാരും ഉണ്ടായിരുന്നു. വൃദ്ധൻ ആട്ടിൻകുട്ടിയെ അതിരററു സ്നേഹിച്ചു. വടിയുടെ സഹായമില്ലാതെ നടക്കാൻ വൃദ്ധനു വയ്യാ. എന്നാലും ആ വെളുത്ത ആട്ടിൻകുട്ടിയേയുംകൊണ്ടു് അയാൾ ഇളം പുല്ലും തളിർത്ത ഇലകളും അന്വേഷിച്ചു ബഹുദൂരം പോകും. ആട്ടിൻകുട്ടിയുടെ വയറുനിറയുന്നതുവരെ വൃദ്ധൻ അതിനെ തീററും. പളുങ്കുപോലെ ശുദ്ധമായ വെള്ളമേ ആടിനെ കുടിക്കാൻ അനുവദിച്ചിരുന്നുള്ളു. എന്നാലിത്രവളരെ തന്നെ സ്നേഹിച്ചുപോററിപ്പോന്നിരുന്നിട്ടും ആ ആട്ടിൻകുട്ടി വൃദ്ധനോടു് നന്ദിയോ സ്നേഹമോ കാണിച്ചിരുന്നില്ല. ആട്ടിൻകുട്ടി വളർന്നുതടിച്ചു കൊഴുത്തു. ഒരു നല്ല ആടായിത്തീർന്നു.

വൃദ്ധൻ ഒരു ദിവസം പെട്ടെന്നു് പനിപിടിച്ചു കിടപ്പായി. ആടിനെ തീററാൻകൊണ്ടുപോകുക അയാൾക്കു് സാദ്ധ്യമല്ലാതായി. വൃദ്ധൻ തൻെറ മൂത്തമകനെ

ബ. സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ എൻെറ ഭാര്യയുടെ വയററിൽവേദന മാറിയതിനും, ഞങ്ങളുടെ ഉദ്ദിഷ്ടകാര്യം സാധിച്ചതിനും ഉപകാരസ്മരണ. താമസിച്ചതു ക്ഷമിക്കണമെ.

ഔസേപ്പു വറീതു്
തോട്ടങ്കരവീടു്, ചേരാനല്ലൂർ

വിളിച്ചു് ആടിനെ നല്ല പുല്ലും വെള്ളവുമുള്ളിടത്തു കൊണ്ടുപോയി തീററിക്കൊണ്ടുവരാൻ പറഞ്ഞു. അയാൾ ആടിനേയുംകൊണ്ടു ദൂരത്തുള്ള മലഞ്ചെരുവിൽ പോയി. നല്ല ഇലകളും ശുദ്ധജലവുംകൊണ്ടു ആടിൻെറ വയർ നിറഞ്ഞു. "എന്താണെൻെറ ആടെ, നിനക്കു് തീററി സുഖമായോ" എന്നു് മൂത്തമകൻ ആടിനോടു ചോദിച്ചു. തനിക്കു് തീററി വളരെ സുഖമായെന്നു് ആടു മറുപടി പറഞ്ഞു.

വീട്ടിൽ ചെന്ന ആടിനോടു് പനിപിടിച്ചുകിടക്കുന്ന വൃദ്ധൻ തീററി സുഖമായോ എന്നു ചോദിച്ചു. "കല്ലും മുള്ളും നിറഞ്ഞ മരുഭൂമിയിലാണെന്നെ കൊണ്ടുപോയതു്. എനിക്കൊന്നും കഴിക്കാൻ കിട്ടിയില്ല" എന്നാണു് ആടു് വൃദ്ധനോടു പറഞ്ഞതു്. ഈ വിവരം കേട്ട വൃദ്ധനു് തൻെറ മകനോടു് കലശലായ ദേഷ്യംവന്നു. വൃദ്ധൻ മകനെ ആ വീട്ടിൽനിന്നാട്ടി ഓടിച്ചു. പിറേറന്നു് രണ്ടാമത്തെ മകനോടു് ആടിനെ തീററിക്കൊണ്ടു വരുവാൻ വൃദ്ധൻ ചട്ടംകെട്ടി. അയാളും ആടിനു് നല്ല പുല്ലും വെള്ളവും കൊടുത്തു് വൈകുന്നേരം വീട്ടിൽ കൊണ്ടുചെന്നു. വൃദ്ധൻ ആടിനോടു് ഭക്ഷണം സുഖമായോ എന്നു് അന്നും ചോദിച്ചു. "ഓ, മുള്ളും കല്ലും നിറഞ്ഞ മരുഭൂമിയിൽ നിന്നെനിക്കൊന്നും തിന്നാൻ കഴിഞ്ഞില്ല" എന്നു് നന്ദിയില്ലാത്ത ആ ആടു ഉത്തരം പറഞ്ഞു. വൃദ്ധൻ തൻെറ രണ്ടാമത്തെ മകനെയും ദേഷ്യപ്പെട്ടു വീട്ടിൽനിന്നും തള്ളി ഓടിച്ചു. അടുത്ത ദിവസം തൻെറ ഇളയമകനെ ആടിനെ തീററിക്കൊണ്ടുവരാൻ നിയോഗിച്ചു. അവൻ ആടിനെ ഏററവും നല്ല പുല്ലും വെള്ളവുമുള്ള സ്ഥലത്തുകൊണ്ടുപോയി നിരുത്തി തീററി.

"എനിക്കു് നല്ലവണ്ണം നിറഞ്ഞു" എന്നു് ആടു പറഞ്ഞപ്പോൾ വീട്ടിലേക്കുപോന്നു. വൃദ്ധൻ പതിവുപോലെ തീററി സുഖമായോ എന്നാടിനോടു ചോദിച്ചു. "ഓ, കല്ലും മുള്ളും നിറഞ്ഞ മരുഭൂമിയിലാണെന്നെക്കൊണ്ടുപോയതു്. ഞാനൊന്നും കഴിച്ചില്ല." നന്ദികേടുപറയാൻ മാത്രം നല്ലവണ്ണം പഠിച്ച ആടു് ഉത്തരം പറഞ്ഞു. ഇതു കേട്ടപ്പോൾ വൃദ്ധനു സംശയം തോന്നി. അയാൾ പിടഞ്ഞെഴുന്നേററു് "എടാ നന്ദികെട്ട ആടെ! നിന്നെ ഈ കള്ളം പറയുന്നതിനു് ഞാൻ കണക്കിനൊരു പാഠം പഠിപ്പിക്കുന്നുണ്ടു" എന്നട്ടഹസിച്ചുകൊണ്ടു് അടുത്തു കിടന്ന കുറുവടിക്കു് ഒററ അടി കൊടുത്തു. ആ ആടു് മറിഞ്ഞുവീണു് ചോര ഛർദ്ദിച്ചുകൊണ്ടു നിലവിളിച്ചു. അധികം താമസിയാതെ അതു ചത്തു.

കുഞ്ഞുങ്ങളേ! നിങ്ങൾ നന്ദിയില്ലാത്തവരും കള്ളം പറയുന്നവരുമായിത്തീരരുതെ! ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ നാമതിനു് ശിക്ഷിക്കപ്പെടും.

നിങ്ങളുടെ സ്വന്തം
കുഞ്ഞമ്മാവൻ



വൃദ്ധൻ പിടഞ്ഞെഴുന്നേററു് കുറുവടിക്കു് ആഞ്ഞൊരടി.

Just Received
WEDDING SAREES
WHITE HALL
The Silk Palace
DIRECT IMPORTERS
MATTANCHERRY Cochin
BROADWAY Ernakulam
Maximum Sarees Minimum Price is Our Motto

Reg. M. No. 2296

# Sathya Deepam

Vol. 27 Ernakulam January 27, 1954 No. 22

# വിവിധവൃത്താന്തങ്ങൾ

## കാർഡിനൽ വിഷിൻസ്കി എവിടെ?

വാർസോയിലെ കമ്മ്യൂണിസ്റ്റു റേഡിയോ ഒരുദിവസം അന്നത്തെ സായാഹ്നവാർത്തകൾ പ്രക്ഷേപണം ചെയ്യുകയായിരുന്നു. ഒരു അജ്ഞാതസ്വരം അതിനെ തടഞ്ഞുകൊണ്ടു് ഇടയ്ക്കുകയറി ചോദിച്ചു: "പോളണ്ടിന്റെ പ്രൈമേറ്റായ കാർഡിനൽ വിഷിൻസ്കി എവിടെയാണെന്നു് പറയുക." അജ്ഞാതസ്വരം തുടർന്നുപറഞ്ഞു: "ഞാൻ സ്വതന്ത്ര പോളണ്ടിനുവേണ്ടിയാണു് സംസാരിക്കുന്നതു്. 'വോയ്സ് ഓഫ് അമേരിക്ക'യുടെ സ്വരമാണിതു്." യാതൊരു മറുപടിയുമുണ്ടായില്ല. ഇടയ്ക്കുകയറിയുള്ള ഈ ചോദ്യം ബ്രിട്ടനിൽ വിശദമായി കേൾക്കാമായിരുന്നു.

## ടിറ്റോയുടെ കരങ്ങൾ വൈദികരുടെ മേൽ

ട്രിയെസ്റ്റിന്റെ ഏമേഖല ഇറ്റലിക്കു കൊടുക്കാൻ തീരുമാനമുണ്ടായതിനെത്തുടർന്നു് യൂഗോസ്ലാവുമേഖലയിലുള്ള ഇറ്റാലിയൻ വൈദികരെയെല്ലാം അവിടെനിന്നു തുരത്തുന്നതിലേക്കു് ടിറ്റോ ഒരു മർദ്ദനപരിപാടി ആരംഭിച്ചിരിക്കയാണു്. നാനാപ്രകാരത്തിൽ അവരെ അലട്ടിക്കൊണ്ടു് സ്വമേധയാ സ്ഥലംവിടാൻ ഇടയാകത്തക്ക നടപടികൾ ഒന്നാമതായിത്തുടങ്ങി. അനന്തരം ബലംപ്രയോഗിച്ചു് ബഹിഷ്കരിച്ചുവിടുന്നതിനുള്ള ഏർപ്പാടുകളും ആരംഭിച്ചിട്ടുണ്ടു്. ഇറ്റാലിയൻ ഭാഷയിൽ വേദപഠനം നടത്തിയതിനാണു് ഒരു വൈദികനെ അറസ്റ്റു ചെയ്തിരിക്കുന്നതു്. കപ്പോഡിസ്ട്രിയായിലെ അഡ്മിനിസ്ട്രേറ്ററായ മോൺ. ബ്രൂണിയെ നാടുകടത്തിക്കഴിഞ്ഞു. മുമ്പിലത്തെ ഒപ്രൂത്തമം നൽകാൻ അധികാരമുള്ളയാളായി അദ്ദേഹം മാത്രമേ ട്രിയെസ്റ്റിൽ ശേഷിച്ചിരുന്നുള്ളു.

## പോളണ്ടുകാർക്കു് മുന്നറിവുനൽകുന്നു

വിദേശത്തു പാർത്തുകൊണ്ടു് പോളണ്ടിന്റെ ഭരണം ഇപ്പോഴും നിർവ്വഹിച്ചുപോരുന്ന കമ്മിറ്റിയുടെ പ്രസിഡണ്ടാണു് ഏ. സലേസ്കി എന്ന ദേഹം. സ്ഥിരതയോടും എന്നാൽ പ്രശാന്തതയോടും തുടർന്നു പോരാടുന്നതിനുള്ള ഒരു മുന്നറിവു് അദ്ദേഹം സ്വജനങ്ങൾക്കു നൽകിയിരിക്കുന്നു: "ഗൂഢിയമായ മർദ്ദനങ്ങൾ കമ്മ്യൂണിസ്റ്റുകാർ നമ്മുടെ സഭയുടെനേർക്കു് അഴിച്ചുവിടുന്നതു നമ്മെ അക്രമങ്ങൾക്കു പ്രേരിപ്പിച്ചുകൊണ്ടു്, അക്കാരണം പറഞ്ഞു സഭയെ ഉന്മൂലനാശം ചെയ്യുന്നതിനു വേണ്ടിയാണു്. ഈ പ്ലാൻ നാം മനസ്സിലാക്കിയിരിക്കണം. അതിനാൽ നിരാശാഭരിതരായി അക്രമനടപടികളിലേക്കു് കടക്കാതെ പ്രശാന്തരായി വർത്തിക്കണമെന്നു നിങ്ങളോടു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു."

## ഗ്രിഗോറിയൻ യൂണിവേഴ്സിറ്റി

ഈയിടെ നാലാംശതവാർഷികം കൊണ്ടാടിയ റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റി അനന്യസാധാരണമായ വിശുദ്ധിയുടെയും വിജ്ഞാനത്തിന്റെയും ഒരു കേന്ദ്രമാണെന്നു പറയാം. 6 വിശുദ്ധന്മാരും, 30 അനുഗൃഹീതന്മാരും, 13 മാർപ്പാപ്പാമാരും, നിരവധി കർദ്ദിനാളന്മാരും മെത്രാന്മാരും അതിൽനിന്നു പുറപ്പെട്ടിട്ടുണ്ടു്. വി. ഇഗ്നേഷ്യസ് ലയോളായും വി. ഫ്രാൻസിസ് ബോർജിയായുമാണു് അതിന്റെ സ്ഥാപനകർത്താക്കൾ. 16-ാം നൂറ്റാണ്ടിലെ മതവിപ്ലവത്തോടുള്ള ഒരു പ്രതിരോധകേന്ദ്രമായിട്ടാണു് അവർ ഇതിനെ സജ്ജമാക്കിയതു്. ആദ്യം റോമൻ കോളെജ് എന്ന പേരിൽ അറിയപ്പെട്ടു. അനന്തരം 13-ാം ഗ്രിഗോരിയോസ് മാർപ്പാപ്പായുടെ സ്മാരകാർത്ഥം ഗ്രിഗോരിയൻ യൂണിവേഴ്സിറ്റി എന്നു വിളിക്കപ്പെടുകയാണുണ്ടായതു്.

## വേറൊരു വേദസാക്ഷി

ഫാദർ ആൻറണി വോങ്ങു് എസ്. ജെ. എന്ന ചൈനീസ് പുരോഹിതൻ കമ്മ്യൂണിസ്റ്റു മർദ്ദനത്താൽ നിര്യാതനായിരിക്കുന്നു. അദ്ദേഹം ആത്മഹത്യ ചെയ്തുകളഞ്ഞു എന്നാണു് ഷാംഗേ പോലീസ് റിപ്പോർട്ടുചെയ്തിരിക്കുന്നതു്! എന്നാൽ ഹോങ്കോങ്ങിൽനിന്നുള്ള അറിയിപ്പിൽ കാണുന്നതു ഫാദർ വോങ്ങു് ഭീകരമായ മർദ്ദനത്തിനു് അടിപ്പെട്ടുപോയി എന്നാണു്. തുടർച്ചയായി നൂറുമണിക്കൂറോളം നേരം അദ്ദേഹം വിസ്തരിക്കപ്പെട്ടു. മരണത്തിന്റെ തലേദിവസംപോലും 20 മണിക്കൂറുനേരത്തെ വിചാരണയുണ്ടായി. സ്വതന്ത്രസഭാപ്രസ്ഥാനത്തെ എതിർത്തു എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ കുറ്റം. പോലീസു് നിരോധനത്തെയും അവഗണിച്ചു് അയ്യായിരത്തോളം ജനങ്ങൾ അദ്ദേഹത്തിന്റെ സംസ്കാരത്തിൽ പങ്കെടുത്തു.

## മരിയൻവത്സര പ്രതിജ്ഞ

അമേരിക്കയിലെ സുപ്രസിദ്ധ നടനായ മി. ബോബ് ഹോപ്പ് എന്ന ദേഹത്തിന്റെ ഭാര്യ വ്യാകുലമാതാവിന്റെ ഒരു തീർത്ഥസ്ഥാനം സന്ദർശിക്കയിൽ അവിടത്തെ വികാരിയച്ചനോടു പറഞ്ഞു: മയ്യതീർത്ഥസന്ദർശനപരിപാടി ഞാൻ ഇവിടെ ആരംഭിക്കയാണു്. ഈ മരിയൻവത്സരത്തിനുള്ളിൽ ദൈവജനനിയുടെ പ്രസിദ്ധ തീർത്ഥസ്ഥാനങ്ങളെല്ലാം സന്ദർശിക്കുന്നതിനു് ഞാൻ ഒരു പ്രതിജ്ഞ ചെയ്തിട്ടുണ്ടു്. ലോകസമാധാനത്തിനുവേണ്ടിയും എന്റെ കുടുംബത്തിനുവേണ്ടിയും അവിടെയെല്ലാം ഞാൻ അമ്മയോടു് പ്രാർത്ഥിക്കും. അമേരിക്കയിലും കാനഡായിലും മാത്രമല്ല, മേരിമേജർ, ലൂർദ്ദ്, ഫാത്തിമാ മുതലായ യൂറോപ്യൻ തീർത്ഥങ്ങളിലും ഞാൻ സന്ദർശിക്കുന്നതാണു്.

## ബ്രഹ്മാണ്ഡമായ ക്രിസ്തുരാജപ്രതിമ

തെക്കെ അമേരിക്കയിലെ കൊളംബിയാരാജ്യത്തു് അതിവിപുലമായ തോതിൽ ഒരു ക്രിസ്തുരാജപ്രതിമ പണികഴിച്ചിരിക്കുന്നു. ബലാൽ കംസർ എന്ന സ്ഥലത്താണു് പ്രതിമ സ്ഥാപിച്ചിരിക്കുന്നതു്. കൊളംബിയായിലെ അഞ്ചു പ്രോവിൻസുകളിലും അതു ദൃശ്യമാണു്. പ്രതിമസ്ഥലത്തു് നാലായിരം ആളുകൾക്കു് ഇരിക്കത്തക്ക സ്ഥലസൗകര്യമുണ്ടു്. മുപ്പതിനായിരം പവൻ ഇതിലേക്കു് ആകെ ചെലവായിട്ടുണ്ടു്. തിരുസ്വരൂപസന്നിധിയിലേക്കുള്ള റോഡിൽ മാർബിൾശിലാനിർമ്മിതമായ സ്ലീവാപ്പാത സ്ഥാപിച്ചിരിക്കുന്നു. പ്രതിമയുടെ അടിയിലായി ഒരു ചാപ്പലും, ചുറ്റിലും മനോഹരമായ ഒരുദ്യാനവുമുണ്ടു്.

## കത്തോലിക്കാ മഹതി റഷ്യൻസന്ദർശനത്തിനു്

റഷ്യയിലെ ഫസിസ്റ്റു് വിരുദ്ധ വനിതാസമിതിയുടെ ക്ഷണപ്രകാരം ലണ്ടനിൽനിന്നു് 15 സ്ത്രീകൾ റഷ്യ സന്ദർശിപ്പാൻ നിശ്ചയിച്ചിരിക്കുന്നു. അതിലൊന്നു് മിസ്സിസ് റോബർട്ടു് ബവർ എന്നൊരു കത്തോലിക്കാമഹതിയാണു്. ബ്രിട്ടനിലെ കത്തോലിക്കാ മാതൃസംഘത്തിന്റെ പ്രസിഡണ്ടും, കാത്തലിക്ക് സെൻട്രൽ ലൈബ്രറിയുടെ ചെയർമനുമായിരുന്നിട്ടുള്ള ഈ വനിതാമണി ബ്രിട്ടനിലെ കത്തോലിക്കാ പ്രവർത്തനരംഗത്തു് പേരെടുത്തുകഴിഞ്ഞിട്ടുണ്ടു്. അവർ പറഞ്ഞു: "കമ്മ്യൂണിസ്റ്റുകാരും ഉൾപ്പെടുന്ന ഈ ഡെലഗേഷനിൽ ഞാൻ പങ്കെടുക്കുന്നതു ഉദ്ദേശമില്ലാതെയല്ല. നേരിട്ടു് അവിടത്തെ സ്ഥിതിഗതികൾ കണ്ടറിവാൻ ഞാൻ ആഗ്രഹിക്കുന്നു. അവർക്കുവേണ്ടി വല്ലതും ചെയ്വാൻ സാധിച്ചെങ്കിൽ ഞാൻ കൃതാർത്ഥയായി."

## ബ്രിട്ടനും വത്തിക്കാനും

ബ്രിട്ടനിൽ ലഗാപ്പേസ്തോലിക്കായായിരുന്ന ആർച്ചുബിഷപ്പു് വില്യം ഗോഡ്ഫ്റേ തിരുമേനിയെ ലിവർപ്പൂൾ മെത്രാപ്പോലീത്തായായി നിയമിച്ചിരിക്കുന്നു. മതനവീകരണത്തിനുശേഷം ബ്രിട്ടനിലേക്കു് നിയമിക്കപ്പെട്ട ഒന്നാമത്തെ പേപ്പൽ പ്രതിനിധിയായി ഇദ്ദേഹം ജോലി കൈയേറ്റതു് 15 കൊല്ലം മുമ്പാണു്. അന്നു് പ്രോട്ടസ്റ്റൻറുകാരുടെ ഇടയിൽ വലിയ കോളിളക്കംതന്നെയുണ്ടായി. പാർലമെന്റിൽപ്പോലും പല ചോദ്യോത്തരങ്ങൾക്കു ഇടയായതാണു്. യുദ്ധകാലത്തു് ഇദ്ദേഹം വഴിയായി വത്തിക്കാൻ മുഖേന പല ആനുകൂല്യങ്ങൾ ബ്രിട്ടനു് ലഭിക്കയുണ്ടായി. എങ്കിലും ബ്രിട്ടനിൽ വത്തിക്കാന്റെ ഒരു രാഷ്ട്രീയസ്ഥാനപതിയെ നിയമിക്കാനുള്ള ആലോചനയുണ്ടായപ്പോഴെല്ലാം ശക്തിയായ എതിർപ്പു് അനുഭവപ്പെട്ടുകൊണ്ടിരുന്നു. രാഷ്ട്രപരമല്ലാത്ത പേപ്പൽ പ്രതിനിധിസ്ഥാനം ദലഗാദിനു ഒട്ടധികം അസൗകര്യങ്ങൾക്കും ഇടയാക്കിയിട്ടുണ്ടു്. എന്നാൽ ലണ്ടനിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന പോളിഷ് ഗവർമ്മെന്റിന്റെ വത്തിക്കാൻ നയതന്ത്രപ്രതിനിധിയായിട്ടുകൂടി അദ്ദേഹം നിയമിക്കപ്പെട്ടപ്പോൾ ഈവിധ അസൗകര്യങ്ങൾക്കു ഒട്ടൊക്കെ പരിഹാരമുണ്ടായി. ഒരു ഡിപ്ലൊമാറ്റിക്കു് പ്രതിനിധിയുടെ നിലയിൽ ബ്രിട്ടീഷ് ഗവർമ്മെന്റും അദ്ദേഹത്തെ പരിഗണിക്കേണ്ടതായിവന്നു. ഒന്നാംലോകയുദ്ധം മുതൽ ബ്രിട്ടന്റെ ഒരു പ്രതിനിധി വത്തിക്കാനിലുണ്ടു്. എങ്കിലും മുറയ്ക്കുള്ള എംബസിപദത്തിലേക്കു് അതിനെ ഉയർത്തിയിട്ടില്ല. പലരും അതഭിലഷിക്കുന്നുണ്ടു്. എങ്കിലും അമേരിക്കയിലെപ്പോലെ മതപരമായ സ്പർദ്ധനിമിത്തം ഇതേവരെ അതു സാധിതപ്രായമായിട്ടില്ലെന്നേയുള്ളു.

## ഐറിഷ് ഭടന്മാരുടെ മരിയൻവത്സരാരംഭം

അയർലണ്ടിലെ സമസ്തസേനാവ്യൂഹങ്ങളും സാഘോഷം മരിയൻ വത്സരത്തിന്റെ ഉൽഘാടനച്ചടങ്ങു് നിർവ്വഹിച്ചിരിക്കുന്നു. സൈനികസംഗീതവിദ്യാലയത്തിൽ നവമായി നിർമ്മിക്കപ്പെട്ട ഒരു മരിയാകീർത്തനം എല്ലാം സൈനികദേവാലയങ്ങളിലും പട്ടാളത്താവളങ്ങളിലും ആലപിക്കപ്പെട്ടു. അനന്തരം പരിശുദ്ധ പിതാവിനാൽ വിരചിതമായ മരിയൻ പ്രാർത്ഥന കൂട്ടമായി ചൊല്ലി. ഐറിഷ് സേനകളുടെ സ്വർഗ്ഗീയമദ്ധ്യസ്ഥ പരിശുദ്ധ ദൈവജനനിയാണെന്നുള്ളതും ഇത്തരുണത്തിൽ പ്രസ്താവ്യമായിട്ടുണ്ടു്.

## പാപത്തിനു് പരിഹാരം ചെയ്യുക

ഡബ്ലിൻ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് മരിയൻ വത്സരം സംബന്ധിച്ചു് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരിടയലേഖനമദ്ധ്യേ പറയുന്നതായതു്: "നമ്മുടെ രക്ഷകനായ മനുഷ്യാവതാരം ചെയ്ത ദൈവത്തിന്റെ മാതൃപദം സിദ്ധിച്ച ആ നാഥയുടെ പരിശുദ്ധതയെ കണ്ടുപഠിച്ചു് അനുകരിക്കുന്നതിലേക്കാണു് ദൈവപരിപാലനയാൽ ഈ മരിയവത്സരം പ്രധാനമായി നമുക്കു പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നതു്. അതുകൂടാതെ നമ്മുടെ നിരവധി പാപങ്ങൾക്കു് പരിഹാരം ചെയ്തുകൊണ്ടു് ദൈവാനുഗ്രഹം പ്രാപിക്കുന്നതിനും ഈ വത്സരം നാം വിനിയോഗിക്കണം.

## പട്ടാളോദ്യോഗസ്ഥനെ പെൺമക്കൾ കീഴടക്കി

ജപ്പാനിലെ പേരുകേട്ട സൈനികോദ്യോഗസ്ഥന്മാരിൽ ഒരാളായ വൈസ് അഡ്മിറൽ കാസുയോഷിയമാജി തന്റെ 84-ാമത്തെ വയസ്സിൽ ഈയിടെ കത്തോലിക്കാസഭയെ ആശ്ലേഷിച്ചിരിക്കുന്നു. 1905-ലെ റഷ്യാജപ്പാൻ യുദ്ധം മുതല്ക്കുതന്നെ അദ്ദേഹം ഒരു സൈനികമേധാവിയായിരുന്നു. ഇപ്പോഴത്തെ ജാപ്പ് ചക്രവർത്തിയുടെ പിതാവിന്റെ അംഗരക്ഷകനായി അദ്ദേഹം ജോലിനോക്കിയിട്ടുണ്ടു്. വിവാഹിതരായ അദ്ദേഹത്തിന്റെ നാലു പുത്രിമാരും കുടുംബാംഗങ്ങളും കത്തോലിക്കരാണു്. അഞ്ചാമത്തെ പുത്രി ഒരു കന്യകാമഠത്തിൽ പ്രവേശിച്ചു് വ്രതാനുഷ്ഠാനം ചെയ്തിട്ടു് കുറേക്കാലമായി. ഈ പെൺമക്കളുടെയെല്ലാം പ്രാർത്ഥനയും പ്രേരണയുംകൊണ്ടാണു് അദ്ദേഹം ഇപ്പോൾ ഒരു കത്തോലിക്കനായിത്തീരാൻ ഭാഗ്യം സിദ്ധിച്ചതെന്നു് വൃദ്ധൻ അഭിമാനിക്കുന്നു. "അവർ കുറേക്കൂടെ മുമ്പേ ഈ വിജയം നേടിയില്ലല്ലോ എന്നുള്ള മനസ്താപമേ ഇപ്പോൾ എനിക്കുള്ളു" എന്നാണു് അദ്ദേഹം പറയുന്നതു്.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

